സഹോദരി

പുസ്തകം ൩ | ൧൯൪൫-ജനുവരി | ലക്കം ൧

വിഷയവിവരം

1. ഞാനടങ്ങുകയില്ല.
റോമാ റോള്ളോ.
2. ആ അദ്ധ്യസ്തവിദ്യകളെവിടെ?
മിസസ്സ് സി, നാരായണപിള്ള.
3. പാവകളി (കവിത)
ടി. എൻ. ഗോപിനാഥൻനായർ ബി. ഏ.
4. ശപഥം (ചെറുകഥ)
പ്രഭ.
5. രാധയുടെ രഹസ്യം (കവിത)
കീഴ്ക്കുളം എൻ. രാമൻപിള്ള എം. ഏ.
6. ആളുകൊല്ലിസാഹിത്യം
കെ. കാർത്തികേയൻ എം. ഏ.
7. മേരിയും പീരിയും
കെ. പി. ശങ്കരമേനോൻ ബി. ഏ., ബി. എൽ.
8. ആദർശവാദം
പി. ദാമോദരൻപിള്ള ബി. ഏ.
9. കാമുകന്റെ കവിത (കവിത)
ഭ്രാന്തൻ.
10. പരബ്രഹ്മവും തീവണ്ടിയും
മൂർക്കോത്തു കുഞ്ഞപ്പ.
11. ഒരു രസകരമായ ഐതിഹ്യം
എൻ. കുമാരൻ ആശാൻ.
12. കുഴൽവിളി (കവിത)
ഇടയാറന്മുള കെ. എം. വറുഗീസ് ബി. ഏ., എൽ. ടി.
13. വഞ്ചന (ചെറുകഥ)
ജഗതി എൻ. കെ. ആചാരി.
14. കൃഷിക്കാരുടെ പാട്ട് (കവിത)
പി. കുഞ്ഞിരാമൻനായർ.
15. പുരോഗമനസാഹിത്യം
എം. മംഗലാരൻ.
16. വനസ്മരണകൾ
കെ. സി.
17. എഴുന്നേററാലും (കവിത)
ഇ. എ. കാർളോസ്.
18. യുദ്ധവും ഇന്ത്യയും
19. പുസ്തകാഭിപ്രായം.

ലേഖകന്മാർക്ക്

പ്രസിദ്ധീകരണത്തിനുള്ള ലേഖനങ്ങൾ അതാതുമാസം 15-ാംതീയതിക്കകം ഇവിടെ കിട്ടിയിരിക്കേണ്ടതാണ് പ്രസിദ്ധീകരണയോഗ്യമല്ലാത്ത ലേഖനങ്ങൾ മടക്കി അയയ്ക്കുന്നതല്ല.

പത്രാധിപർ, "സഹോദരി" കൊല്ലം.

വരിസംഖ്യ. (എപ്പോഴും മുൻകൂർ)

ആണ്ടേയ്ക്കു ഒന്നായി മുൻകൂർ		5	രൂപാ
തപാലിൽ	,,	6	രൂപാ
ഒരു പ്രതിക്ക്	,,	8	അണ

പരസ്യക്കൂലി

ഒരു പേജിന് 25 രൂപാ. അര പേജിന് 13 രൂപാ. കാൽ പേജിന് 7 രൂപാ

ലേഖനങ്ങൾ, മാററപ്പത്രങ്ങൾ മുതലായവ പത്രാധിപരുടെ പേർക്കും, മററെല്ലാ എഴുത്തുകുത്തുകളും മണിയാർഡറുകളും മാനേജരുടെ പേർക്കും അയയ്ക്കേണ്ടതാണ്.

മാനേജർ, "സഹോദരി" കൊല്ലം.

അറിയിപ്പ്

ശ്രീ: കെ. കാർത്തികേയൻ അവർകൾ എം. ഏ.-യെ "സഹോദരി"യുടെ പത്രാധിപരായി നിയമിച്ചിരിക്കുന്നു.

മാനേജർ.

സഹോദരി

പുസ്തകം ൩ | ൧൯൪൫-ജനുവരി | ലക്കം ൧

ഞാനടങ്ങുകയില്ല–

നാസിസവും ഫാസിസവും ഇമ്പീരിയാലിസവും തുലയുന്നതുവരെ

റോമാ റോളോ

൧൯൪൫-ാംവർഷം പുലർന്നതു് ലോകത്തെ കണ്ണീരിൽ കുളിപ്പിച്ചിട്ടാണു്. ലോകമേ തറവാടെന്നു കരുതി ലോകക്ഷേമത്തിനു നോമ്പുനോററിരുന്ന റോമാറോളാ ഇങ്ങിനിവരാതവണ്ണം പറന്നുപോയി. അദ്ദേഹം ഫ്രാൻസിലെ ഒരു തടങ്കൽപാളയത്തിൽ കിടന്നു മരിച്ചുപോയെന്നു കഴിഞ്ഞ കൊല്ലം ഒരു നുണ പരന്നതാണു്. ഇന്നത്തെ വാർത്തയും ഒരു നുണയായി കലാശിച്ചെങ്കിൽ—അതുണ്ടാവില്ലെന്നു തന്നെ ഏതോ ഒരദൃശ്യശക്തി നമ്മോടുപറയുന്നു. മനുഷ്യന്റെ ചോരയും നീരും ഊററിക്കുടിച്ചുകൊണ്ടിരുന്ന സകല രാക്ഷസശക്തികളോടും റോമാറോളാ ഒററയ്ക്കുനിന്നു് ഇത്രയും കാലം എതിർത്തു. ബലിഷ്ഠമായ ആ തൂവൽ ചലനമററു കിടപ്പുമായി. മഹാത്മജിയുടെ സത്യാഗ്രഹത്തെയും റഷ്യൻ വിപ്ലവത്തെയും സംഘടിതമായ മർദ്ദനവും ചൂഷണവും ഈലോകത്തുനിന്നും ഉച്ചാടനം ചെയ്യാനുള്ള രണ്ടു് ആയുധവിശേഷങ്ങളാണെന്നു് ലോകത്തിനുമനസ്സിലാക്കിക്കൊടുത്ത ചിന്തകൻ ദിവംഗതനായി. മനുഷ്യനിർമ്മിതമായ രാജ്യസീമകളെ അതിലംഘിച്ചു് കരുണാശീതളസ്വാന്തനായ റോളാ ഈ ഭൂഗോളത്തെ സ്വന്തം തറവാടായും, മനുഷ്യരാശിയെ മുഴുവനും ഉടപ്പിറപ്പുകളായും കരുതി അതിനൊത്തുജീവിച്ചമഹാനാണു്. ആ ജീവിതം നമുക്കു് എന്നുമെന്നും പ്രചോദനം അരുളട്ടെ.

റോമാറോളാ ൧൮൬൬-ജനുവരി൨൯-ാനു ഫ്രാൻസിൽ ഒരു ഗ്രാമത്തിൽ ജനിച്ചു. ഉപന്യാസകാരൻ, കഥാകൃത്തു്, നോവലെഴുത്തുകാരൻ, നിരൂപകൻ എന്നീ പലപല നിലകളിൽ അദ്ദേഹം ഫ്രഞ്ചുസാഹിത്യത്തെ പോഷിപ്പിച്ചു. അദ്ദേഹത്തിന്റെ ലോകപ്രസിദ്ധമായ ആഖ്യായിക "ജീൻക്രിസ്റ്റോഫി" എന്നകൃതിയാണു്. ൧൯൧൪-ൽ യുദ്ധം തുടങ്ങിയപ്പോൾ അദ്ദേഹം യൂ

റോപ്പിന്റെ പൊതുവായിവീക്ഷിക്കുന്ന ഒരു പൌരൻ എന്നനിലവിട്ടു് അഖിലലോകപൌരൻ എന്ന വിശാലമായ നില സ്വീകരിച്ചു കഴിഞ്ഞിരുന്നു. മുസ്സോളിനിയുടെ ഇററലി, ഹിററ്ലരുടെ ജർമ്മനി, ഫ്രഞ്ചുഗവർമ്മെൻറു്, ബ്രിട്ടൺ, റഷ്യ ഇവയിലെല്ലാം കണ്ട കുണ്ടാമണ്ടികളെ അദ്ദേഹം അപ്പഴപ്പോൾതന്നെ സുധീരമായി എതിർത്തു ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. സ്വന്തം രാജ്യമായ ഫ്രാൻസിൽ ജീവിയ്ക്കുവാൻ പ്രയാസമായപ്പോൾ അദ്ദേഹം സിററ്സർലണ്ടിൽ വാസം ഉറപ്പിച്ചു. അവിടെ വെച്ചാണു് അദ്ദേഹത്തിനു് റഷ്യൻവിപ്ലവനേതാക്കളായ ലനിൻ, ട്രാട്സ്കി, മുതലായവരോടും രവീന്ദ്രനാഥടാഗോറിനോടും പരിചയമാവാൻ ഇടവന്നതു്. മുസ്സോളിനിയുടെ ഗംഭീരമായ സൽക്കാരങ്ങൾ സ്വീകരിച്ചു് ഇററലിയേയും മുസ്സോളിനിയേയും പുകഴ്ത്തുവാൻ വെമ്പിനിന്ന ആ കവികോകിലത്തെ യാഥാർത്ഥ്യങ്ങൾ ബോധ്യപ്പെടുത്തി മാനസാന്തരം വരുത്തിയതും റോമാറോളാം തന്നെയായിരുന്നു. തെക്കെആഫ്രിക്കയിൽ സത്യാഗ്രഹം നടത്തിയനാൾമുതൽ റോളായെ ഗാന്ധിജി ആകർഷിച്ചുതുടങ്ങി. ഒടുവിൽ അതു് ഗാന്ധിജിയുടെ ജീവചരിത്ര ഗ്രന്ഥമായി ഉടലെടുത്തു. റോമാറോളായും ഗാന്ധിജിയും തമ്മിൽ കണ്ടിട്ടില്ല. കാണാതെ തന്നെ ആ മഹാത്മാക്കൾ പരസ്പരം പ്രണയബദ്ധരായിതീർന്നു. ൧൯൧൫-ലെ സാഹിത്യത്തിനുള്ള നോബൽ സമ്മാനം റോളായ്ക്കു ലഭിച്ചു. ൧൯൪൪-ഡിസംബർ ൩൦-ാംനു-രാത്രി അദ്ദേഹം നമ്മെയെല്ലാം ഈ യാതനകളിൽ വിട്ടേച്ചു പറന്നുപോയി. ലോകത്തിനൊരു സേവകനും, മർത്ത്യക്കൊരു ബന്ധുവും, ധർമ്മത്തിന്നൊരു കിങ്കരനും എന്നെന്നേയ്ക്കും നഷ്ടമായി. മരിക്കുമ്പോൾ അദ്ദേഹത്തിനു് ൭൮ വയസ്സുപ്രായമുണ്ടായിരുന്നു.

ആ അഭ്യസ്തവിദ്യകളെവിടെ?

മിസസ്സ് സി നാരായണപിള്ള.

ഹൈസ്കൂളുകളിലും കാളേജുകളിലും നിന്നു് സർട്ടിഫിക്കററുകളും മററുയർന്ന ബിരുദങ്ങളും നേടി പ്രതിവർഷം പുറത്തുവന്നുകൊണ്ടിരിക്കുന്ന അഭ്യസ്തവിദ്യകളായ ആ യുവതികൾ എവിടേയാണു് പോയിമറയുന്നതെന്ന പ്രശ്നം ഉത്തരമില്ലാത്ത ലോകമഹാപ്രശ്നങ്ങളിലൊന്നാണു്. വിശേഷിച്ചും മലയാളികളായ ബഹുശതം ബാലികമാരുടെ അജ്ഞാതമായ ഈ തിരോധാനം ആരെയും നിരാശപ്പെടുത്തുന്ന ഒന്നാണു്.

പരമ്പരാസിദ്ധമായ സർവ്വകലാശാലാസംസ്കാരം ഭാരതീയവനിതകളിൽ ദുർല്ലഭം വിരളമായി മാത്രമേ കാണുന്നുള്ളൂ എങ്കിൽ അതിനുള്ളകാരണം കഴിഞ്ഞ രണ്ടു ശതാബ്ദമായുള്ള നമ്മുടെ ദയനീയമായ അടിമ

ത്തമാണു്. കാളേജുകൾ വിട്ടു പുറത്തിറങ്ങുന്ന തരുണികളിൽ ഒരു ചെറിയ വിഭാഗം അദ്ധ്യാപകവൃത്തിയോ ഗുമസ്താജോലിയോ തേടിനടക്കുന്നുണ്ടെന്നും, അതിലും വളരെ ചെറിയ ഒരു വിഭാഗം വൈദ്യശാസ്ത്രപഠനം തുടരുന്നുണ്ടെന്നും ഞാനറിയാതിരിക്കുന്നില്ല. എന്നാൽ ഭൂരിപക്ഷവും വിദ്യാലയങ്ങൾ വിട്ടു പുറത്തിറങ്ങുന്നതോടുകൂടി തന്നെ ഭൂമി രണ്ടായി പിളന്നു് അവരെ ഗ്രസിച്ചുകളഞ്ഞതുപോലെ സമുദായമദ്ധ്യത്തിലപ്രത്യക്ഷരാകുന്നു. എന്തൊരു ദുർഭാഗധേയമാണു് ഇരുളടഞ്ഞ തിരസ്കരണികൊണ്ടു് ഈ സൌന്ദര്യധാമങ്ങളെ ഗോപനം ചെയ്യുന്നതു്.

എങ്കിലും ജിജ്ഞാസുക്കളുണ്ടെങ്കിൽ ദീർഘമായ ഒരന്വേഷണം നടത്തിയാൽ ഈ അദൃശ്യവിദ്യകളെ സമുദായത്തിന്റെ ചില ഇരുളടഞ്ഞ കോണുകളിലും സൂര്യപ്രകാശമില്ലാത്ത ഗൂഢപാതകളിലും ഗംഭീരമായ ഭവനങ്ങളുടെനിലവറകളിലും കണ്ടെത്തുവാൻ കഴിഞ്ഞു എന്നുവരാം. അതാ ആ ഇടവഴിയിൽ കാണുന്ന വൃത്തികെട്ടഭവനത്തിന്റെ ചാരിയ വാതിൽ അല്പമൊന്നു തുറന്നുനോക്കുക. അതുകൊണ്ടു നിങ്ങൾ തൃപ്തിപ്പെടുന്നില്ലെങ്കിൽ അകത്തോട്ടു കടന്നു് ഇരുളിൽ തപ്പിത്തടഞ്ഞു് ഇടതുവശത്തുകാണുന്ന ആ ശയനമുറിയിലേക്കു് ഒന്നു് കണ്ണോടിക്കുക. ഒരു ശിശുവിന്റെ രോദനം നിങ്ങൾ കേൾക്കുന്നില്ലേ. വിശപ്പുസഹിക്കവയ്യാതെ തറയിൽ കാലിട്ടുതല്ലി കൈകൾ കുടഞ്ഞു് ആ ശിശു വിലപിക്കയാണുചെയ്യുന്നതു്. വേനൽക്കാലത്തിന്റെ കഠിനതീക്ഷ്ണതയിൽ ഉണങ്ങിയ വൃക്ഷത്തിന്റെ ശുഷ്കിച്ചകമ്പുകൾ പോലെയുള്ള ആ അവയവങ്ങൾ നിങ്ങൾ കാണുന്നില്ലേ? നിങ്ങൾ ആ ശിശുവിന്റെ പിതാവിനെ അന്വേഷിക്കുകയായിരിക്കാം. അയാൾ നിരാശയുടെ പാരമ്യത്തിലും നികൃഷ്ടതയുടെ നീററലിലും നിന്നും രക്ഷനേടുവാൻ ഒരു മദ്യശാലയെ അഭയംപ്രാപിച്ചിരിക്കുകയാണു്. യാതൊരു ശബ്ദവുമുണ്ടാക്കാതെ ഒരു നിഴലെന്നപോലെ അങ്ങുമിങ്ങും നിന്നു് കുട്ടിയെ സാന്ത്വനപ്പെടുത്തുവാനും മറെറാരു നൂറു കൂട്ടം ഗൃഹജോലികൾ ഒന്നിച്ചു നിർവ്വഹിക്കുവാനും വെമ്പുന്ന സ്ത്രീ അവിടത്തെ ഗൃഹനായികയാണു്. ആ മുറിയുടെ തറയിലേയ്ക്കു് ഒന്നു കൂടി നിങ്ങൾ സൂക്ഷിച്ചുനോക്കിയാൽ കരയുന്ന ശിശുവിന്റെ സമീപത്തുതന്നെ കീറിനാറുന്നവസ്ത്രങ്ങളിലും ഒട്ടിപ്പിടിക്കുന്ന പായിൻകഷണങ്ങളിലും നാലഞ്ചുസന്തതികളെ കൂടി നിങ്ങൾക്കു കാണാം. അവയൊക്കെ കരച്ചിൽനിറുത്തി തളന്നു കിടന്നു് ഉറങ്ങുകയാണു്. തലമുടി വകത്തിട്ടു് പുറകോട്ടുകെട്ടി നെററിയിൽ ചാന്തു പൊട്ടുമിട്ടു്, സാരിഞൊറിഞ്ഞു കെട്ടി സഖികളോടൊത്തു് ചിന്താക്ലേശങ്ങളെന്തെന്നറിയാതെ കാളേജിലേയ്ക്കു പൊയ്ക്കൊണ്ടിരുന്ന ഒരു യുവതിയുടെ മുഖം ആ സ്ത്രീ നിങ്ങളെ അനുസ്മരിപ്പിക്കുന്നുണ്ടോ? ശരിയാണു്. അവൾ അനുരൂപനായ ഒരു വരനേയും കണ്ടെത്തി. പക്ഷെ കാലഗതി അവരെ അനുഗ്രഹിച്ചില്ല. സന്താനങ്ങളെപ്പോലെ വരവു വദ്ധിച്ചില്ല. പോരെങ്കിൽ ഭത്താവു് ഒരു മദ്യപാനി കൂടിയായിരുന്നു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. അയാളുടെ ദുർവൃത്തിയുടേയും ധൂർത്തിന്റേയും കാമാസക്തിയുടേയും നിർദ്ദയത്വത്തിന്റെയും ദാരുണഫലങ്ങൾ ഇന്നനുഭവിക്കുന്നതു് ഇന്നലെ നാം കണ്ട അദൃശ്യവിദ്യയായ ആ തരുണിയാണു്. അല്പയോ സഹോദരി! നിങ്ങളുടെ അത്യുന്നതമായ വിജ്ഞാനസോപാനത്തിൽനിന്നു്

അന്ധകാരമയമായ ഈ മഹാഗർത്തത്തിലേക്കു പതിക്കുവാൻവേണ്ടിയാണോ നിങ്ങൾ ദാമ്പത്യഹസ്തം നീട്ടിയതു്? ജീവിതത്തിന്റെ പ്രശാന്തതയേയും രാമണീയകത്വത്തേയും പല്ലിളിച്ചുകാട്ടി പേടിപ്പെടുത്തുകയും നിന്ദിക്കയും ചെയ്യുന്ന ഭയങ്കരമായ അനീതികളോടും അസമത്വങ്ങളോടും മല്ലടിക്കുവാനും അലസതയിലും അനാസ്ഥയിലും ഗതാനുഗതികത്വത്തിലുംനിന്നു് വേർപെട്ടു് ധീരതയോടുകൂടി മുന്നോട്ടിറങ്ങി പ്രവർത്തിക്കുവാനും നിങ്ങളുടെ പ്രാണനാഥന്നു് ഒരിക്കലെങ്കിലും എന്തെങ്കിലും പ്രേരണ നൽകിയിട്ടുണ്ടെന്നു് നിങ്ങൾക്കഭിമാനിക്കുവാൻകഴിയുമോ? ശുദ്ധവായു ശ്വസിക്കുവാനും സൂര്യപ്രകാശം കാണുവാനും അവസരം ലഭിക്കാതെ കന്നുകാലികളെപ്പോലെ തൊഴുത്തുകളിലും മേച്ചിൽസ്ഥലങ്ങളിലും അഹോരാത്രം കഴിച്ചുകൂട്ടുന്ന സഹോദരീസഹോദരന്മാരുടെ നീചവും ദാരുണവും ലജ്ജാവഹവുമായ ജീവിതത്തെപ്പററി ചിന്തിക്കപോലും നിങ്ങൾ ചെയ്തിട്ടുണ്ടോ? ആ നികൃഷ്ടജീവികളുടെ സന്താനങ്ങൾ ഭൂസ്പർശം ചെയ്യുന്നതിനുശേഷമുള്ള അവരുടെ ആദ്യത്തെ രോദനം പ്രായേണ മരണരോദനംകൂടിയായിട്ടാണു് പരിണമിക്കാറുള്ളതെന്നു നിങ്ങൾ അറിഞ്ഞിട്ടുണ്ടോ? ജീവിതയാതനകളിൽനിന്നുള്ളവിമോചനമെന്താണെന്നവരറിയുന്നതു് മൃത്യു കാരുണ്യഹസ്തംകൊണ്ടു വിശന്നുപൊരിയുന്ന അവരുടെ വക്ത്രങ്ങൾ പൊത്തുമ്പോൾ മാത്രമാണു്.

ഇൻഡ്യയിലെ അറുപതു ശതമാനം ജനങ്ങളും കഴിഞ്ഞുകൂടുന്നതു് ഒരേ ഒരു മുറി മാത്രമുള്ള വസതികളിലാണു്. ചിലപ്പോൾ ഒരു മുറിയിൽതന്നെ നാലും അഞ്ചും കുടുംബങ്ങൾ കഴിഞ്ഞുകൂടുന്നതും അപൂർവ്വമല്ല. ആരോഗ്യരക്ഷണത്തിനുതകുന്ന യാതൊരു സാഹചര്യങ്ങളുമവിടെ ഉണ്ടായിരിക്കയില്ല. ഇൻഡ്യയിലെ വൃത്തികെട്ട തെരുവുകൾ മുനിസിപ്പാലിററികളുടെ പരിഗണനയ്ക്കുപോലുംപാത്രമാകാറില്ല. ഓടകളിൽ വൃത്തികെട്ടവസ്തുക്കൾ നിറഞ്ഞു് ഒഴുകുന്ന കാഴ്ച സാധാരണമായ ഒന്നാണു്. കളിസ്ഥലങ്ങളോ ശുദ്ധജലമോ വേണ്ടത്ര ലഭിക്കാത്ത സ്ഥലങ്ങൾ സുലഭങ്ങളാണു്. ചിലപ്പോൾ അഞ്ഞൂറും അറുനൂറും ജനങ്ങൾ ഒന്നോ രണ്ടോ കളിസ്ഥലങ്ങൾകൊണ്ടു സംതൃപ്തിപ്പെടേണ്ടിവരുന്നു. ഇൻഡ്യയിലെ ശിശുക്കളുടെ മരണനിരക്കു് 80-ശതമാനമാണെന്നുള്ളതിൽ എന്താണാശ്ചര്യപ്പെടാനുള്ളതു്. ഈ വൃത്തികെട്ട തെരുവുകളും ഒററമുറിഭവനങ്ങളും നഗ്നമായ ദാരിദ്ര്യവും പലപ്പോഴും വ്യഭിചാരത്തിനു വഴിതെളിക്കുന്നുണ്ടെങ്കിൽ അതിലും എന്താണാശ്ചര്യപ്പെടുവാനുള്ളതു്.

നഗരങ്ങളും പട്ടണങ്ങളും വിട്ടിട്ടു് നാട്ടുംപുറങ്ങളിലേക്കുകൂടി ഒന്നു സഞ്ചരിക്കുക. അവിടെയും നമ്മുടെ അഭ്യസ്തവിദ്യകളായ തരുണികളുടെ സേവനങ്ങൾ മഷിയിട്ടു നോക്കിയാലും നിങ്ങൾക്കു കാണുവാൻകഴികയില്ല. ക്ഷാമമൂർത്തി ഇവിടെ ഗ്രാമങ്ങൾതോറും സഞ്ചരിക്കുന്നതു നിങ്ങൾക്കു കാണാം. മുഖത്തു പൊങ്ങിനില്ക്കുന്ന അസ്ഥിക്കഷണങ്ങളുടെ ഇടയ്ക്കുകൂടി തിളങ്ങുന്ന രണ്ടു കണ്ണുകൾ നിങ്ങളെ എവിടേയും തുറിച്ചുനോക്കുന്നു. മന്ദഹസിക്കുന്ന മനോഹരമായ വയലുകളുടെ അധിരാജനെന്നു കവികൾ പറയാറുള്ള കർഷകന്മാർ പട്ടിണിസാമ്രാജ്യത്തിലെ പൌരന്മാരായിക്കഴിഞ്ഞുകൂടുകയാണു്. ഉണങ്ങിയ കമ്പുകളും ഓലക്കഷണങ്ങളുംവച്ചു മറച്ച ഒരു ചാളിക്കുടിലാണു് അവന്റെ കൊട്ടാരം. വൃത്തികെ

ട്ട് കീറിനാറുന്ന ഒരു പനയോലക്കഷണമാണ് അവന്റെ സുവർണ്ണപര്യങ്കം. മററു ജീവിതാവശ്യങ്ങൾ ഒഴിച്ചുകൂട്ടുവാൻ വഹിയാതെവരുമ്പോൾ ഇടിഞ്ഞുപൊളിഞ്ഞ തറയല്ലാതെ ഹംസധൂളിശയ്യ അവിടെ കാണുകയില്ല. സ്പൃഹണീയമായ ശാദ്വല പ്രദേശങ്ങളുടെ ഭരണകർത്താക്കളായ ബഹുകോടികർഷകർ ഇന്നാഹരിക്കുന്നതു് പരിശുദ്ധമായ വായു മാത്രമാണെന്നു പറഞ്ഞാൽ അതിലൊട്ടും അതിശയോക്തിയില്ല. ഇൻഡ്യയിലെ 65-മുതൽ 85-വരെ ശതമാനം കർഷകർ നിത്യവൃത്തിക്കു വേണ്ട സാധനങ്ങൾ വിലയ്ക്കുവാങ്ങുവാൻ ശക്തരല്ലാത്ത ഋണബാധ്യരാണ്. അവർ ധാന്യങ്ങൾ കൃഷിചെയ്യുന്നുണ്ട്. എങ്കിലും രണ്ടു നേരം നിറച്ചാഹാരം കഴിക്കുവാൻ വേണ്ട അരി അവരുടെ കൈവശമില്ല. അവർ ഫലമൂലാദികൾ കൃഷിചെയ്യുന്നുണ്ട്. അവരുടെ ശിശുവിനു തിന്നുവാൻ ഒരു പഴം ലഭിക്കുന്നില്ല. അവർ പശുവിനെക്കറക്കുന്നുണ്ട്. രോഗിണിയായ കർഷകന്റെ ഭാര്യയ്ക്കു കുടിക്കുവാൻ ഒരു തുടം പാൽ ലഭിക്കുന്നില്ല. ധാന്യങ്ങളും ഫലമൂലാദികളും ക്ഷീരവും വിററഴിച്ചു ഒന്നാംതീയതി പടിക്കൽവന്നു കാവൽനിൽക്കുന്ന കടമുടമസ്ഥനു് പണമാക്കിക്കൊടുത്തു ചാരിതാർത്ഥ്യമടയുകയാണവർ ചെയ്യുന്നതു്. കാട്ടുവൃക്ഷങ്ങളുടെ തടിയും, ചെടികളുടെ തണ്ടും, വള്ളികളുടെ കിഴങ്ങും ആഹരിച്ചു അവനും കുടുംബവും ശരീരവും ആത്മാവും വേർപിരിയാതെ സൂക്ഷിക്കുന്നു. ഇവരുടെ ഏററവും വലിയ സാമ്രാജ്യം മിക്കപ്പോഴും ഒരേക്കർഭൂമിയിൽ കുറവായിരിക്കും. പന്ത്രണ്ടു മാസവും ഒരു കുടുംബത്തെ തീററിപ്പോററുവാനുള്ള വിഭവങ്ങൾ മരുഭൂമിപോലെ നിഷ്പ്രയോജനമായി പരന്നുകിടക്കുന്ന ഈ മണ്ണിൽനിന്നുണ്ടാകേണ്ടതായിട്ടാണിരിപ്പ്. മലേറിയയുടെ വിഷബീജങ്ങൾ കർഷകരിൽ ഒരു വലിയഭാഗത്തെ പ്രതിവർഷം കൊന്നൊടുക്കുന്നു. പ്ലേഗ്, കോളറ തുടങ്ങിയ മഹാരോഗങ്ങൾ അതിഥികളേപ്പോലെ കാലാകാലങ്ങളിൽ അവരെ സന്ദർശിക്കുന്നു. പോഷണപദാർത്ഥങ്ങളുടെ അഭാവംകൊണ്ടു ചടച്ചു ശുഷ്കിച്ച ശരീരങ്ങളെ ക്ഷയം, കാസം തുടങ്ങിയ മഹാരോഗങ്ങൾ ഗ്രസിക്കുന്നു. ഇൻഡ്യയിലെ കർഷകന്റെ ജീവിതക്ലേശങ്ങൾ ഒരു കലാകാരനും വർണ്ണിക്കുവാൻ സാധ്യമല്ലാത്തവണ്ണം അത്ര വളരെ ഭയാനകവും ബീഭത്സവുമായ സംഭവങ്ങളുടെ ഒരു ചരിത്രമാണ്. ആ മൂകതയുടെ ശ്മശാനതുല്യമായനിശ്ശബ്ദത വാക്കുകൾകൊണ്ടു ആവിഷ്ക്കരിക്കുവാൻ വഹിയാത്തവണ്ണം പരിതാപകരവും മനസ്സുകൊണ്ടാലോചിക്കുവാൻകഴിയാത്തവണ്ണം ഹൃദയഭേദകവുമാണ്.

ധനതത്വശാസ്ത്രവും വേദാന്തശാസ്ത്രവും പഠിച്ചു ബിരുദങ്ങൾ നേടിയ അഭ്യസ്തവിദ്യകളായ മഹിളാമണികളെ! ഈ ഭയങ്കരമായ ദാരിദ്ര്യത്തിൽനിന്നു് നിങ്ങളുടെ സഹജീവികളെ ഉന്നമിപ്പിക്കുവാൻ നിങ്ങളെന്തുചെയ്യുന്നു? പ്രതിദിനം രണ്ടണാവീതമുള്ള രാജോചിതമായ അവരുടെ വരവുകൊണ്ടു തൃപ്തിയടഞ്ഞുകൊള്ളുവാൻ അവരെ വിട്ടേയ്ക്കുകയാണോ നിങ്ങൾ ചെയ്യുന്നതു്. നിങ്ങളുടെ ഉന്നതമായ ചിന്തകളുടേയും ബുദ്ധിശക്തിയുടേയും മുകൾപരപ്പിൽനിന്നു് ഒരാശാകിരണവും കീഴോട്ടയയ്ക്കുവാൻ നിങ്ങൾക്കു കഴികയില്ലെന്നോ?

ഇൻഡ്യയിലെ 98-ശതമാനം സ്ത്രീകളും നിരക്ഷരതയിലും അന്ധകാരത്തിലും കഴിഞ്ഞുകൂടുമ്പോൾ ഏതാനും ചില ലിപികൾ നിങ്ങളുടെ പേരിനോടു സംഘടിപ്പി

ക്കുവാൻ കഴിഞ്ഞതുകൊണ്ടുമാത്രം നിങ്ങൾ തൃപ്തിയടഞ്ഞിരിക്കയാണോ? അജ്ഞത മററു ദാരുണമായ ദുരിതങ്ങളോടൊത്തുചേരുമ്പോൾ സംഭവിപ്പിക്കുന്ന അത്യാഹിതങ്ങൾക്കു കണക്കില്ല. പ്രതിവർഷം ഇൻഡ്യയിലുണ്ടാകുന്ന 50-മുതൽ 60-ലക്ഷം വരെയുള്ള മരണങ്ങൾ, തടയുവാൻകഴിയുന്ന രോഗങ്ങൾമൂലം സംഭവിക്കുന്നതാണു്. പണിയെടുത്തു ആദായമുണ്ടാക്കുവാൻ കഴിവുള്ള പ്രായംവരെ എത്തുവാൻ 50-ശതമാനം ശിശുക്കൾക്കുമാത്രമേ കഴിയുന്നുള്ളു. പ്രസവശയ്യയിൽ പ്രവേശിക്കുന്ന ആയിരം സ്ത്രീകളിൽ പതിന്നാലിൽ ഒന്നുവീതം കാര്യബോധമില്ലാത്തതുകൊണ്ടും, വൈദ്യസഹായത്തിന്റെ അഭാവംകൊണ്ടും പോഷകാംശങ്ങളുള്ള ആഹാരം ലഭിക്കാത്തതുകൊണ്ടും നിത്യരോഗിണികളായി പരിണമിക്കുന്നു. മൂന്നു ലക്ഷം സ്ത്രീകൾക്കു ഇൻഡ്യയിൽ ഒരൊററ സ്ത്രീഡാക്ടർ മാത്രമാണുള്ളതു്. ഇൻഡ്യയൊട്ടുക്കു 40-കോടി ജനങ്ങളുടെ സേവനത്തിനായി കേവലം ഏഴായിരം നർസുകൾ മാത്രമാണുള്ളതു്. ഇതു് ഇംഗ്ലണ്ടിൽ ലണ്ടൻപട്ടണത്തിൽ മാത്രമുള്ള നർസുകളുടെ സംഖ്യയിൽ കുറവാണെന്നറിയുമ്പോൾ ആരാണമ്പരന്നുപോകാത്തതു്

സംസ്കാരസാഗരങ്ങൾ തന്നെ കുടിച്ചുതീർത്ത അല്ലയോ ഭാരതീയ മഹതികളെ! ഈ നികൃഷ്ടതയിൽ നിന്നു രാജ്യത്തെ മോചിപ്പിക്കുവാൻ എന്തൊരു ത്യാഗമാണു നിങ്ങൾ ചെയ്തിട്ടുള്ളതു്. എന്തൊരു സഹാനുഭൂതിയും കാരുണ്യവും കൊണ്ടാണു് ഈ കഷ്ടാനുഭവങ്ങളെ അല്പമെങ്കിലും കുറവുചെയ്യുവാൻ നിങ്ങൾ ശ്രമിച്ചിട്ടുള്ളതു്. മാതൃത്വം വരിച്ചു് മരണത്തിലേയ്ക്കു വഴുതിക്കൊണ്ടിരിക്കുന്ന ബഹുലക്ഷംസഹോദരിമാരുടെ ജ്വരബാധിതമായ നെററികളെ ഒന്നു തടവി സാന്ത്വനപ്പെടുത്തുവാൻ പോലും നിങ്ങളൊരുങ്ങുകയില്ലെന്നോ! നിത്യദാരിദ്ര്യത്തിന്റെ അടിമകളായി കഴിഞ്ഞുകൂടുന്നവരെ അന്ധകാരത്തിന്റെ അത്യഗാധമായ ആഴത്തിൽ നിന്നു വലിച്ചുകയററുവാൻ നിങ്ങളുടെ ഹസ്തങ്ങൾ ചലിക്കയില്ലെന്നോ? സ്ത്രീകൾ അവരുടെ ജീവിതസർവ്വസ്വമായ അഭിമാനവും ചാരിത്ര്യവും ഒരു നേരത്തെഭക്ഷണംതേടുവാൻ ഏതാനുംചെമ്പുതുട്ടുകൾക്കു വേണ്ടിവിലയ്ക്കുവിൽക്കുന്നതു കാണുമ്പോൾ നിങ്ങളുടെ അന്തസ്സുംആത്മാഭിമാനവും നിങ്ങളെ കുററപ്പെടുത്തുന്നില്ലെന്നോ? നിങ്ങൾക്കു് ഒരു മാർഗ്ഗദർശനവും അവർക്കു നൾകുവാനില്ലേ? മുലപ്പാലില്ലാത്ത ഉണങ്ങിയ സ്തനങ്ങളിൽ കടിച്ചുതൂങ്ങിക്കൊണ്ടു് വരണ്ട തൊണ്ടപൊട്ടുമാറു് ശ്വാസംമുട്ടിക്കരയുന്ന ശിശുക്കളുടെ ദയനീയരോദനങ്ങൾ നിങ്ങളെ കർമ്മപ്രമുഖരാക്കുന്നില്ലേ?

നിർഭാഗ്യവശാൽ നമ്മുടെ സർവ്വകലാശാലകളാകുന്ന മണിമന്ദിരങ്ങൾ കളിമൺപാത്രങ്ങൾ മാത്രമാണു് അവയുടെ വ്യവസായശാലകളിൽ നിർമ്മിക്കുന്നതെന്നു വരുമോ? ചുററുപാടും സംഭവിച്ചുകൊണ്ടിരിക്കുന്ന പരിവർത്തനങ്ങളിൽ നിന്നകന്നുനില്ക്കുവാൻ ഇനിയും എത്രനാൾ നമുക്കു കഴിയുമെന്നാലോചിച്ചു നോക്കുക. മനുഷ്യസമുദായത്തിന്റെ അനുസ്യൂതമായ രോദനങ്ങൾക്കു ചെവികൊടുക്കാതിരിക്കുകസാധ്യമാണോ? ഭാരതഭൂമി ഇന്നു് ഒരു നവോത്ഥാനഘട്ടത്തെ അഭിമുഖീകരിക്കയാണു്. ഉൽകൃഷ്ടമായ ഭാഗധേയങ്ങളിലേയ്ക്കു് പറക്കുവാൻ ചിറകെടുത്തു നില്ക്കുന്ന യുവഭാരതത്തിന്റെ മുൻപിൽ വിലങ്ങടിച്ചു നില്ക്കുവാൻ യാതൊരു ശക്തികൾക്കും കഴിയുമെന്നു തോന്നുന്നില്ല.

പാവകളി

(ടി. എൻ. ഗോപിനാഥൻനായർ ബി. ഏ)

ഗാഥ

പാവതൻമുന്നിലായ് പ്ലാവിലവെച്ചതിൽ
കേവലംവെണ്മണൽച്ചോറുനൽകി,
പുഞ്ചിരിതൂകിയാകൺമണിചൊല്ലുന്നു—
'ഞെൻകുഞ്ഞിരുന്നിനിയുണ്ടുകൊൾക'

തൂവാലകൊണ്ടൊരുതൊട്ടിലിട്ടായതിൽ
പൂവിളംകുഞ്ഞിനെ വച്ചുമെല്ലെ,
'ഓമനത്തിങ്കൾകിടാ'വെന്നുപാടിടും
പ്രേമൈകധാമമാപ്പൂവലാംഗി

കോഴികൾക്കൂകുമാറൊച്ചയിട്ടോതിടും
'കാലമായ്, കണ്മണി, യെന്തുറക്കം?'
പട്ടുടുപ്പിട്ടിടും, കുങ്കമപ്പൊട്ടിടും—
കൊച്ചുമുഖത്തെന്നുമുമ്മനൽകും

'പൂ, പൂച്ച, പൂച്ചട്ടി'തൊട്ടുള്ളപാഠങ്ങൾ
പാകത്തിലമ്മവിളമ്പിവെയ്ക്കും
അമ്മതൻവാക്കുകൾ കേൾക്കുകില്ലെങ്കിലോ
കൺമണിയെപ്പൊഴുംതല്ലുകിട്ടും
കേഴുകയാണെന്നഭാവത്തിൽകുഞ്ഞിനെ
വാരിയെടുത്തവൾ ഉമ്മവെയ്ക്കും

നാഴികനീങ്ങുംമുൻപക്കൊച്ചുപൈതലിൻ
നാലഞ്ചുജന്മനാൾസദ്യകാണും
ഇത്തിരിനേരത്തിനുള്ളിലാകുട്ടിയും
കൊച്ചുനാത്തിമാരങ്കുരിക്കും.

* * *

പാവകളിയുംകൊൻകുഞ്ഞേയിജ്ജീവിതം
കേവലം ലീലയുമോർത്തുകൊള്ളു.

ഥ ഥ ഥ ആട്ടക്കഥകൾ

ഇതിനുമുമ്പ് അച്ചടിച്ചിട്ടില്ലാത്തതും പ്രചാരത്തിൽ ഇരിക്കുന്നതുമായ പല കഥകൾ കൂടി ചേർത്തും അശുദ്ധപാഠങ്ങൾ തിരുത്തിയും മനോഹരമായി അച്ചടിച്ച് ബലമായി ബയന്റുചെയ്തതു്.

വില രൂ: ൪ ണ. വ

മാനേജർ

ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം

ചെറുകഥ

ശപഥം

(പ്രഭ)

‘ഹലോ’

‘.........’

‘അതേ, അനിയനാണോ?’

‘............’

‘എന്തു്? അച്ഛനു സുഖമില്ലെന്നോ?’

‘ശാരിയും കുട്ടികളും അവിടെയാണെന്നോ?’

‘........’

‘ശരി,’

‘ക്ലുക്ക്സ്’ എന്ന ശബ്ദത്തോടെ, ടെലഫോണിന്റെ റിസീവർ അതിന്റെ സ്ഥാനത്തുവച്ചു ഞാൻ എന്റെ മേശയുടെ അരികിൽചെന്നു. എന്തോ വേഗം എഴുതികൊണ്ടിരുന്ന മി: മേനോൻ തന്റെ സ്വന്തംകെട്ടിച്ച കണ്ണാടിയിൽകൂടെ എന്റെ നേരേനോക്കി ‘ആരായിരുന്നു ഫോണിൽ വിളിച്ചതു്?’ എന്നു അന്വേഷിച്ചു.

‘ഭാര്യയുടെ അനുജൻ’

‘പെട്ടെന്നിങ്ങനെ വിളിക്കാൻ?’

‘അവന്റെ അച്ഛനു നല്ല സുഖമില്ലാത്തതിനാൽ കുറേമുൻപേ വീട്ടിൽനിന്നും ഭാര്യയേയും കുട്ടികളേയും അങ്ങോട്ടു കൂട്ടികൊണ്ടുപോയിരിക്കയാണെന്നു പറയുകആയിരുന്നു’

ചെമപ്പുനാടകൊണ്ടു കെട്ടിയ ഫൈലുകളിൽനിന്നും എന്റെ കണ്ണുകൾ മതിലിൽവച്ചിട്ടുള്ള നാഴികമണിയിലേക്കു ചെന്നു. ആറടിക്കാൻ പത്തു മിനിററുണ്ടു്. യുവതിയായ ഒരു ക്ലാർക്ക് തന്റെ മേശപ്പുറത്തെ ക്കടലാസുകൾഒക്കെ ഒതുക്കിവച്ചു സാരിയൊക്കെ ആകെയൊന്നുപിടിച്ചു ശരിയാക്കി, കർണ്ണാഭരണങ്ങൾ നേരേ നൃത്തംചെയ്യുന്നുവോ എന്നൊന്നു പരീക്ഷിച്ചു്, ആകാശത്തേപ്പോലെ ആദിയും അന്തവുമില്ലാത്ത തന്റെ കുടയുമെടുത്തു, കുറച്ചുകലെയിരിക്കുന്ന ഒരു അവിവാഹിതസുഭഗന്റെ കൺകോണുകളിൽനിന്നും അനുമതിയും മററും വാങ്ങികൊണ്ടു യാത്രയാകാൻ തുടങ്ങുന്നു.

ഞാൻ എഴുതികൊണ്ടിരുന്നതു പൂർത്തിയായപ്പോഴത്തേക്കു മണിയും ആറടിച്ചു. ‘വരൂ മിസ്റ്റർ’ എന്ന മി: മേനോന്റെ ആജ്ഞയനുസരിച്ചു ഒരലമാരിയുടെ വശത്തു ചാരിവച്ചിരുന്ന കുടയുമെടുത്തു ഞാൻ അദ്ദേഹവുമായി പുറത്തിറങ്ങി. മെയിൻറോഡിലെത്തിയപ്പോൾ മി: മേനോൻപറഞ്ഞു ‘നമുക്കിന്നു സിനിമാകാണാൻ പോകാമോ—ഒ-നിങ്ങൾക്കിന്നു അസൗകര്യമായിരിക്കും, ഭാര്യ വീട്ടിലില്ലാത്തതുകൊണ്ടു്’

ഞാനൊന്നു ഞെട്ടി, ഭാര്യ ഗൃഹത്തിലില്ലെന്നുള്ളതു ഞാൻ തീരെ മറന്നിരുന്നു. ആ ഓർമ്മപ്പെടുത്തൽ എന്റെ ആത്മാവിനെ ഉണർത്തുകതന്നെചെയ്തു.

‘നമുക്കു പിന്നൊരിക്കൽപോകാം’ മി: മേനോൻ നിർദ്ദേശിച്ചു, ഞാൻ സമ്മതം മൂളി, അതു മനസ്സിലാക്കാതെ.

റൌൺബസ് ഇനി ൪൦ മിനിററു കഴിഞ്ഞാലേ വരുകയുള്ളൂ. നടന്നാൽ അതി

ന്ന് മുൻപുതന്നെ വീട്ടിലെത്തുകയും ചെയ്യും. സ്നേഹിതനോട്ട യാത്രയുംപറഞ്ഞു ഞാൻ വേഗത്തിൽ വീട്ടിലേക്ക തിരിച്ചു.

എന്റെ ചിന്തകൾ ഇരച്ചുപൊങ്ങി; ഭാര്യ ഗൃഹത്തിലില്ലെന്നതോൎത്തു.

'അപ്പോൾ അവൾ ഇന്നു വീട്ടിലുണ്ടാവുകയില്ല. അസാധാരണമായ ഒരു സംഭവമാണത്, അപ്പോൾ ഒരു ശൂന്യതയാണു എന്നെയിന്നു സായാഹ്നത്തിൽ സ്വാഗതം ചെയ്യാനുണ്ടായിരിക്കുന്നത്'.

എന്റെ ജീവിതം, ദിനചൎയ്യ-എന്റെ കൺമുമ്പിൽ പെട്ടെന്നു പ്രത്യക്ഷപ്പെട്ടു.

കാലത്ത്, പുറത്തു തിണ്ണയിൽ കുട്ടികൾ ലഹളക്കൂട്ടുന്ന ശബ്ദംകേട്ടു ഞാൻ ഉണരുകയായി. പുതച്ചിരുന്ന നീലനിറത്തിലുള്ള കമ്പിളി ഒരുവശത്തേക്ക നീക്കിയിട്ടു കിടന്നകിടപ്പിൽതന്നെ ഒന്നു തിരിഞ്ഞു, ഒരു എട്ടടിദൂരെ, മേശപ്പുറത്തിരിക്കുന്ന റൈറം പീസിലേക്ക ഞാൻ നോക്കുമ്പോൾ ചെറിയസൂചി എട്ടിലും വലുതു രണ്ടിലും നില്ക്കുന്നതു കാണാം. പിന്നെ, പത്തുകെ എഴുന്നേററു തെക്കുവശത്തെ ആ ജനാല എത്താണ്ടു ബലംപ്രയോഗിച്ചു കുറച്ചൊരു ശബ്ദത്തോടെ തുറക്കും. പാൽകറന്നുകഴിഞ്ഞു പശുവിനെ അവിടെ കെട്ടിയിരിക്കുകയാണ്. അതിന്റെ കിടാവു മുലകുടിക്കുന്നു. തള്ള അതിനെ വാത്സല്യത്തോടെ നക്കുന്നു. അടുത്ത ജോലി കുറേയേറെ ശബ്ദത്തോടെ വാതൽ തുറക്കുകയാണ്. പിന്നെ പുറത്തേക്ക ഞാൻ മെതിയടിയുടെ ശബ്ദവുമുണ്ടാക്കിക്കൊണ്ടു കടക്കുകയായി.

'കൃഷ്ണാ വെള്ളം കൊണ്ടുകൊടുക്ക്' എന്നു അവൾ വാല്യക്കാരനോടു ആജ്ഞാപിക്കുന്നു. 'ക്ക്' എന്നു അവളുച്ചരിക്കുമ്പോൾ ആ ശബ്ദത്തിനുള്ള പ്രത്യേകതയിൽ അവളുടെ ധനവാനായ അച്ഛന്റെ ഗാംഭീൎയ്യവും ഉദ്യോഗസ്ഥഭാൎയ്യയായ അമ്മയുടെ ഗൗരവവും മററും ധ്വനിക്കുന്നുണ്ടാവും.

'അച്ഛാ അണ്ണൻ എന്നെ അടിച്ചു' അവൾ എന്താണു ഉച്ചരിക്കുന്നത്.

'ഡാളി എന്റെ പെൻസിൽ തന്നില്ലച്ഛാ' കുട്ടികളുടെ പരാതിയാണിവ കൈയ്യൂക്കുള്ളവൻ ദുർബലന്റെമേൽ കുതിരകയറുന്ന ഇന്നത്തെ ലോകഗതി ആ ശിശുക്കളിലും പ്രതിബിംബിച്ചിരിക്കുന്നു ഇനി ഏതുകാലത്താണിവ ഇല്ലാതെയാകുന്നത് എന്നു ഞാൻ ചിന്തിച്ചുപോകും.

അപ്പോഴേക്ക വാല്യക്കാരൻ വലിയ ഭക്തിയും ധൃതിയും ഭാവിച്ചു ഒരു കിണ്ടിയിൽ കുറെ ചൂടുവെള്ളം നാലുകെട്ടിന്റെ തെക്കുവശത്തെ ചെറുതിണ്ണയുടെമേൽ കൊണ്ടുവെയ്ക്കും. നിത്യവും ആ സ്ഥാനത്തുതന്നെയാണതു വെയ്ക്കാറുള്ളത് എന്നു അവിടെ കാണുന്ന വൃത്തത്തിലുള്ള തേഞ്ഞ കുഴിയിൽനിന്നും കാണാം.

മുഖവും കൈകളുംഒക്കെ ഒന്നു കഴുകി, ഞാൻ തിരിയെ മുറിയിൽ കടന്നു ഒരു ഈസിച്ചെയറിൽചെന്നിരിക്കുമ്പോഴേക്ക അവൾ ഒരുകപ്പു കാപ്പിയുമായി പ്രവേശിക്കുന്നു. അതിന്റെ സ്വാദു വൎദ്ധിപ്പിക്കുവാനെന്നപോലെ അവൾ തന്റെ അധരങ്ങളിൽ ഒരു പുഞ്ചിരി വഹിച്ചിരിക്കും. 'പഞ്ചസാര കുറഞ്ഞുപോയോ എന്നറിഞ്ഞില്ല്' എന്നു ഏതാണ്ടൊരു അഭിപ്രായപ്രകടനവും അവൾക്കുണ്ട്. പത്തുകെ ഒന്നു കുനിഞ്ഞു കപ്പിരിക്കുന്ന സാസറോടുകൂടി തന്നെ എന്റെ കൈകളിലേക്ക അതു തരും. നല്ല ചൂടുള്ള അതു ഞാൻ ഏറെ പ്രാവശ്യമായി അകത്തേക്ക കടത്തുന്നു.

മററു പ്രഭാതകൃത്യങ്ങളെല്ലാം കഴിഞ്ഞു വരുമ്പോഴേക്ക മേശപ്പുറത്തു മുഖക്ഷൌരത്തിനുള്ള ഉപകരണങ്ങൾ, നിരന്നിരിക്കുന്നു

ണ്ടാവും. അതു കഴിയുമ്പോഴേക്കു കുളിക്കുന്നതിനുള്ള എണ്ണയുമായി അവൾ ഹാജരാകും. 'സോപ്പും തോർത്തും കുളിമുറിയിലുണ്ട്" എന്നു എന്നെ അനുസ്മരിപ്പിക്കാൻ അവൾക്കു ഒരിക്കലും വിട്ടുപോകാറില്ല. പെട്ടെന്നു ഏതാണ്ടൊരു ക്ഷമായാചനം പോലെ എന്നോടു പറയുകയായി 'ഞാൻ അടുക്കളയിലേക്കു ഒന്നു ചെല്ലട്ടേ' എന്ന്.

കുളിമുറിയിൽ ഒരു സ്റ്റൂളിന്റെ പുറത്തു ഒരു സോപ്പുപെട്ടിയിൽ സോപ്പും, കീറി മൃദുവാക്കിയ ഇഞ്ചയും, അയയിൽ ടൌവ്വലും ഉണ്ടായിരിക്കും.

'ശ്ശ്" എന്ന ശബ്ദത്തോടെ, പൈപ്പു തുറന്നാലുടൻ വെള്ളം ചിതറിവീഴുകയായി. പെട്ടെന്നു കുറെക്കൊല്ലങ്ങൾക്കുമുൻപു ഞാൻ അവിവാഹിതനായ ഒരു കാളേജുവിദ്യാർത്ഥിയായിരുന്നുവെന്നും അക്കാലത്തു ഞാൻ കുളിമുറിയിൽ കയറിനിന്നു സംഗീതത്തിൽ എനിക്കുണ്ടായിരുന്ന പാടവം പരിശോധിക്കാറുണ്ടായിരുന്നുവെന്നും, ഞാനോർക്കും. മാത്രമല്ല, അന്നു എന്റെ സഹപാഠിയായ ഒരു സ്നേഹിതന്റെ സുഭഗയായ സഹോദരിയോടു്, തന്റെ മൃദുലങ്ങളായ അവയവവിശേഷങ്ങളിൽ എനിക്കനുവദിച്ചിരുന്ന സ്വാതന്ത്ര്യങ്ങളെ പരിഗണിച്ചു്, വിവാഹംചെയ്തുകൊള്ളാമെന്നു ചന്ദ്രനേയും നക്ഷത്രങ്ങളേയും കുളുർമാരുതനേയും കുസുമഗന്ധത്തേയും സാക്ഷികളാക്കിച്ചെയ്തു വാഗ്ദാനം ഞാൻ സ്മരിക്കും. ഹാ, എത്രയെത്ര വാഗ്ദാനങ്ങളാണു ഇന്നത്തെ സാമുദായികാചാരങ്ങളുടെ ഹൃദയവിഹീനമായ ക്രൂരതയിൽ നിശ്ശാമഥ്യനിശ്വാസങ്ങളും തിളയ്ക്കുന്ന കണ്ണീർപുഴകളും ശൃംഖലകളും കാരാഗൃഹങ്ങളും സൃഷ്ടിച്ചിട്ടുള്ളതെന്നു തെല്ലിട താളംപിശകിയ ഹൃദയത്തോടെ ഞാൻ ചിന്തിക്കുന്നുണ്ടാവും.

കുളികഴിഞ്ഞു ഞാനെന്റെ മുറിയിൽ ചെല്ലുമ്പോൾ, അന്നു ആഫീസിൽപോകുന്നതിനു ധരിക്കാനുള്ള വസ്ത്രങ്ങൾ അതിന്റെ ക്രമമനുസരിച്ചു മേശപ്പുറത്തുണ്ടാകും.

'ഊണായി, വരാമല്ലോ' അവൾതന്നെയാണതു് അറിയിക്കുക. തൂവൽപോലെ വെളുത്ത തുണിവിരിച്ച ആ മേശപ്പുറത്തു കവിടിയുടെ ഭംഗികലർന്ന പാത്രങ്ങളിൽ ഓരോരോ സാധനങ്ങൾ വച്ചിട്ടുണ്ടാവും. അതിന്റെ നാവലിക്കുന്ന ചൂടുള്ള ഗന്ധം അന്തരിക്ഷത്തെക്കൂടി തൃപ്തിപ്പെടുത്തുന്നതാണു്. എന്റെ ഇഷ്ടാനിഷ്ടങ്ങളുടെ നിഴലുകളുടെ നേരിയ വ്യത്യാസങ്ങളും അവൾക്കറിയാം. അതിൽ അസാമാന്യമായ ശ്രദ്ധ പതിപ്പിച്ചിരിക്കയും ചെയ്തിരിക്കുന്നു.

൮-൩൦-ന് ഞാൻ ആഫീസിലേക്കു പുറപ്പെടുകയായി. എന്റെ വേഷത്തിന്റെ മാന്യതയിൽ എന്തെങ്കിലും മങ്ങലുണ്ടോ എന്നു പരിശോധിക്കുന്നതിനും പഴ്സും കുടയും മറക്കാതെ ഓർമ്മിപ്പിക്കുന്നതിനും അവൾ തന്റെ ഇളയശിശുവുമായി പൂമുഖത്തു എത്തിയിരിക്കും.

൮-൪൦-ന് മുൻപായി ഞാൻ ബസ്സ്റ്റാൻഡിലെത്തും. അവിടെ മി: മാത്യുവും ഭാസ്കരൻനായരും നില്ക്കുന്നുണ്ടു്. കുറെദൂരെ, ഇവരുടെ സംഭാഷണം തന്റെ പാതിവ്രത്യത്തെ ബാധിക്കുന്നു എന്നു ഭാവത്തിൽ, പുരുഷന്മാരുടെ കാറ്റുതട്ടിയാൽതന്നെ ഞണുങ്ങിപ്പോകുന്നതാണു് താൻ എന്നമട്ടിൽ ഒരു ഉദ്യോഗസ്ഥ ഏതാണ്ടൊരു ആന പിണങ്ങിനില്ക്കുന്നതുപോലെ എല്ലാവരുടെ ശ്രദ്ധയേയും പിടിച്ചുവലിച്ചുകൊണ്ടു അങ്ങനെ നില്ക്കുകയാണു്.

൮-൫൦-ന് ബസ്സ് വന്നെത്തും. അതിന്റെ ഹാൺ എനിക്കു കേട്ടാലറിയാം.

അതിൽ ഇരിക്കുന്നവരെല്ലാം ഏതാണ്ടു പരിചിതരാകയാൽ ചില 'ഗുഡ്മാണിങ്' കൾ വാങ്ങാനും കൊടുക്കാനും ഉണ്ടാകും. പുറകിലെ സീററുകളിൽ ഇരിക്കുന്ന സ്ത്രീകളെക്കടന്നുപോകുമ്പോൾ കുറേനേരത്തേക്കു പൗഡറിൻേറയും റോസാപ്പൂക്കളുടേയും മററും ഗന്ധം അനുഭവഗോചരമാകുന്നുണ്ടാകും. അന്നത്തെ പ്രഭാതപത്രത്തിലെ പ്രധാനവാർത്തകളെപ്പററി ചിലതൊക്കെ ചിലർ സംസാരിക്കുന്നുണ്ടാവും. ഫവ—ന അല്പം മിനിററുകളുള്ളപ്പോൾ ഞങ്ങൾ ആഫീസിലെത്തും. ലോകം മുഴുവൻ തൻെറ മേൽ അനുരാഗംകൊണ്ടു വീർപ്പുമുട്ടി നില്ക്കുകയാണെന്ന വിശ്വാസത്താലുള്ള ആത്മസംതൃപ്തിയോടെ ആ ലേഡീക്ലാക്ക് ഒരു കസേരയ്ക്കും മേശയ്ക്കും രോമാഞ്ചമുണ്ടാക്കിക്കൊണ്ടു ഇരിക്കുന്നുണ്ട്. കറങ്ങിക്കൊണ്ടിരിക്കുന്ന എലക്ട്രിക്ക്ഫാനിൻെറ ഇരമ്പൽ കുറേനേരംമാത്രം കേൾക്കുന്നുണ്ടാവും..

പിന്നെ ഫൈലുകൾ, കക്കശമായ മുരടിച്ച വിവരങ്ങൾ കുറിച്ച കടലാസുകൾ—

വൈകുന്നേരത്തു ഞാൻ ബസ്സിലോ അല്ലാതെയോ ഗൃഹത്തിലെത്തുമ്പോൾ പുറന്തിണ്ണയിൽ അവൾ നിൽക്കുകയാണ്. കയ്യിൽ ഏററവും ഇളയ കുട്ടിയുമുണ്ട്. കുളികഴിഞ്ഞു് മുടിതോരുവാൻ അഴിച്ചിട്ടിരിക്കയാണ്. മാതൃത്വത്തിൻെറ മഹനീയമായ മാതൃകയാണവളപ്പോൾ. പ്രതീക്ഷയുടെ നീണ്ട കണ്ണുകൾ ഗേററിലേക്കു ഓടിച്ചുകൊണ്ടായിരിക്കും അവൾ അവിടെ നിൽക്കുന്നതു്. ഞാൻ ഗേററുകഴിഞ്ഞാലുടൻ അവളുടെ മുഖത്തൊരു പ്രഭ പരക്കുകയായി. കയ്യിലിരിക്കുന്ന കുട്ടിയെ, ആ സുന്ദരകളേബരനെ സ്നേഹവാത്സല്യാഹങ്കാരാദികളോടെ ഒന്നു നോക്കിച്ചിരിച്ചുകൊണ്ടു 'ദാ-നിൻെറ അച്ഛൻ' എന്നു പറയുകയായി.

ഞാൻഏതാണ്ടൊരു അസുഖത ഭാവിച്ചു, 'ഇതെന്തൊരു ഉപദ്രവമാണ്' എന്നു രാഗത്തിൽ ഒന്നു മൂളിക്കൊണ്ടു തിണ്ണയിൽ പ്രവേശിക്കുമ്പോഴത്തേക്കു് അവൾ എൻെറ കയ്യിൽനിന്നു കുടവാങ്ങിക്കൊണ്ടു 'എന്തു ഇന്നിത്ര താമസിച്ചു' എന്നു അന്വേഷിക്കും? ഞാൻ വാസ്തവത്തിൽ താമസിച്ചിട്ടില്ലാത്ത സ്ഥിതിക്കു അവളുടെ ആ അന്വേഷണം എൻെറ ഭർത്തൃത്വത്തെ ആക്ഷേപിക്കുന്നതാണെന്ന ഒരു മൂച്ച്യേറിയ ഒരു തോന്നലോടെ മുഖമൊന്നു ചുളിച്ചു, ഞാൻ എൻെറ മുറിയിലേക്കു, അവളെന്നെ അനുധാവനം ചെയ്യുമെന്നുള്ളതു് അവഗണിച്ചുകൊണ്ടു നടന്നുപോവുകയായി.

ഒരുകപ്പു ചൂടുചായയും വേറെ എന്തെങ്കിലുംകൂടെക്കഴിച്ചുകൊണ്ടു് ഞാൻ വൈകിട്ടു് നടക്കുവാൻ പോയാൽ മടങ്ങുന്നതു് ഏതാണ്ടു് ൭ മണി കഴിഞ്ഞിട്ടാണു്. മേൽകഴുകാൻ ചൂടുവെള്ളം തയ്യാറുണ്ടു്. അതുകഴിഞ്ഞു് സസ്യേതരവിഭവപ്രധാനമായ ആഹാരമാണു്. അതിൻെറശേഷം ഞാൻ മുറിയിൽചെന്നു ഒരു ചാരുകസേരയിൽ കിടന്നു എന്തെങ്കിലും വായിച്ചുകൊണ്ടിരിക്കും.

'പാൽ കഴിച്ചില്ലല്ലോ' എന്നുപറഞ്ഞു ഒരുഗ്ലാസ്സ് പാലുമായി അവൾ വീണ്ടും പ്രവേശിക്കുന്നു. ഞാൻ അതു ഇടത്തുകൈകൊണ്ടു് വാങ്ങിക്കുടിച്ചുകഴിയുമ്പോൾ 'വെള്ളം പുറത്തുവച്ചിട്ടുണ്ടു' എന്നു ഓർമ്മിപ്പിക്കും.

പിന്നെ അവൾ പ്രത്യക്ഷപ്പെടുന്നതു ഏതാണ്ടു പത്തരമണിക്കാണു്. കുട്ടികൾ ഉറങ്ങിക്കഴിഞ്ഞിരിക്കും. വാല്യക്കാരെ അവ

ളുടെ ജോലികളെപ്പററി ഓമ്മപ്പെടുത്തിയിരിക്കും......

കുറെ ചുരുണ്ട തലമുടിയാണവൾക്കുള്ളതു്. അതു ആ സ്വണ്ണനിറമുള്ള നെററിത്തടത്തിന്റെ ഇരുഭാഗത്തും മുഖത്തിന്നൊരു സുന്ദരമായ പശ്ചാത്തലമായി പ്രശോഭിക്കുന്നുണ്ടു്. കരിയെഴുതി ആകഷ്ണീയത വദ്ധിപ്പിച്ച തുമിഴികൾ. പൗഡറിന്റെ നേരിയ നിഴൽ കവിഞ്ഞു, എലക്ട്റിക്കു് ദീപത്തിന്റെ കാന്തിയിൽ ആ കവിൾത്തടത്തിലെ അരുണിമ പ്രശോഭിക്കുന്നുണ്ടു്. ഓഷ്ഠത്തിന്റെമേൽ ചെറിയൊരു നിഴലുണ്ടു, അളകങ്ങളുടെ അംശങ്ങൾ, കണ്ണാഭരണമായി പ്രശോഭിക്കുന്ന തുക്കങ്ങളുടെ സഖാക്കളായി കുറെ കവിഞ്ഞു ഇറങ്ങിയിരിക്കയാണു്. ഭംഗിയേറിയ ആ പട്ടുബ്ളൗസിന്റെ അകത്തു മൃദുലങ്ങളായിത്തീന്ന ആ കുചകുംഭങ്ങൾ ഞെരുങ്ങിയമന്നിരിക്കുന്നതിൽ തെല്ലൊരു രോമാഞ്ചം ഉണ്ടായിത്തുടങ്ങുന്നുണ്ടു്. ഭാര്യാത്വംകൊണ്ടു് അവളുടെ നിതംബത്തിനു് ഒരു പൂണ്ണതയും കടിതടത്തിനു ഒരു ചേതോഹാരിതയും ലഭ്യമായിരിക്കുന്നു.

ഞാൻ അവളുടെകയ്യിൽ ഇട്ടുകൊടുത്ത ആ മോതിരത്തെ വലത്തേക്കൈയ്യിലെ അംഗുലികളാൽ പതുക്കെത്തിരിച്ചുകൊണ്ടു അവൾ അന്നു തന്റെ സഖികളിൽനിന്നും കിട്ടിയ വത്തമാനങ്ങൾ പറഞ്ഞുതുടങ്ങും. അല്പംകഴിഞ്ഞു അവൾ മേശപ്പുറത്തിരിക്കുന്ന മണിയിലേക്കു ഒന്നു നോക്കിയിട്ടു 'ഓ! മണി പതിനൊന്നു കഴിഞ്ഞല്ലോ' എന്നു ഒട്ടു സ്വാഗതമായും ഒട്ടു എന്നോടായും പറഞ്ഞുകൊണ്ടു അതിൻ കീ കൊടുക്കും.

* * * *

ടക് എന്നൊരു ശബ്ദത്തോടെ വിളക്കണയും. പെട്ടെന്നു കൂരിരുട്ടിന്റെ തിരകൾ അവിടെ അലയടിക്കുകയായി. ആറു കൊല്ലങ്ങൾക്കുമുൻപു്, ഞങ്ങളുടെ വിവാഹംകഴിഞ്ഞ ആ ദിവസത്തെ രാത്രിയെപ്പററിയുള്ള ആ ഹൃദയം തിളയ്ക്കുന്ന സ്മരണ എന്റെ ശരീരത്തിൽ കോൾമയിക്കൊള്ളിച്ചുകൊണ്ടുവരുന്നുണ്ടാവും. അന്നവൾക്കു ൧൬ വയസ്സായിരുന്നു. എനിക്കു ൨൬-ം. അന്നത്തെ ആ വൈമനസ്യത്തിൽ നിറഞ്ഞ ആനുകൂല്യം!...

രണ്ടു കട്ടിലുകൾ ചേത്തിട്ടതിൽ സൂയ്യപ്രകാശത്തിന്റെ ഗന്ധമുള്ള മെത്തയും വിരിപ്പുകളും ഉപബഹ്ണങ്ങളുമാണിട്ടിരിക്കുന്നതു്. മൃദുലവും മാംസളവുമാണവളുടെ ശരീരം. ഹൃദ്യമായ സുഗന്ധമുള്ളതാണു് അവൾ തലയിൽതേയ്ക്കുന്ന തൈലം. വികാരങ്ങളെ വിജൃംഭിപ്പിക്കുന്നതിനു പയ്യാപ്തമായ നേരിയൊരുമണമാണു അവൾ ഉപയോഗിച്ചിരിക്കുന്ന പൌഡറിന്റേതു്. അവളുടെ ചെറിയ പല്ലുകൾതങ്ങളിൽ അല്പം വിടവുണ്ടു്......ചുംബനാദികൾ, ദന്താദ്ദശങ്ങൾ...ഹ്രസ്വനിശ്വാസങ്ങൾ രോമാഞ്ചങ്ങളുടെ ആലിംഗനത്തിൽ, സ്വേദബിന്ദുക്കളുടെ കിരീടധാരണത്തിൽ, ചെറുചൂടാന്ന നഗ്നമായ മാംസത്തിന്റെ മാധുയ്യത്തിന്റെ മാദകതാപത്തിൽ ദീർഘങ്ങളായിപ്പരിണമിക്കുന്നു.

ആവൂ, ഇങ്ങനെയുള്ള അവൾ, ഞാനിന്നുഗൃഹത്തിലെത്തുമ്പോൾ അവിടെ ഉണ്ടായിരിക്കയില്ല. അവൾ! ഹേ, ഞാനെന്തൊരു ഭ്രഷ്ടനാണു്. ഭൂമിയ്ക്കു സൂയ്യനെങ്ങനെയാണോ ചന്ദ്രനെങ്ങനെയാണോ അതുപോലെയാണവൾ എനിക്കെന്നുള്ളതു ഞാൻ ഇതേവരെ അറിഞ്ഞില്ലല്ലോ. സ്നേഹവാത്സല്യനിധികളായ മാതാപിതാക്കൾ തങ്ങളുടെ കണ്ണിലുണ്ണിയായി താലോലിച്ചു വളത്തിവന്ന ഒരു യുവതിയെ, പനിനീർപ്പൂ

വിലും പ്രഭാതകിരണങ്ങളിലുംവച്ചു വളർത്തിവന്ന ഒരു ലലനാമണിയെ, എന്തെല്ലാം കഷ്ടതകളും പ്രയാസങ്ങളും അനുഭവിച്ചു ഒരു സ്ത്രീയാക്കിത്തീർത്ത ഒരു പരിപാവനയെ, എത്രയെത്ര ഉൽക്കണ്ഠനിറഞ്ഞതും ആശങ്കാകുലവുമായ നിമിഷങ്ങൾ നിരത്തിയ ഒരു അന്തരിക്ഷത്തിൽക്കൂടി പരിപൂർണ്ണതയിലെത്തിച്ച ആ ദേവിയെ, നിർഗ്ഗുണനായ ഈ മനുഷ്യാധമന്റെ പാദസേവയ്ക്കായി ആഹുതിചെയ്കയായിരുന്നുവെന്നു, സംഗീതത്തിന്റെതരംഗങ്ങളാൽ പുളകംപൂണ്ട സുഗന്ധദ്രവ്യങ്ങളുടെ മാധുര്യത്തിന്റെ സ്പന്ദനം നിറഞ്ഞ, അചുംബിതപുഷ്പങ്ങളുടെ അവർണ്ണ്യമായ പരിമളം പരന്ന ആ മുഹൂർത്തത്തിൽ ആ വിവാഹവേദിയിൽവച്ചു ആരെങ്കിലും അറിഞ്ഞിരുന്നുവോ? യുവതികളുടെ മാതാപിതാക്കൾ എത്രനിർഭാഗ്യരാണു്. എത്ര ശപിക്കപ്പെട്ട ജീവിതമാണവരുടേതു്? തങ്ങളുടെ വാത്സല്യധാമങ്ങളെ, ഒരുആഹാരശീട്ടിനുവേണ്ടി ഒരു വസ്ത്രൂററിക്കററിനായി ഒരു ഉറക്കറെക്കുറിക്കവേണ്ടി വിറകുകളയാൻ അവർ നിർബന്ധിതരാകുന്നു. സമുദായം അതു പ്രതീക്ഷിക്കുന്നു. പ്രവർത്തിക്കുന്നു. എന്തൊരു ദുരവസ്ഥയാണിതു്? എന്നാൽ സ്വാർത്ഥബുദ്ധിയായ സ്വേച്ഛുവായ പുരുഷൻ, അതു തനിക്കു ന്യായമായികിട്ടാനുള്ള ഒരു കളിപ്പണ്ടമാണെന്നു കരുതുന്നു. ലോകത്തിലെ സുകുമാരത മുഴുവൻ, പരിപാവനത പൂർണ്ണമായി മഹനീയഗുണങ്ങളെല്ലാം ഒരു ഭാര്യയിലല്ലേ മൂർത്തീകരിക്കുന്നതു്? എന്തൊരു മഹനീയമായ നിരുപമമായ ത്യാഗമാണവരുടേതു്. എന്തു നിസ്സ്വാർത്ഥത, മഹാമനസ്കത, സേവനസന്നദ്ധത? ഭർത്താവെന്ന ആ കൃതഘ്നതാമൂർത്തിയുടെ താളത്തിനൊത്തു അവൾ ആടേണ്ടിയിരിക്കുന്നു, രാഗത്തിനൊത്തു് അവൾ പാടേണ്ടിയിരിക്കുന്നു. കഷ്ടം! കിരാതമായ നമ്മുടെ സാമുദായികാചാരങ്ങളിൽ വിപ്ലവകരമായ മാററങ്ങൾ വരുത്തേണ്ടകാലം എത്ര കടന്നിരിക്കുന്നു. പുരുഷനിർമ്മിതമായ ഇന്നത്തെ സദാചാരനിയമങ്ങളെല്ലാം തല്ലിത്തകർത്തു സ്ത്രീകളാൽ സൃഷ്ടിക്കപ്പെടുന്ന ഒരു ലോകത്തിലെത്തിയല്ലാതെ ലോകം മുന്നോട്ടുപോകുന്നതല്ല, പരിഷ്കൃതമാകുന്നതല്ല.

അവളെക്കൂടാതെയുള്ള എന്റെ ജീവിതം! ഹോ, അപ്പോൾ അവൾ മരിച്ചുപോവുകയാണെങ്കിൽ ആ അതു സംഭവിക്കുക! ഞാനെന്തെല്ലാം വിചാരിക്കുന്നു. ഈ ലോകത്തിൽ അവൾ ഉണ്ടായിരിക്കയില്ല. ഇന്നു ഞാൻ ചെല്ലുമ്പോഴത്തേപ്പോലെ എല്ലാം നിശ്ശബ്ദതയിൽ നിർല്ലീനമായിരിക്കും. സകലതും നിരാശയിൽനിമഗ്നമായിരിക്കും. 'ഇന്നെന്തിത്ര താമസിച്ചു' എന്ന ആ സ്നേഹപൂർമായ ചോദ്യം ചോദിക്കാനാരുമുണ്ടാകയില്ല. എന്റെ വേഷത്തിൽ ശ്രദ്ധിക്കാൻ, ആഹാരത്തിൽ ശ്രദ്ധിക്കാൻ, ആരോഗ്യത്തിൽ ശ്രദ്ധിക്കാൻ—ഹാ എന്റെ ജീവിതത്തിന്റെ കൂരിരുളിൽ ഒരു കൈത്തിരിയുമേന്തി വഴികാട്ടുവാനാരുംതന്നെയുണ്ടാകയില്ല. എത്ര ശോചനീയമായ ഒരവസ്ഥയായിരിക്കുമതു്? എത്ര അസഹനീയമായതും? ഞാൻ പിന്നെ മരിക്കയായിരിക്കുകയല്ലേ വേണ്ടതു്. അല്ലെങ്കിൽ ദുർമ്മുഖനായ വാല്യക്കാരന്റെ ഔദ്ധത്യത്തിനു് ഞാൻ തപസ്സുചെയ്യുയോ? വൃത്തികെട്ട ഹോട്ടലുടമസ്ഥന്മാരുടെ ധിക്കാരത്തെ ഞാൻ സഹിക്കുകയോ? എന്റെ ഹൃദയം ത്രസിച്ചുതുടങ്ങി. അയ്യോ എന്റെ ദേവി! നീയെനിക്കുമാപ്പുതരൂ! ഞാനൊരു ക്രൂരനായിരുന്നു; അവിടത്തെമ

ഹനീയത ഞാൻ മനസ്സിലാക്കിയില്ല. പരിഗണിച്ചില്ല. ഞാൻ എന്റെ ഹൃദയക്ഷേത്രത്തിൽ ഭവതിയെ പ്രതിഷ്ഠിച്ചു നിത്യവും പുഷ്പാഞ്ജലി ചെയ്തുകൊള്ളാം. ഇതാ ഈ നിമിഷം ഞാൻ ഒരു ശപഥം ചെയ്യാൻ ഉപയോഗിച്ചുകൊള്ളട്ടെ. ഇനിമേൽ ഞാൻ ഒരവസരത്തിൽപോലും ഭവതിയെ മനസാ വാചാ കർമ്മണാ അവഗണിയ്ക്കയില്ല. ഒരു തലമുടിനാരിനുപോലും ഹാനിതട്ടുന്ന ഒന്നിനും ഞാൻ ഒരുമ്പെടുകയില്ല. എന്റെ ദേവി! ഞാനിതുവരെ ചെയ്ത സമസ്താപരാധവും അവിടുന്നു പൊറുക്കയില്ലേ?.

എന്റെ ഉള്ളെല്ലാംകത്തി. അതാ ഗേറ്റു കാണുന്നു.

അതേ, ഞാനിനി അവളെ ആദ്യമായി കാണുമ്പോൾ അവളുടെ കാലടികളിൽ നമസ്കരിച്ചു ദയയായി എനിക്കു മാപ്പു നൽകുകയില്ലേ എന്നു കേണുവീണപേക്ഷിയ്ക്കും നിശ്ചയം സത്യം.

ഞാൻ ഗേറ്റു സമീപിക്കാറായി എന്റെ ഇടനെഞ്ചുപൊട്ടി, കണ്ണുകളിൽ ബാഷ്പബിന്ദുക്കൾ പൊടിഞ്ഞു. എന്റെ കൈയും കാലും കുഴയുന്നതുപോലെതോന്നി.

ഞാൻ ഗേറ്റുതുറന്നു. അവൾ പൂന്തിണ്ണയിൽ നിൽക്കയാണ്. കൈയിൽ ഏററവും ഇളയ കുട്ടിയുണ്ട്. അവനെ സ്നേഹവാത്സല്യങ്ങളോടെ നോക്കി പൂങ്കവിളിന്മേൽ ഒന്നു ചുംബിച്ചുകൊണ്ട്

ദാ കുഞ്ഞേ! നിന്റച്ഛൻ! എന്നുപറഞ്ഞു.

ഞാനൊന്നുഞെട്ടി; ഞാൻസ്വപ്നംകാണുകയാണോ.

എന്റെ പരിഭ്രമം അവൾ മനസ്സിലാക്കിയിരിയ്ക്കണം.— ഒരുത്തമന്ദഹാസത്തോടെ അവൾ പറഞ്ഞു.

'പിന്നെ, ഇവിടെ ആരുമില്ലാഞ്ഞതുകൊണ്ടു ഞാൻ പെട്ടെന്നിങ്ങുപോന്നു. അച്ഛനു കുറെ സുഖമുണ്ട്.'

ഓ: ഞാൻ മൂളി, എന്തൊരുപദ്രവമാണ് എന്നരാഗത്തിൽ, ഒരു മുഖച്ചുളിവോടെ.

ഞാൻ തിണ്ണയിൽ പ്രവേശിച്ചപ്പോഴേക്കു അവൾ അടുത്തുവന്നു എന്റെ കൈയ്യിലിരുന്ന കുടവാങ്ങിക്കൊണ്ട് 'എന്തു് ഇന്നിത്രതാമസിച്ചു'. എന്നു് അന്വേഷിച്ചു.

തലമുറതലമുറയായി, അബലയായ സ്ത്രീയോടു് രാക്ഷസനായ പുരുഷൻ കാണിക്കുന്ന ക്രൂരതയുടെ മൃഗീയതത്തിന്റെ പരുഷതയുടെ ചുളിവുകളേക്കൊണ്ടു്, മുഖം വികൃതമാക്കിക്കൊണ്ടു്, അവൾ എന്നെ അനുധാവനം ചെയ്യുമെന്നുള്ളതു് അവഗണിച്ചുകൊണ്ടു ഞാൻ എന്റെ മുറിയിലേക്കു നടന്നുപോയി.

നമ്പ്യാരുടെ തുള്ളൽക്കഥകൾ

പുതിയ പതിപ്പ് അച്ചടിച്ചു തയാറായിരിക്കുന്നു.

വില രൂപാ 4 മാത്രം.

മാനേജർ, ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

രാധയുടെ രഹസ്യം.

(കീഴ്ക്കുളം എൻ. രാമൻപിള്ള എം. എ.)

ഞാനൊരുകാര്യം പറഞ്ഞാൽ സഖി!
ആരോടും നീ ചൊല്ലുകില്ലേ?
രാധയെ സ്നേഹമുണ്ടെങ്കിൽ നീയി-
തോതരുതാരോടും ബാലേ!

നന്മധുചിന്തും സ്വരത്തി- ലിന്നു
നമ്മുടെ കൊച്ചുഗോപാലൻ
എന്മുന്നിൽ വന്നൊരുപുത്തൻ പ്രേമ-
ക്കണ്മിഴിപാകിപ്പതുക്കെ
എന്തൊക്കെയോ ചൊല്ലിനിന്നാ നൊന്നാ
ച്ചെന്താമരക്കണ്ണൻ, കണ്ണൻ
എന്മുഖം ചന്ദ്രനെക്കാളും പുതു
നന്മപുലർന്നതുപോലും
നല്ലിളം മെയ്യിതുകണ്ടാൽ തങ്ക
വല്ലിയും വന്ദിക്കുംപോലും
കണ്ണും പുരികവുമാക്ക മൊന്നു
വർണ്ണിപ്പാനും പണിപോലും
ഇപ്രകാരമവനോരോ- ന്നോറ്റം
കെല്പിലരുളിയതെല്ലാം
അമ്മാതിരിതാൻ പകർത്താൻ നാണം
സമ്മതിക്കുന്നില്ലെൻതോഴീ!
ഓടക്കുഴലുമീവാചം കേട്ടോ
പാടിമൽകീർത്തനം വീണ്ടും
നാദബ്രഹ്മംതന്നിലപ്പോ- ളാർദ്ര
മോദംവിലീനയായ്പ്പോയ് ഞാൻ.
മുല്ലപ്പൂവൊന്നിനാൽപ്പിന്നെ കൃഷ്ണൻ
മെല്ലെന്നെറികയായെന്നെ
പെട്ടെന്നുറക്കത്തിൽനിന്നു- മൊന്നു
ഞെട്ടിയുണർന്നപോലീഞാൻ
പേർത്തമ്പരന്നങ്ങുനില്പായ് അത്ര
പാർത്താനവൻസുസ്മിതാഭം
ഞാനുമവനും ജഗത്തും ഭേദ
ഹീനമെന്നക്ഷണംതോന്നി
സത്വരം നന്ദകുമാര- നൊരു
നർത്തനത്തിനുവിളിച്ചാൻ

* * * * *

രാധയെസ്നേഹമുണ്ടെങ്കിൽ നീയി-
തോതരുതാരോടും ബാലേ!

പുതിയ

ഇംഗ്ലീഷ് മലയാളം നിഘണ്ടു

ഇതുവരെ ഉണ്ടായിട്ടുള്ള എല്ലാ നിഘണ്ടുക്കളെക്കാളും കൂടുതൽ വാക്കുകൾ അടങ്ങിയതു! അനുപമമായ ഭാഷാശുദ്ധി!! തജ്ജ്ഞന്മാർക്ക് വിലതീരാത്ത അനുഗ്രഹം!!!

വില രൂ. ൩ ണ. ൪.

മാനേജർ, ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

ആളുകൊല്ലിസാഹിത്യം

(കെ. കാർത്തികേയൻ എം. എ.)

"അറികില്ലനുരാഗമേറെയാ-
ളറിവോർ തെറ്റിടുമൊക്കെയൊക്കുകിൽ
നിറവേറുകയില്ലകാമിതം
കുറയും ഹാ! സഖിഭാഗ്യശാലികൾ."

ഇതാണിന്നത്തെ ജീവിതാദർശം. നോവലും ചെറുകഥയും ഖണ്ഡകാവ്യവും ഉയർത്തിക്കാണിക്കുന്ന ആദർശദീപം. പ്രണയവും പ്രേമവും അനുരാഗവുമൊക്കെ പണ്ടുമുണ്ടായിരുന്നു. പക്ഷേ ഇന്നുകാണുന്ന വിഷവേഗം അന്നവയ്ക്കില്ലായിരുന്നു. "യുവലോകമേലുമേകാന്തമാം ചരിതം." അറിഞ്ഞവർക്കറിയാം അതിന്റെ ഏടാകൂടങ്ങൾ. പ്രണയിച്ചപെണ്ണിനെ മറ്റൊരുത്തൻ കൊണ്ടുപോയാൽ ദീക്ഷവളർത്തുന്നവൻ, ലോകത്തോടു യാത്രപറഞ്ഞു് കവിതയെഴുതുന്ന പെണ്ണ്, കെട്ടിഞാന്നുചാകുന്നവർ, ആറ്റിൽ ചാടുന്നവർ, ഒതളങ്ങാ (ചാട്ടങ്ങാ) തിന്നു മരിക്കുന്നവർ, എന്നുവേണ്ടാ ഈ അനുരാഗം ചെയ്യുന്ന കടുംകൈകൾക്കതിരില്ല. നാട്ടിനും വീട്ടിനും കൊള്ളാവുന്ന ചെറുപ്പക്കാർ പ്രണയത്തിന്റെ പേരിൽ പിച്ചുപിടിച്ചു നടക്കുന്നതു കഷ്ടമാണ്. ഇതിനെല്ലാം ഉത്തരവാദിആർ? തീർച്ചയായും അതു സാഹിത്യകാരനാണ്. നോവൽപ്രസ്ഥാനം തകൃതിയായപ്പോൾ അച്ഛനമ്മാവന്മാരുടെ വാക്കുകേൾക്കുകയില്ലെന്ന് ശാഠ്യം പിടിച്ച് പെണ്ണും ആണും ചാടിപ്പോകുന്നതു് ഒരു നിത്യസംഭവമായി. അതിനുമുമ്പുണ്ടായിരുന്ന പെണ്ണുംആണും "ഗുരുജനവചനം കുലക്രമം" എന്ന വട്ടവരയുടെ ഉള്ളിൽ കിടന്നു പ്രണയിച്ചു. അതിന്റെ ഫലമായി ഇന്നത്തെ ഈ പ്രണയകേദാരങ്ങളുണ്ടായി. ഇന്ദുലേഖ വന്നപ്പോൾ പാവപ്പെട്ട പഞ്ചുമേനവന്മാരെ ധ്വംസിക്കുന്നതു് ജീവിതവ്രതമായി ചെറുപ്പക്കാർ സ്വീകരിച്ചു. ഇന്ദുലേഖ പഠിപ്പിച്ച ഉന്നതാദർശം, ഒരു ചെറുക്കനുംപെണ്ണും സ്നേഹിച്ച്. അവർ ഭാര്യാഭർത്താക്കന്മാരാവണം. അതിനെന്തുതപസ്സ് ഒടുവിൽ അതു സാധിച്ചു സർവം സുഖം; മംഗളം. മക്കളും മക്കടെ മക്കളുമായി അവർ വളരെക്കാലം സുഖമായി ജീവിച്ചു. കവിക്കിത്രയെ പറയാനുള്ളൂ. വിവാഹം സ്ത്രീപുരുഷന്മാരുടെ ജീവിതലക്ഷ്യം. അതു കഴിഞ്ഞാൽ എല്ലാം മംഗളം; അഥവാ വെറും ശൂന്യം. ബുദ്ധിമാനായ ഒരു യുവാവോ ബുദ്ധിമതിയായ ഒരു യുവതിയോ ജീവിതത്തിൽ ചെയ്യുന്ന ഏറ്റവും വലിയ മണ്ടത്തരമാണ് വിവാഹം. വിവാഹം ജീവിതലക്ഷ്യമെ അല്ല. അവിടെ ജീവിതം ആരംഭിക്കുന്നതേയുള്ളൂ. നോവൽസാഹിത്യം പഠിപ്പിക്കുന്ന ജീവിതാദർശം കല്യാണമാണ്. ഒരുത്തനായാലവനു പ്രണയിപ്പാനൊരുത്തിവേണം. പായസത്തിനു നാരങ്ങാപ്പുളിപോലെ അതിൽ ചിലനൈരാശ്യങ്ങളും വേണം. അനന്തപത്മനാഭനു് പാറുക്കുട്ടിയെ കല്യാണം കഴിക്കണം. അതു് മാർത്താണ്ഡവർമ്മ.

ഖണ്ഡകാവ്യത്തിലെ പ്രണയം ഒരാവർത്തന കൂടിനടന്നതു്.

"അറിയും ജനനീതി സീമയെ-
ത്തിറമായ് കാക്കുമപൂർണ്ണരാഗികൾ
നിറയും രതിലോകസംഗ്രഹം
കുറിയാക്കാ സഖി ക്രുസലാന്നിടാ."

ലോകസംഗ്രഹത്തെ കുറിയാക്കാത്തവരും ക്രുസലാക്കാത്തവരുമാണു് നിറഞ്ഞ രതിയുള്ളവർ. തങ്ങൾ ഉൾക്കൊള്ളുന്ന പ്രേമത്തിന്റെ പരിശുദ്ധി കാണിപ്പാൻ ഇക്കൂട്ടർ എന്തു ധിക്കാരവും എത്ര ഭ്രാന്തും കാണിക്കാൻ ഒരുക്കമാണു്. അവരുടെ യോഗ്യതയ്ക്കുള്ള ഉരകല്ലതാണു്. "പൂവിനെ മക്ഷികാളിപോലെ" കുറെ തെണ്ടിപ്പിള്ളർ കൂക്കിയും വിളിച്ചും പരിഹാസങ്ങളൊക്കെയേന്തി പുറകെനടന്നുചെല്ലുന്ന "നിറയുംരതി" വാസുപിള്ളയെ എനിയ്ക്കറിയാം. നല്ലൊരു ചെറുപ്പക്കാരൻ. ബി. എ. ഒരു പെണ്ണിനെ പ്രണയിച്ചു. അവൾക്കിങ്ങോട്ട്—എ. ഹെ—വാസുപിള്ളയ്ക്കു് "അവശം വിട്ടു നിസ്സംഗചേഷ്ടകൾ." കയ്പിന്റെ മാധുര്യത്തിലാണു് ഇക്കൂട്ടരുടെ ദൃഷ്ടി. വഴിപിഴച്ച സാഹിത്യം ചെയ്യുന്ന വേണ്ടാതനം. പ്രണയസാഫല്യത്തേക്കാൾ പ്രണയഭംഗത്തെയാണു് ഇക്കൂട്ടർ കൊതിക്കുന്നതു്. ചുളുവിൽ ആദർശവീരനാകാമല്ലോ! ഇത്തരം വിശ്വാമിത്രസൃഷ്ടികൾ വെറുംഭീരുക്കളാണെന്നു് അറിഞ്ഞവർക്കറിയാം. ഒരു പ്രണയവീരനെ നിങ്ങൾ വിളിച്ചു് പറയണം, അയാൾ കാമിക്കുന്ന ദേവികാറാണിയെ കല്യാണം കഴിക്കാൻ ഉടൻ തയാറായിക്കൊള്ളണം, വേണ്ട ഏർപ്പാടുകളെല്ലാം ചെയ്തിട്ടുണ്ടെന്നു്. ആ നിമിഷത്തിൽ അയാൾ കാലുമാറും. കാരണം മറ്റൊന്നല്ല. അയാൾ എപ്പോഴും സ്വകപോലകല്പിതമായ ഒരു ശിവലോകത്തു് കഴികയാണു്. അവിടെ പെണ്ണിനുടുക്കാനും തേയ്ക്കാനും ഒന്നും അന്വേഷിച്ചുകൊടുക്കേണ്ട ഭാരം അയാൾക്കില്ല. പേറും പിറപ്പുമില്ല. പിള്ളേർ അലട്ടുകയില്ല. അവളൊരുപൂ—താനൊരു വണ്ടു്. അവളൊരമ്പിളി; താനൊരു ശരദഭ്രം—കുയിൽ പാട്ടും, കുളിരിളകും. തളിർനിര മൃദുതാളമേകും—മുഴുക്കിറുക്കനായി പാല്പായസവും കുടിച്ചു നടക്കുന്നവനാണു് കാമുകൻ. അങ്ങിനെയുള്ള വിഡ്ഢികളെ സൃഷ്ടിച്ചു വിടാനാണു് നമ്മുടെ സാഹിത്യം നിലകൊള്ളുന്നതു്. ഈ ഉച്ചക്കിറുക്കു് തീരണമെങ്കിൽ നമ്മുടെ ശാശ്വത സാഹിത്യം ഒന്നിച്ചു് അറബിക്കടലിൽ കെട്ടിത്താഴ്ത്തണം.

"വരിക ഹൃദയനാഥ! വൈകി കാണ്മാൻ
തിരുവടി മൗലിയിൽവയ്ക്കുവൻ മഹാത്മൻ
തരിക ചിരവിയുക്തദർശനം നീ
കരുണവഹിക്കുക ദാസിഞാൻ ദയാലോ"

പാവപ്പെട്ട പെണ്ണുങ്ങൾക്കു പേപിടിക്കും, ഇതൊക്കെ വായിച്ചാൽ. വികാരഭരിതനാണു് കവി; വികാരതരളിതമായിരിക്കണം കവിത. എന്നു പറഞ്ഞാൽ കവി പേപ്പട്ടിയാണു്, അയാളെ തൊടുന്നവർക്കൊക്കെ പേയിളകും എന്നർത്ഥം. കല കലയ്ക്കുവേണ്ടി! പേ പേയ്ക്കുവേണ്ടി.!!

മേരിയും, പീരിയും.

ശാസ്ത്രീയലോകത്തിൽ അനശ്വരമായ യശസ്സു സമ്പാദിച്ച രണ്ടു വ്യക്തികളുടെ ജീവിതത്തിലെ ചില രംഗങ്ങൾ.

(കെ. പി. ശങ്കരമേനോൻ, ബി എ, ബി എൽ.)

III

ആ ശാന്തമായ സായങ്കാലസന്ദർശനം ഇരുവരുടെ ജീവിതത്തിലും അതിപ്രധാനമായ ഒരു സംഭവമായി പരിണമിച്ചു. പരസ്പരാനുകമ്പ ആ ഫ്രഞ്ചുകാരനായ അദ്ധ്യാപകനേയും ആ പോളിഷ് വിദ്യാർത്ഥിനിയേയും അടുപ്പിച്ചു. ക്യൂരിയുടെ അനാഡംബരമായ വേഷവും ശാന്തമായ മുഖഭാവവും, സംഭാഷണത്തിൽ പ്രത്യക്ഷപ്പെട്ട പ്രസിദ്ധമായ ചിന്താസരണിയും മേരിയെ വളരെ ആകഷിച്ചു. അദ്ദേഹത്തിന്റെ നേത്രങ്ങൾക്കും നോട്ടങ്ങൾക്കും ഏതോ ഒരു പ്രത്യേകതയുള്ളതുപോലെ അവൾക്ക് തോന്നി. സ്വാഭാവികമായ സംസ്കാരലക്ഷണങ്ങൾ അദ്ദേഹത്തിന്റെ അംഗവിക്ഷേപങ്ങളിലും, സംഭാഷണരീതിയിലും പ്രത്യക്ഷപ്പെടുന്നതുപോലെ മേരിക്ക് അനുഭവപ്പെട്ടു. താൻ ആദർശമായി കരുതിയിരുന്ന ഒരു ഉൽകൃഷ്ടജാതനായ യുവാവിന്റെ സകല ലക്ഷണങ്ങളും മേരി ഈ പുതിയ പരിചയക്കാരനായ ശാസ്ത്രജ്ഞനിൽ നിരീക്ഷിച്ചു.

മേരിയുടെ ആകാര സുഷമ തീർച്ചയായും ക്യൂരിയെ ഇച്ഛാഭംഗപ്പെടുത്തിയില്ല. അവർ തമ്മിലുള്ള ആദ്യസംഭാഷണങ്ങൾ തങ്ങൾ പ്രയത്നിച്ചുവന്നിരുന്ന ശാസ്ത്രലോകത്തിലെ ഏറ്റവും നൂതനങ്ങളായ ഗവേഷണങ്ങളെപ്പറ്റി തന്നെയായിരുന്നു. ലജ്ജാഭരിതയായി ആ യുവതി ഒരു ഗവേഷണശാലയുടെ അദ്ധ്യക്ഷനായ യുവാവിനോട് പല ചോദ്യങ്ങളും ഒരു വിദ്യാർത്ഥിനിയുടെ മനോഭാവത്തോടുകൂടി ചോദിച്ചു മനസ്സിലാക്കി. താൻ വളരെ ഇഷ്ടപ്പെടുന്ന ഗവേഷണവിഷയങ്ങളെപ്പറ്റി ഇത്ര വളരെ ശ്രദ്ധിക്കുന്ന ഒരു സ്ത്രീയെ ഇതിനു മുമ്പ് ഒരിക്കലും ക്യൂരിയ്ക്കു പരിചയപ്പെടാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ടുതന്നെ ഈ പ്രഥമ സമ്പക്കത്തിൽ അദ്ദേഹം ഒരു നവീനത്വം ദർശിച്ചു. ആ നവീനതയിൽ അസാമാന്യമായ ഒരാനന്ദംകൂടി ലീനമായിരുന്നതായി അദ്ദേഹത്തിനു തോന്നി. ഈ അസാധാരണത്വം പീരി ക്യൂരിയുടെ സൗന്ദര്യബോധത്തെ തട്ടിയുണർത്തി. മേരിയുടെ ഭംഗിയേറിയ കേശഭാരവും, ചന്ദ്രബിംബസമാനമായ അവരുടെ ഫാലപ്രദേശവും അദ്ദേഹത്തിൽ ആനന്ദത്തേയും പ്രേമത്തേയും അങ്കുരിപ്പിച്ചു. ഗവേഷണശാല

കളിലെ വിവിധ വാതകസ്പർശനങ്ങളാൽ അലങ്കോലപ്പെട്ട അവരുടെ കരചർമ്മങ്ങൾ, പ്രായോഗിക ശാസ്ത്രത്തിൽ അവൎക്കുള്ള വൈദഗ്ദ്ധ്യത്തെ വിളിച്ചുപറയുന്നപോലെ ക്യൂരിക്കു തോന്നി. ഈ ആദ്യസമ്പൎക്കം പിന്നീടുള്ള സന്ദൎശനങ്ങൾക്കും പ്രതിസന്ദൎശനങ്ങൾക്കുമുള്ള വഴിതെളിച്ചു. തൽഫലമായി അവരുടെ പരസ്പര ആദരവും ബഹുമാനവും വൎദ്ധിച്ചുവന്നു. കുറച്ചുകാലം ഇങ്ങിനെ കഴിഞ്ഞു. അവർ പരസ്പരം അന്തരംഗരായി ഭവിച്ചു. പ്രാണേശ്വരിയുടെ നിയോഗത്തെ സൎവ്വഥാ അനുസരിക്കുന്നതിനു തയ്യാറായി. ആ പ്രണേതാവു്, ആലസ്യത്തെ ഉപേക്ഷിച്ചു് കൎമ്മപദ്ധതിയിൽ കൂടുതൽ ഉത്സുകനാകുന്നതിനുള്ള ആജ്ഞയെ ശിരസാ വഹിച്ചു. തൽഫലമായി രണ്ടു മൂന്നു ഗവേഷണോപന്യാസങ്ങൾ കൂടി പാശ്ചാത്യശാസ്ത്രത്തിനു ലഭ്യമായി.

* * * * *

* * * * *

പാരീസ് നഗരത്തിലെ ഫിലൻടീൻസ് (Fenileantines) റോഡിലെ ആ ചെറിയ മാളികയിൽ ഇതു പത്താമത്തേ തവണയാണു് ഈ ഗവേഷകന്മാർ സമ്മേളിക്കുന്നതു്. അതു് ജൂൺമാസത്തിലെ ഒരു സായാഹ്നമായിരുന്നു. പാരീസിൽ ജൂൺമാസം ചൂടുകാലമാണു്. അവരുടെ മുൻപിലുണ്ടായിരുന്ന മേശപ്പുറത്തു് മേരിയുടെ കണക്കുശാസ്ത്രസംബന്ധമായ ചില ഗ്രന്ഥങ്ങൾ ഉണ്ടു്. അതിനടുത്തു് ഈ രണ്ടു ശാസ്ത്രപ്രണയികളുംകൂടി ഒരു വിനോദയാത്രയ്ക്കു് പോയ അവസരത്തിൽ സംഭരിച്ച കുറേ വെളുത്ത ഡെയിസി (White Daisies) പുഷ്പങ്ങൾ ഒരു ചെറിയ ഗ്ലാസിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു. ഒരു ചെറിയ സ്പിരിട്ടുലാമ്പിൽ വച്ചു തിളപ്പിച്ചു് ഉണ്ടാക്കിയ ചായ ആ യുവതി ആഗതനു് ഒഴിച്ചുകൊടുക്കുന്നു. പീരി തന്റെ ഏററവും നൂതനമായ ഗവേഷണ വിഷയത്തെപ്പററി സംസാരിക്കുകയായിരുന്നു. പക്ഷെ പൊടുന്നനവെ പീരി ചോദിച്ചു. “നിങ്ങൾ എന്റെ മാതാപിതാക്കന്മാരെ അറിയണമെന്നു് ഞാൻ ആഗ്രഹിക്കുന്നു. ഞാൻ അവരോടൊന്നിച്ചാണു് എന്റെവീട്ടിൽ താമസിക്കുന്നതു്. അവർ നല്ലവരാണു്.” ഇതിനെ തുടൎന്നു് അദ്ദേഹം തന്റെ മാതാപിതാക്കൻമാരെയും, ബാല്യകാലത്തേയും പററി കുറെ വിവരിച്ചു പറഞ്ഞു.

മേരി ഇതെല്ലാം ക്ഷമയോടെ ശ്രദ്ധിച്ചു. അവരുടെ ബാല്യകാലവുമായിട്ടുള്ള സാമ്യങ്ങൾ കണ്ടു് അവർ അത്ഭുതപ്പെട്ടു. അവർ പരസ്പരം സ്മരണകൾകൈമാറി. പോളൻഡിലെ ഗ്രാമീണ ജീവിതത്തെ മേരി ചിത്രീകരിച്ചു കേൾപ്പിച്ചു. എന്നിട്ടു് ആ പരിസരങ്ങൾ കാണാൻ അവൎക്കു് അധികതാമസം കൂടാതെ ഒന്നുകൂടി ഇടയാകുമെന്നും പറഞ്ഞു.

“എന്നാൽ ഒക്ടോബറിൽ നിങ്ങൾ തിരിയെ വരുകയില്ലെ? തീൎച്ചയായും നിങ്ങൾ തിരിയെ വരുമെന്നു് എന്നോടു് പ്രതിജ്ഞ ചെയ്യുക. നിങ്ങൾ പോളൻഡിൽതന്നെ താമസിക്കുവാൻ വിചാരിക്കുന്നെങ്കിൽ നിങ്ങൾക്കു് ഗവേഷണം പൂൎത്തിയാക്കാൻ സാധിക്കുകയില്ല. ശാസ്ത്രത്തെ തിരസ്കരിക്കുന്നതിനു് നിങ്ങൾക്കു് ഇപ്പോൾ അവകാശമില്ല.”

ഈ വാക്കുകൾ ആത്മാൎത്ഥമായ ആവേശത്തോടു കൂടിയാണു് പീരി ഉച്ചരിച്ചതു്. പീരി പറഞ്ഞതു് ശാസ്ത്രത്തെ തിരസ്കരിക്കാൻ അവകാശമില്ലെന്നാണെങ്കിലും, യഥാൎത്ഥത്തിൽ അദ്ദേഹത്തിന്റെ ഉദ്ദേശം തെ

ന്നെ തിരസ്കരിക്കുന്നതിന് മേരിക്ക് അവകാശമില്ലെന്നായിരുന്നുവെന്ന് മേരിക്കു മനസ്സിലായി.

ഇതിനെ തുടന്ന് ഒരു നിശ്ശബ്ദത. പിന്നീട്ട മേരി അവളുടെ നേത്രങ്ങൾ പീരിയുടെ നേരേ പായിച്ചു കൊണ്ടു് നേമ്മയായ സ്വരത്തിൽ പറഞ്ഞു. "നിങ്ങൾ പറഞ്ഞതു് ശരിയാണെന്നു് എനിക്കു തോന്നുന്നു. ഞാൻ തിരിച്ചു വരുവാൻ വളരെ ആഗ്രഹിക്കും." അന്ന് പീരി അദ്ദേഹത്തിൻെറ ഭാവിയെപ്പററി പല സംഗതികളും മേരിയോടു പറഞ്ഞു. മേരി തൻെറ പ്രിയതമയായിരിക്കണമെന്നു് അന്നു പീരി അവരോടു് അഭ്യത്ഥിച്ചു. ഇതിനു് ലഭിച്ച മറുപടി ആഹ്ളാദപ്രദമായ ഒന്നായിരുന്നില്ല. തൻെറ ബാല്യകാലംമുതല്ക്കുള്ള ആദർശങ്ങളെ ഉപേക്ഷിച്ചു് ഒരു ഫ്രഞ്ച് ഗവേഷകൻെറ പ്രിയതമയായി കാലം കഴിച്ചുകൂട്ടുകയെന്നതു് മേരിക്കു വളരെ പ്രയാസമായിരിക്കുമെന്നു അന്നു് അവൾക്കു തോന്നി. വാഴ്സാനഗരത്തിൽ സ്ഥിരതാമസമുറപ്പിച്ചു് തൻെറ ജനങ്ങൾക്കും, രാജ്യത്തിനും ഉപകാരപ്രദമായ ഒരു ജീവിതം നയിക്കുന്നതിനായിരുന്നു അവൾക്കു് ആഗ്രഹം. പീരിയുടെ ആജീവനാന്ത സ്നേഹിതയായിരിക്കുവാൻ താൻ തയാറാണെന്നു് മേരി അദ്ദേഹത്തെ അറിയിച്ചു. പക്ഷെ ഈ പ്രതിജ്ഞകൊണ്ടു് അദ്ദേഹം തൃപ്തനായില്ല. ഇതിൽ കൂടുതലായി യാതൊന്നും വാഗ്ദാനം ചെയ്യാതെ ആ വനിത വാഴ്സയിലേക്കു് തീവണ്ടികയറി.

* * *

പീരിയുടെ ഇഛാഭംഗത്തിനു് അതിരു കല്പിക്കുവാൻ പ്രയാസമായിരുന്നു. അയാളുടെ ചിന്തകൾ സദാ മേരിയിൽ കേന്ദ്രീകരിച്ചുകൊണ്ടിരുന്നു. മേരി ഇക്കാലത്തു് സന്ദർശിക്കുവാൻ ഇടയായ സ്വിറ്റ്സർലണ്ടു്, ക്രീട്ടാസ് (Crettaz) ലെംബർഗ് (Lemburg) ക്രാക്കോ (Cracow) വാഴ്സ (Warsaw) മുതലായ ദിക്കുകളിലേക്കെല്ലാം തന്നെ പീരിയുടെ കത്തുകൾ അവരെ പിൻതുടന്നു. ഈ എഴുത്തുകളിൽ എല്ലാംതന്നെ ഒരേ ഒരു ആശയത്തിനായിരുന്നു പ്രാധാന്യം നൽകിയിരുന്നതു്. മേരിയെ തിരിയെ പാരീസിലെ ഗവേഷണശാലകളിലേക്കു ആകഷിച്ചുകൊണ്ടു വരുകയെന്നതായിരുന്നു അതു്. ആ മഹതിയുടെ സമാഗമത്തേയും സമ്പക്കത്തേയും കാത്തുകൊണ്ടു അവരുടെ ആജീവനാന്ത കാമുകൻ അവരെ പ്രതീക്ഷിച്ചു അസ്വസ്ഥചിത്തനായി അവിടെ കഴിഞ്ഞു കൂടുന്നുവെന്നും ഈ തീവ്രപ്രേമയാചനകളിൽ പീരി സൂചിപ്പിച്ചിരുന്നു.

"നമ്മുടെ ജീവിതം നമ്മുടെ സ്വപ്നങ്ങളാൽ—അതായതു നിങ്ങളുടെ രാജഭക്തിദ്യോതകമായ സ്വപ്നങ്ങളാലും, നമ്മുടെ മനുഷ്യമതപരമായ സ്വപ്നങ്ങളാലും നമ്മുടെ അതിലും ശ്രേഷ്ഠമായ ശാസ്ത്രീയ ഗവേഷണപരങ്ങളായ സ്വപ്നങ്ങളാലും-നിയന്ത്രിതമായി, സദാ നമുക്കു ഒരുമിച്ചു കഴിച്ചുകൂട്ടുവാൻ സാധിക്കുമെന്നുവരുകിൽ അതു് തീച്ചയായും അതി മഹനീയമായ ഒരു കായ്യമായിരിക്കും. അതുകൊണ്ടു നമുക്കു ഒരുമിച്ചു ജീവിതം നയിക്കുന്നതിനായി നിങ്ങൾ ഉടനെ ഇങ്ങോട്ടു പോരുക" ഇത്തരം വികാരപരങ്ങളായ നിരവധി പ്രേമലേഖനങ്ങൾ കൊണ്ടാണു് ആ മഹാനായ ശാസ്ത്രജ്ഞൻ തൻെറ പ്രേയസിയെ അച്ചനചെയ്തതു്.

* * *

പീരി അക്ഷമയോടെ കാത്തിരുന്ന ആ

ഒക്ടോബർമാസംവന്നു. അദ്ദേഹത്തിന്റെ ഹൃദയം ആഹ്ളാദഭരിതമായിത്തീർന്നു. തന്റെ സിരകളിൽക്കൂടി നവീനമായ ഒരു ചൈതന്യവും ആഹ്ളാദവും പ്രവഹിക്കുന്നതുപോലെ അദ്ദേഹത്തിനു തോന്നി. മേരി അവരുടെ പ്രതിജ്ഞ നിറവേററി. അവർ പാരീസിലേയ്ക്കു തിരിയെ വന്നു. പീരി തന്റെ പ്രേമപ്രാത്ഥനകൾ പിന്നേയും തുടന്നു. മേരിയോടുള്ള തന്റെ ആത്മാത്ഥത പീരി പലപ്രകാരത്തിലും പ്രത്യക്ഷപ്പെടുത്തിക്കൊണ്ടിരുന്നു. മേരി യഥാത്ഥത്തിൽ തന്നേ പ്രേമിക്കുന്നില്ലെന്നുവരുകിൽ, തന്റെ ഒരു സ്നേഹിതയുടെനിലയിൽ ഒരേ ഗവേഷണശാലയിൽ പ്രവൃത്തിയെടുക്കുവാൻ സാദ്ധ്യമാണോയെന്നുകൂടി അറിയുന്നതിനു പീരി ശ്രമിച്ചു. അല്ലെങ്കിൽ പീരി, മേരിയുടെ ഇഷ്ടംഅനുസരിച്ചു അവളോടൊന്നിച്ചു പോളൻഡിൽപോയി അവിടെ ഏതെങ്കിലും ഒരു ഉദ്യോഗംസ്വീകരിക്കുന്നപക്ഷം, അവൾ തന്നേവിവാഹം ചെയ്യുമോയെന്നും ആ ശാസ്ത്രജ്ഞൻ അവരോടു് ചോദിച്ചു. പോളൻഡിൽ പീരിയ്ക്കു നല്ല സമ്പാദ്യമുള്ള പ്രവൃത്തികിട്ടാൻ സാദ്ധ്യമല്ലെങ്കിൽ, അയാൾ പോളിഷ് ജനതയെ ഫ്രഞ്ചുഭാഷ അഭ്യസിപ്പിക്കുകയെങ്കിലും ചെയ്യാമെന്നു സമ്മതിച്ചു. പ്രഭുകുടുംബത്തിലെ ഗവർനെസ്സിന്റെമുമ്പാകെ ഈ ലോകപ്രസിദ്ധനായ ശാസ്ത്രജ്ഞൻ വിനീതനായി ഒരു പ്രേമയാചകനായി പ്രത്യക്ഷപ്പെട്ടു.

മേരിയുടെ ചില സ്നേഹിതകൾമുഖാന്തിരം ഈ വാത്ത പീരിയുടെ മാതാവു് അറിഞ്ഞു. അവർ മേരിയുടെ സോദരിയോടു് ഇപ്രകാരംപറഞ്ഞു: "എന്റെ പീരിക്കു്സമനായി ഇന്നു് ലോകത്തിൽ ഒരുത്തനില്ല. നിന്റെ സോദരി ഒട്ടുംതന്നെ വ്യാകുലപ്പെടേണ്ടായെന്നു പറയുക. ഈ വിവാഹം നടക്കുകയാണെങ്കിൽ, അവൾ തീച്ച്യയായും സൗഭാഗ്യവതിയായിത്തീരും."

* * *

മാസം പത്തു പിന്നീടുംകഴിഞ്ഞു. ഒടുവിൽ മേരി വിവാഹത്തിനു സമ്മതിച്ചു. പ്രബുദ്ധയായിരുന്ന ആ പോൾവനിതയ്ക്കു ജീവിതത്തേയും ധമ്മത്തേയുംപററി ചില ആദശങ്ങളും അഭിപ്രായങ്ങളുമുണ്ടായിരുന്നു. ഇതു് പീരിക്കു വളരെമുൻപുതന്നെ അറിയാമായിരുന്നു. പീരി അവരുടെ മേന്മ ദശിച്ചതു് ഈ അഭിപ്രായാദശങ്ങളിലല്ല. എന്നാൽ അവരുടെപ്രവൃത്തി ധീരതയിലും, കമ്മകുശലതയിലുംആണു്. അവരിൽ അനിതരസാധാരണമായി വിളങ്ങിയിരുന്ന അതിബുദ്ധിയും, ധൈയ്യവും, കുലീനതയും, ശ്രേഷ്ഠത്വവുമായിരുന്നു പീരിയെ ആദ്യകാലംമുതല്ക്കുതന്നെ ആകഷിച്ചിരുന്നതു്. ഒരു മഹാവ്യക്തിയുടെ സ്വഭാവവൈശിഷ്ട്യങ്ങളും, സംസ്കാരസമ്പത്തും ഈ സുന്ദരിയായ യുവതിയിൽ തിളങ്ങിവിളങ്ങിക്കൊണ്ടിരുന്നു.

ഒടുവിൽ ആദിവസവും സമാഗതമായി. വെള്ളവസ്ത്രവും, സ്വണ്ണമോതിരവും, വിവാഹസദ്യയും വേണ്ടായെന്നു അവർ നേരത്തെ തീരുമാനിച്ചിരുന്നു. അതുപോലെതന്നെ യാതൊരു മതകമ്മങ്ങളും വേണ്ടായെന്നും അവർ തീച്ച്യയാക്കിയിരുന്നു. എന്തെന്നാൽ ഇക്കാലമായപ്പോഴേക്കും പീരി ഒരു സ്വതന്ത്രചിന്തകനും, മേരി മതത്തെപ്പററി ചിന്തിക്കാത്തവളുമായിത്തീന്നിരുന്നു. അവക്കു വിവാഹാവസരത്തിൽ വ

ക്കീലന്മാരുടെ ആവശ്യവും ഉണ്ടായിരുന്നില്ല; എന്തെന്നാൽ അവർക്കു ലോകത്തിൽ അന്നു യാതൊരു സമ്പാദ്യവും ഉണ്ടായിരുന്നില്ലയെന്നുതന്നെപറയാം. ചില സ്നേഹിതന്മാർ വിവാഹസമ്മാനമായി അയച്ചുകൊടുത്ത തുകകൊണ്ടു് അവർ കുറച്ചുദിവസംമുൻപു വാങ്ങിയ പുതിയതും, തിളങ്ങുന്നതുമായ രണ്ടു ചവിട്ടുവണ്ടികൾ മാത്രമായിരുന്നു അവരുടെ അക്കാലത്തെ സ്വത്തു്. വരുന്ന വേനൽക്കാലത്തു്, അവർക്കു ആ നാട്ടുംപുറം മുഴുവനും, ആ ചവിട്ടുവണ്ടികളിൽ കയറി സഞ്ചരിച്ചുകാണണമെന്നതായിരുന്നു അവരുടെ ആശ.

ഇപ്രകാരം അതു അനിതരസാധാരണരീതിയിൽ നടത്തപ്പെട്ട ഒരു വിവാഹമായിരുന്നു. ഇളംനീലനിറമുള്ള വസ്ത്രങ്ങളാണു മേരി ധരിച്ചതു്. കലാശാലയിലെ ഏററവും പ്രിയപ്പെട്ട കുറച്ചു സുഹൃത്തുക്കൾ മാത്രമെ ക്ഷണിക്കപ്പെട്ടുള്ളു. മേരിയുടെ പിതാവായ പ്രൊഫസർ സ്‌ക്ലൊഡോവസ്കി വിവാഹത്തിൽ ഭാഗഭാക്കാകുന്നതിനു വാഴ്‌സയിൽനിന്നും വന്നിരുന്നു. അദ്ദേഹം പീരിയുടെ പിതാവായ ഡാക്ടർ ക്യൂരിയോടു് ഏററവും പരിശുദ്ധമായ ഫ്രഞ്ചുഭാഷയിൽ സംസാരിക്കുന്നതിനു പ്രത്യേകം ശ്രദ്ധപതിപ്പിച്ചു. അദ്ദേഹം പറഞ്ഞു: "നിങ്ങളുടെ സ്നേഹത്തെ അർഹിക്കുന്ന ഒരു മകളായിരിക്കും നിങ്ങൾക്കു മേരിയിൽ ലഭിക്കാൻപോകുന്നതു്. അവൾ ഭൂജാതയായതിനുശേഷം, യാതൊരുപ്രകാരത്തിലും എന്നെ അവൾ വ്യസനിപ്പിച്ചിട്ടില്ല."

വിവാഹം കഴിഞ്ഞുടൻതന്നെ ആ നവദമ്പതികൾ ലക്സംബർഗ്‌സ്റ്റേഷനിലേക്കു ഒരു മോട്ടാറിൽ കയറിപ്പോയി. അതു വളരെ സൂര്യപ്രകാശമുള്ള ഒരു ജൂലായിദിവസമായിരുന്നു. സാർബോൺകലാശാലയുടെമുൻപിൽ, ഫാക്കൾട്ടി അഫ്‌സയൻസു കെട്ടിടത്തിന്റെ പടിക്കൽ എത്തിയപ്പോൾ മേരി തന്റെ പ്രാണനാഥന്റെ കൈകൾ പതുക്കെ ഒന്നു ഞെരിച്ചു. അവരുടെ ദൃഷ്ടികൾ അന്യോന്യം മുട്ടി. പീരിയുടെ കണ്ണുകളിൽ ആനന്ദവും ശാന്തതയും വികാരക്ഷുഭിതയായിരുന്ന ആ ശാസ്ത്രജ്ഞ അന്നു ദർശിച്ചു. ഇപ്രകാരം രണ്ടു വിഖ്യാതരായ ശാസ്ത്രപ്രണേതാക്കളുടെ ജീവിതത്തിൽ മഹനീയവും ശ്രദ്ധേയവുമായ ഒരദ്ധ്യായം അവസാനിച്ചു. ഇതിനെത്തുടർന്നുള്ള— അതായതു് 1895 ജൂലായി 26-ാംതീയതി മുതൽ 1906 ഏപ്രിൽ 16-ാംതീയതിവരെ—പത്തുപതിനൊന്നുവർഷങ്ങളായിരുന്നു ഈ ദമ്പതിമാരുടെ ഏററവും ഭാഗ്യജീവിതകാലം. 1906-ലെ അത്യാഹിതം മാഡംമേരിക്യൂരിയെ ദുഃഖാർണ്ണവത്തിൽ നിമഗ്നയാക്കി; അവർ നിരാവലംബയായിത്തീർന്നു; എങ്കിലും അവർ ധൈര്യത്തോടെ ജീവിതായോധനത്തിൽ ഏർപ്പെട്ടു, പുതിയ പുതിയ ഗവേഷണങ്ങളാൽ നിസ്തുലമായ യശസ്സു് ശാസ്ത്രീയലോകത്തിൽ ആർജ്ജിച്ചു ലോകപ്രസിദ്ധയായി.

ആദർശവാദം

പി. ദാമോദരൻപിള്ള ബി. എ.

ഇക്കഴിഞ്ഞ ലക്കം 'സഹോദരി'യിൽ മി: കാർത്തികേയൻ എം. എ.യുടെ "ആദർശ്" ലേഖനംകണ്ടു. ആദ്യം അതിനൊരു മറുപടി എഴുതേണ്ട എന്നു് തോന്നിയെങ്കിലും, ഏതായാലും എന്റെ ഭാഗം പറഞ്ഞു നിർത്തിയേക്കാം എന്നു് പിന്നീടു കരുതി.

ഒരു സാഹിത്യനിരൂപകനായ എന്റെ നിരൂപണത്തിനു് തന്റെ ലേഖനം വിഷയീഭവിച്ചതിനെപ്പററി മി: കാർത്തികേയൻ സന്തോഷിക്കുന്നു. തീർച്ചയായും എന്റെ മാന്യ പ്രതിയോഗിയുടെ ഭാഷയ്ക്കു് കാവ്യശൈലിയുടെ ശക്തിയും, ഗദ്യശൈലിയുടെ തിട്ടവും ഉണ്ടെന്നുതന്നെ എനിക്കു് എപ്പോഴും തോന്നിയിട്ടുണ്ടു്. കാവ്യശൈലിക്കു് എപ്പോഴും ശക്തിയുണ്ടോ, ഗദ്യശൈലിമുഴുവൻ തിട്ടമായിരിക്കുന്നുണ്ടോ എന്നെല്ലാം ചിലർ ഇവിടെ സംശയിച്ചേക്കാം. അതിനുത്തരം പറയുകയല്ല എന്റെ ഇപ്പോഴത്തെ കർത്തവ്യം. മി: കാർത്തികേയൻ വേണ്ടത്ര ചിന്തിച്ചശേഷമാണു് അഭിപ്രായം പറയുന്നതെന്നു് എനിക്കു് തോന്നിയിട്ടില്ല; അതാണു് അല്പം തർക്കത്തിനു് കാരണമായിത്തീർന്നതു്.

ആദർശം പുരുഷപരമോ, മൂർത്തിപരമോ ആണെന്നുള്ള അദ്ദേഹത്തിന്റെ സിദ്ധാന്തം തന്നെ നോക്കുക. കേവലഭാവങ്ങളെ ആദർശമാക്കി പ്രസംഗിക്കുന്ന മഹാന്മാരെ എല്ലായിടത്തും കാണാം. അവക്കെല്ലാം തെററിയെങ്കിൽ ആ തെററു് ശരിയാണെന്നും, മി: കാർത്തികേയന്റെ ശരി തെററാണെന്നും ഞാൻ പറയും. "പുരോഗമന സാഹിത്യം ഒരാദർശം മാത്രമല്ലേ ആകുന്നുള്ളു" എന്നു് അദ്ദേഹം ഇപ്പോഴും പറയുന്നു. ഭാരതീയ തത്വചിന്തയിൽ അദ്ദേഹം പല ആദർശങ്ങളും കാണുകയും ചെയ്തു. അവയൊന്നും കേവലഭാവങ്ങളല്ലെന്നു് വാദത്തിനുവേണ്ടി സമ്മതിക്കുകതന്നെ. എന്നാലും അവയെങ്ങനെ മൂർത്തങ്ങളായി എന്നു് മി: കാർത്തികേയൻ തന്നെ കണ്ടുപിടിക്കേണ്ടിയിരിക്കുന്നു.

ഒരു പക്ഷെ പാശ്ചാത്യസാഹിത്യത്തെപ്പോലാവണം ഭാഷാസാഹിത്യം എന്നു് പറയുമ്പോൾ സാഹിത്യത്തെ സംബന്ധിച്ചിടത്തോളം തന്റെ ആദർശവാദം ശരിയാകുമെന്നു് മി: കാർത്തികേയൻ വിചാരിക്കുന്നുണ്ടായിരിക്കാം. എന്നാലും ആദർശത്തെ കണ്ണാടിയാക്കിയാൽ, അവനവന്റെ കുററങ്ങൾ നീങ്ങിയെന്നു വരുമെന്നും, അതുകൊണ്ടു് ഒരുവൻ മറെറാരാളെപ്പോലായിത്തീരുമെന്നും കരുതാവുന്നതല്ലല്ലോ. കണ്ണാടി നോക്കി വേഷംകെട്ടിയാൽ മററുചിലരെപ്പോലെ ആയിത്തീർന്നേക്കാം. പക്ഷെ വേഷമഴിക്കുമ്പോൾ പഴയ ആൾതന്നെ ശേഷിക്കും. ഭാഷാസാഹിത്യം വേഷംകെട്ടാൻ പുറപ്പെടരുതെന്നാണു് മററുള്ളവർ പറയുന്നതു്.

ഭാഷയിൽ കുററമററസാഹിത്യം ഉണ്ടാകുകയെന്നതാണു് പുരോഗമന ലക്ഷ്യമെ

ന്നാണ് മി. കാർത്തികേയന്റെ മറെറാരു വാദം. ഏഴുത്തച്ഛന് കുററങ്ങൾ ഉണ്ടെന്നും അദ്ദേഹം പറയുന്നു. . ഇതെല്ലാം എന്തൊരു നേരംപോക്കു്! ഒരാൾ സാഹിത്യം ചമയ്ക്കുന്നതു് മുൻഗാമിയുടെ കുററം കൊണ്ടാണത്രേ. ചിലപ്പോൾ അങ്ങനെയും വരാമെന്നല്ലാതെ അതൊരു നിയമമല്ല. മുൻഗാമികളുടെ സാഹിത്യഗുണം പലപ്പോഴും മാതൃകയായിത്തീരാറുണ്ടെന്നുള്ളതു് വിസ്മരിക്കാവുന്നതുമല്ല. അനന്തരസാഹിത്യത്തെ പ്രേരിപ്പിക്കാനും പലർക്കും സാധിച്ചിട്ടുണ്ടു്.

പുരോഗമന സാഹിത്യമെന്നതു് നന്മയിലേക്കുള്ള ഒരു മാററമായിരിക്കാം. എന്നാൽ അതിനുവേണ്ടി സാഹിത്യത്തെയും കലയേയും കുറിച്ചു് അവിചാരസഹമായ സിദ്ധാന്തങ്ങൾ പുറപ്പെടുവിക്കേണ്ട ആവശ്യമില്ലല്ലൊ. ശരിയായ സിദ്ധാന്തങ്ങൾ ഇരിക്കവേതന്നെ സാഹിത്യത്തിനു് പുരോഗമനസാഹിത്യമെന്നപേരോടെ പുലരാൻ സാധിക്കുമെന്നാണു് മററുള്ളവർ പറയുന്നതു്.

ജീവൽസാഹിത്യമെന്നപേരു് പുരോഗമനസാഹിത്യമെന്നു് മാററിയതു് മി: കാർത്തികേയൻ കരുതുംപോലെ നിഘണ്ടു നോക്കിയിട്ടൊ, ച, ക്ക, എന്നിങ്ങനെ അക്ഷരമെണ്ണിയിട്ടോ അല്ല. പഴയസാഹിത്യം ജീവത്തായിരിക്കുന്നു എന്നുള്ളതാണതിനു കാരണമെന്നു ഞാൻ തെളിച്ചു പറഞ്ഞിരുന്നിട്ടും അദ്ദേഹം അതുകണ്ടതേയില്ല. അഥവാ, കണ്ടിട്ടും ഒട്ടകപ്പക്ഷിയുടെ രീതിയിൽ അന്ധതയെ ശരണീകരിക്കയായിരിക്കാം; അതിനു വിരോധമില്ല.

"ജീവൽസാഹിത്യം" ശുദ്ധിയാക്കേണ്ടിയിരുന്നു എന്നാണു മി: കാർത്തികേയൻ ഭാഷാശാസ്ത്രത്തിന്റെ ഏ. ബി. സി. മനസ്സിലാക്കിയശേഷംവിധികല്പിക്കുന്നതു്. ആവൂ!ഏ. ബി. സി. വരെയായല്ലോ!പക്ഷെ ഒരുശബ്ദത്തെ ശുദ്ധിയാക്കാൻ ആരുടെയും ശുപാർശയും, പ്രചാരവേലയും, കക്ഷിപിടിത്തവുമൊന്നും ആവശ്യമില്ലെന്നു ഏതുഭാഷാശാസ്ത്രവും പഠിപ്പിക്കുന്നതാണു്. ശുദ്ധിയാകാൻ യോഗ്യതയുള്ള ശബ്ദങ്ങൾ താനെ അങ്ങനെയായിക്കൊള്ളും. യോഗ്യതയുടെ കുറവിനെ പരിഹരിക്കാനാണു ശുപാർശ ആവശ്യമായിവരുന്നതെന്നു മി: കാർത്തികേയൻ അറിയേണ്ടതാണു്. അഥവാ, ജീവൽസാഹിത്യത്തിനു യോഗ്യതയുണ്ടെങ്കിൽ അതു ശുദ്ധിയായിക്കൊള്ളട്ടെ. അർത്ഥമുള്ള ഒരുപേരു് നിർദ്ദേശിച്ചതുകൊണ്ടു് അതുതന്നെ ശുദ്ധിയാകണമെന്നു ഞാൻ കരുതിയിരുന്നില്ല. അർത്ഥമില്ലാത്ത എത്രയോ പേരു് ശുദ്ധിയായിരിക്കുന്നു!

പുരോഗമനസാഹിത്യം അപ്രാപ്യമായ ഒരാദർശമാണെന്നു പറയുമ്പോൾ, അതിലെ പട്ടിണിയും,വ്യഭിചാരവും,ജാതിവ്യത്യാസവുംമററുംമററും കഴിവുതികഞ്ഞ കവികൾ ഹൃദ്യമായരീതിയിൽ കൈകാര്യംചെയ്തുപോയെന്നു മി: കാർത്തികേയൻ ഓർക്കുന്നില്ല. ഈവക ദോഷങ്ങൾ ഇനിയും സാഹിത്യവിഷയമായിക്കൂടെന്നു ആരും വാദിച്ചിട്ടുമില്ല. കഴിവില്ലാത്തവർ അവ കൈകാര്യംചെയ്താൽ സാഹിത്യത്തിനുപകരം ഒരു കഴിവുകേടുമാത്രമേ ശേഷിക്കുകയുള്ളു. സാഹിത്യം ഒരിക്കലും വിഷയപ്രധാനമല്ലെന്നും, അതു സകലവിഷയങ്ങൾക്കും അതീതമാണെന്നുംപറഞ്ഞാൽ പുരോഗമനക്കാരുടെ തലയിൽ കയറുകയുമില്ല. ഒരു പ്രത്യേകവിഷയത്തിനു സാഹിത്യത്തെ നന്നാക്കാനാകട്ടെ, ചീത്തയാക്കാനാകട്ടെ ഇ

ത്തുവരെ സാധിച്ചിട്ടില്ലെന്നുള്ളതാണു പരമാർത്ഥം. ആസ്ഥിതിക്കു് ഇന്നായിന്ന വിഷയങ്ങൾ വർണ്ണിക്കണംഎന്നു അവർ ശഠിക്കുക്കുന്നതെന്തിനു്?

ഇങ്ങനെ മൗലികമായിത്തന്നെ പുരോഗമനക്കാരുടെ സിദ്ധാന്തങ്ങൾ ചിന്താകാലുഷ്യത്തിൻെറ ഫലങ്ങളായിത്തീർന്നിരിക്കുന്നുഎന്നാണു പറയേണ്ടതു്. ജീവിതം സാഹിത്യത്തിൻെറ കരുവായിത്തീരുമെന്നല്ലാതെ അതിൽനിന്നു ഉണ്ടാകുന്ന സാഹിത്യം ജീവിതത്തിൻെറ പകർപ്പായിരിക്കയില്ല. ടാജ്മഹാൾമന്ദിരം മാർബിൾക്കല്ലുകൊണ്ടാണു നിർമ്മിച്ചിരിക്കുന്നതെന്നുള്ളതിനാൽ അതു മാർബിൾക്കല്ലിൻെറ പകർപ്പാണെന്നു ഭോഷത്വത്തിനു നോബൽസമ്മാനംവാങ്ങുന്നവർമാത്രമല്ലെ പറയുകയുള്ളു? കല്ലും, മരവും കെട്ടിടത്തിൻെറ കരുക്കളാണെങ്കിലും കെട്ടിടം, കല്ലുമല്ല, മരവുമല്ല, ഒരു നൂതനസൃഷ്ടിയാണു്. ഈമാതിരി കാൎയ്യങ്ങൾ വായിച്ചോ, ചിന്തിച്ചോ അറിയാൻ ത്രാണിയില്ലാത്ത ചിലർ സാഹിത്യക്ഷേത്രത്തിൽകടന്നു് ആനവിരൾച്ചനടത്തുന്നതു കഷ്ടമല്ലേ? മി കാർത്തികേയനെപ്പോലെയുള്ളവർ അവക്കു തീവെട്ടിപിടിക്കുന്നതുകാണുമ്പോൾ ഒരു ഈൎഷ്യയും, താപവും തോന്നുന്നെങ്കിൽ അതു ക്ഷന്തവ്യമായിരിക്കുമെന്നാണു എൻെറ വിശ്വാസം.

കാമുകൻെറ കവിത.

(ഭ്രാന്തൻ.)

ഗാനം.

എന്തെടോ തങ്കക്കുടമേ നീയിന്നലെ
തിങ്കൾക്കീറൊത്തൊരു നെററിയിങ്കൽ
കസ്തൂരിസൗരഭ്യ മേറുന്നചന്ദനം
ചേൎക്കാതെ ചീഞ്ഞചെളിയണിഞ്ഞു?
ഏണകിശോരത്തിൻ ദീനമാം ദൃഷ്ടികൾ
നാണപ്പെട്ടുന്നനിൻ പക്ഷ്മളാക്ഷം
എന്തെടോ ചെററു ചുവപ്പിച്ചു കാകോളം
ചിന്തുവാൻ മുററുംതുനിഞ്ഞിവനിൽ
ചെന്തൊണ്ടിവായ്മലർചെററുവിട-
ത്തിയും
ചന്തത്തിൽ നീണ്ടഴകാൎന്നകയ്യാൽ
എൻെറയീ യെന്നെന്നുംനിൻെറതാം
കണ്ഠത്തിൽ
കെട്ടിനിവന്നൊരു ചുംബനത്തെ

എന്തെടൊ എന്തെടൊതന്നീടാതെന്നെനീ
എന്നെന്നും കേഴിപ്പു കേഴമാന്നേ?
ഇല്ലവിടില്ല യിങ്ങെത്തുന്നോരാദ്യമാം
നല്ലോരുവേളയെ തീൎച്ചയായും;
എത്രപിടഞ്ഞാലു മെത്രകിഴിഞ്ഞാലു-
മെത്രപൊളികൾ പറഞ്ഞിടിലും.
ഓമനെ നമ്മൾക്കുജീവിതശേഷമായ്
വാമമാമേതാനും വത്സരംതാൻ
ആയതിലെങ്ങാനും നീണ്ടോരുഭാവിയിൽ
ആയതലോചനേ നിൻെറയംഗം
ഒന്നുതലോടുവാനുള്ളൊരു ഭാഗ്യത്തെ
യെന്നെന്നുമോൎത്തോൎത്തു വാഴ്‌വു ഞാനും
അങ്ങിനെ രോമന്ഥമഭ്യസിച്ചല്ലിനെ
യിങ്ങുഞാൻ നീക്കുന്നു നിൎന്നിദ്രനായ്.

പരബ്രഹ്മവും തീവണ്ടിയും

(മൂർക്കോത്തു കുഞ്ഞപ്പ)

അച്ഛനെപ്പററിയുള്ള സ്മരണകൾ എഴുതേണമെന്നു പല സുഹൃത്തുക്കളും, സാഹിത്യകാരന്മാരും എന്നോടും, സഹോദരന്മാരോടും മുഖദാവിലും, എഴുത്തുമൂലമായും ആവശ്യപ്പെടാറുണ്ടു്.. ശ്രീ: മൂർക്കോത്തു കുമാരന്റെ പുസ്തകങ്ങളെക്കുറിച്ചും ,പ്രസംഗങ്ങളെപ്പററിയും ഉള്ളൂർ തുടങ്ങിയുള്ള സാഹിത്യകാരന്മാർ പ്രശംസിച്ചു പ്രസംഗിച്ചിട്ടും എഴുതീട്ടുംഉണ്ടു്. എന്നാൽ അദ്ദേഹത്തിന്റെ സംഭാഷണചാതുര്യത്തെപ്പററി അത്രയധികം, ആരും എഴുതീട്ടില്ലെങ്കിലും, അതിലും അദ്ദേഹത്തെപ്പററി ബഹുമാനമുള്ളവർ വളരെയുണ്ടു്. "അത്തരം സ്മരണകൾ എഴുതുവാൻ നിങ്ങൾക്കാണു് അവകാശം" എന്നാണു് ഒരു സുപ്രസിദ്ധസാഹിത്യകാരൻ എഴുതിയതു്.

പിതാവിനെപ്പററി പുത്രർക്കുണ്ടാവുന്ന അഥവാ ഉണ്ടാവേണ്ടുന്ന സ്നേഹബഹുമാനങ്ങളുടെ ശക്തികൊണ്ടു പിതാവിന്റെ ഗുണഗണങ്ങൾ പതിന്മടങ്ങായിട്ടാണു് പുത്രർ കാണുക. അത്തരം അതിശയോക്തിപരമായ അഭിപ്രായങ്ങൾ പുറത്തു വിളമ്പുന്നതു് ആളുകൾ ചിരിക്കാൻ വകയുണ്ടാക്കിക്കൊടുക്കുകയായിരിക്കും. സ്നേഹത്തിൽ നിന്നുളവാകുന്ന അതിശയോക്തിയുടെ ലാഞ്ഛനലേശം കൂടാതെ പിതാവിനെ ചിത്രീകരിക്കാൻ മനുഷ്യഗുണമില്ലാത്ത, യന്ത്രംപോലുള്ള മനസ്ഥിതി വേണം. തീവണ്ടിയിൽ വെച്ചു നമ്പൂതിരി പറഞ്ഞതുപോലെ രണ്ടിനും മദ്ധ്യത്തിലാണു് മനുഷ്യൻ സ്ഥിതിചെയ്യുന്നതു്. അങ്ങിനെയുള്ള മനുഷ്യനായിത്തന്നെയിരിക്കുകയെന്നതു് ഞാണിന്മേൽ നടക്കുംപോലെ പ്രയാസമുള്ളകാര്യമാണു്; ചുവടൊന്നു തെററിയാൽ ആളു് താഴെക്കിടക്കും. ഈ വിഷമങ്ങളൊക്കെ ഒരു വശത്തും, എഴുതാനുള്ള ഉത്സാഹം മററൊരുവശത്തും വടംവലിയായതുകൊണ്ടു്

"കുന്നിൽ തടഞ്ഞോരു നദീപ്രവാഹം
എന്നോണമായാത്മഗതം ദ്വിധാമെ"

എന്നുപറഞ്ഞകൂട്ടത്തിലാണു് എന്റെ മനസ്സിന്റെ സ്ഥിതി.

അങ്ങിനെ സംശയിച്ചുംകൊണ്ടു്, മംഗളോദയത്തിൽ "അച്ഛന്റെ കഥകൾ" എന്നു പേരുവെച്ചു് എഴുതിയ ലേഖനം ചില സഹൃദയർക്കു ബോധിച്ചതായി കാണുകയാൽ വീണ്ടും അതേവിഷയത്തെപ്പററി എഴുതുവാൻ ധൈര്യപ്പെട്ടിരിക്കെയാണു, അച്ഛന്റെ ഒരു മാന്യസുഹൃത്തും, സഹൃദയനുമായ റാവുസാഹേബ് യു. ശങ്കുണ്ണി അവർകളുടെ സരസമായ എഴുത്തു കിട്ടിയതു്. മംഗളോദയത്തിലെഴുതിയ ലേഖനത്തിൽ, "അച്ഛൻ വല്ലതുംഎഴുതി അതു ശങ്കുണ്ണിക്കു, പിടിച്ചാൽ, പിന്നെ അതിന്റെ സാഹിത്യഗുണങ്ങളെപ്പററി അച്ഛനു സംശയമുണ്ടായിരുന്നില്ല" എന്നെഴുതിയിരുന്നു. ആ വാചകത്തെപ്പററിയുള്ള ആക്ഷേപത്തോടുകൂടെയാണു് റാവുസാഹേബിന്റെ ഉപക്രമം:

"അച്ഛന്റെ കഥകൾ" എഴുതി തീരുമ്പോഴേക്ക "കഥവിട്ട" നീ എന്നെ കണക്കിലേറെ സ്തുതിക്കയാണു ചെയ്യുന്നതു്. സ്തുതി ആവശ്യമായി വരുമ്പോഴ് ഇങ്ങനെ വക്രോക്തിയാൽ സ്തുതിക്കുന്നതു മാസ്റ്റർ ഉപയോഗിക്കാറുള്ള പൊടിക്കൈകളിൽ ഒന്നാണു്"—

ഞാൻ റാവുസാഹിബിന്റെ സഹൃദയത്വത്തെപ്പററി പ്രസ്താവിച്ചതു അനർഹമായ സ്തുതിയല്ലെന്നു അദ്ദേഹത്തിന്റെ മേലുദ്ധരിച്ച വാചകങ്ങളിലെ സ്വാരസ്യ കലാമർമ്മജ്ഞതയും തെളിയിക്കുന്നുണ്ടു്.

റാവുസാഹേബ് തുടൎന്നെഴുതുന്നു.

"മാസ്റ്ററുടെ കഥകളും മാസ്റ്ററെപ്പററിയുള്ള കഥകളും എഴുതിയാൽ ഒടുങ്ങുകയില്ല. ആയു എത്രതന്നെ എഴുതി കൂട്ടിയാലും അതിന്റെ ഭരതവാക്യം ചൊല്ലിക്കഴിഞ്ഞുവെന്നു പറയാൻ ധൈൎയ്യമുള്ള യോഗ്യനെ ചെരിപ്പുകൊണ്ടു് അടിക്കണം. സംസാരിക്കുമ്പോൾ അവസരോചിതമായിട്ടു സരസ കഥകൾ വാരിവൎഷിക്കുന്നതിന്നു അദ്ദേഹത്തിനു് ഒരു പ്രയാസവും ഉണ്ടാകാറില്ല. കഥയേക്കാളും രസം അതുപറയുന്ന മട്ടിലാണു്. മററുള്ളവർ പറയുമ്പോൾ ഓക്കാനം വരുന്ന കഥ മാസ്റ്റർ പറഞ്ഞാൽ രണ്ടു മണിക്കൂർ ഒന്നായി വയറും പിടിച്ചുചിരിക്കേണ്ടിവരും. അദ്ദേഹത്തിന്റെ ഈ സരസ്വതീവിലാസമാണു് മററുള്ള രസികന്മാരുടെ കൂട്ടത്തിൽ നിന്നു അദ്ദേഹത്തെ വേർതിരിച്ചു നിൎത്തുന്നതു്. ഈ രഹസ്യം അധികമാളുകൾ മനസ്സിലാക്കിട്ടുണ്ടെന്നു തോന്നുന്നില്ല. "അവസരഫലിതാവാണി" എന്നു മാസ്റ്ററെപ്പററി പറഞ്ഞാൽ ഞാൻ തൃപ്തിപ്പെടുകയില്ല. വൈയ്യാകരണന്മാൎക്ക വിരോധമില്ലെങ്കിൽ "സരസദ്രുത ഫലിതസദാവാണി" എന്നാണു് അദ്ദേഹത്തെപ്പററി പറയേണ്ടതു്. ഈ സ്തുതിക്കു മാസ്റ്റർ അൎഹനാണോ എന്നു പിതൃബഹുമാനവും വാത്സല്യവും ഒതുക്കി നീ സംശയിക്കേണ്ടതില്ല. ഞാൻ അതു തെളിയിച്ചു തരാം. ഒരു ഉദാഹരണം മതി. ഒരു ദിവസം ഞാനും മാസ്റ്ററും സംസാരിച്ചുകൊണ്ടിരിക്കുമ്പോഴ് ഒരാൾ വന്നു തിരക്കിട്ടു രണ്ടു വാക്കു പറഞ്ഞു, കണ്ണൂരിൽ പോവാൻ വണ്ടിക്കു സമയമായിപ്പോയെന്നു പറഞ്ഞു് ഓടിപ്പോയി. ഉടനെ തന്നെ "സേർ" (ഞാൻ മാത്രനിൎവ്വിശേഷമായ ബഹുമാനത്തോടുകൂടി കൊണ്ടാടുന്ന മാസ്റ്ററുടെ ധൎമ്മപത്നി) പുറത്തുവന്നു ഇങ്ങിനെ ചോദിച്ചു:"

(അച്ഛൻ പഴയ ആളുകളുടെ സമ്പ്രദായത്തിന്നനുസരിച്ചു ഭാൎയ്യയെ പേരുചൊല്ലിവിളിക്കാറുണ്ടായിരുന്നില്ല. "എടൊ"—എന്നോമററോ സംബോധനചെയ്യുന്നതിന്നുപകരം "സേർ" എന്നായിരുന്നു ഭാൎയ്യയെ വിളിക്കാറു്.)—

ആ സേർ പുറത്തുവന്നു: "എന്താ അയാൾ ഇത്ര തിരക്കിട്ടുപോയതു്" എന്നുചോദിച്ചു.

മാസ്റ്റർ:—കണ്ണൂരിൽ പോകാൻ വണ്ടിക്കു നേരമായിപ്പോയിപോലും.

സേർ—അയാളല്ലെ വ്യാഴാഴ്ച കണ്ണൂരിൽ പോകുമെന്നു പറഞ്ഞതു്. ഇന്നു ഞായറാഴ്ചയായല്ലൊ ഇത്രനാളും പോയിട്ടില്ലെ?

മാസ്റ്റർ—വ്യാഴാഴ്ച കണ്ണൂരിൽ പോകാൻ 'വെള്ളി' യില്ലാത്ത 'ശനി' കൊണ്ടു ഞായറാഴ്ചയായിപ്പോയി.

ഈ രസികത്വത്തെ ജയിക്കുന്ന ഒന്നു നീ ഇംഗ്ലീഷിൽ കൂടി വായിച്ചിട്ടുണ്ടോ?—

എന്നാണു് റാവുസാഹേബ് ശങ്കുണ്ണി എന്നോടു ചോദിക്കുന്നതു്. ഉഭയാൎത്ഥം കൊണ്ടു ഫലിതം സാധിക്കുന്നതു അച്ഛൻ സാ

ധാരണയായി ചെയ്യാറുണ്ടു്. എന്നാൽ ഈ ഉദാഹരണത്തിലെപ്പോലെ രണ്ടു് ഉഭയാൎത്ഥ വാക്കുകൾ അടുത്തടുത്തു്, ഒന്നു മറ്റേതിനെ പ്രകാശിപ്പിക്കുന്നതായിട്ടുള്ള പ്രയോഗം ഞാൻ അവരിൽ നിന്നു കേട്ടിട്ടില്ല. പുസ്തകത്തിലുള്ള സംഭാഷണത്തിൽ തട്ടുത്തരം പറയിക്കുകയാണെങ്കിൽ ചോദ്യവും ഉത്തരവും ആലോചിച്ചുണ്ടാക്കിയതാണെന്നു വെക്കാം. പക്ഷെ ഇതു നിമിഷകവനമായതിലാണു് ചമല്ക്കാരം കിടക്കുന്നതു്.

“ഇവിധം നേരംപോക്കുകൾ മൂന്നുവെള്ളിയാഴ്ച കൂടുമ്പഴു് ഒരിക്കൽ പറയുന്നതല്ല” ദിവസം പ്രതി പറയുന്നതാണു്.

അതുകൊണ്ടു തന്നെയായിരിക്കണം “ആ സരസാഗ്രേസരനുമായി വെടിപറഞ്ഞു കഴിച്ച സമയങ്ങൾ ചിലപ്പോൾ സ്വപ്നംകാണാറുണ്ടു്”—എന്നു മറ്റൊരു സുപ്രസിദ്ധ സാഹിത്യകാരൻ ഒരു എഴുത്തിൽ പ്രസ്താവിച്ചതു്. വയസ്സായതുകൊണ്ടു ഈവിധം “കുമാര രസങ്ങൾ” അനവധി എന്നോടു മറന്നുപോയതിൽ നിൎവ്യാജം വ്യസനിക്കുന്നു—എന്നു പറഞ്ഞുംകൊണ്ടു് ശ്രീശങ്കുണ്ണിയവർകൾ വീണ്ടും ഉദാഹരണങ്ങൾ തരികയാണു് ചെയ്യുന്നതു്.

“ഇങ്ങിനെയുള്ള ചെറുവാക്യങ്ങളിൽ മാത്രമല്ല മാസ്റ്റർ സഹജമായ നേരംപോക്കുകൾ കാണിച്ചതു്. നാലോ അഞ്ചോ കോളത്തിലധികം ഒരു വിഷയത്തെപ്പറ്റി രസികത്വത്തോടുകൂടിയെഴുതി ഓരോവരി വായിക്കുമ്പഴും ചിരിക്കാൻ വായനക്കാരനെ നിൎബ്ബന്ധിക്കുന്നതു മാസ്റ്ററുടെ ഒരു സാധാരണനേരംപോക്കായിരുന്നു. ൧൯൦൬-ലോ, ൭-ലോ, “മിതവാദിയിൽ” “പരബ്രഹ്മവും തീവണ്ടിയും” എന്നുവെച്ചെഴുതിയ മൂന്നു കോളംകൊണ്ടു അദ്ദേഹം സ്റ്റീഫൻ ലീക്കാക്കിനെ ലജ്ജിപ്പിച്ചിട്ടില്ലെ എന്നാണു് എന്റെ സംശയം. “മലയാളമനോരമ” യിൽ എഴുതിയ “മുറുക്കു” ഇംഗ്ലീഷിൽ ആയിരുന്നുവെങ്കിൽ പഞ്ചു് പരസ്യം ചെയ്യുമായിരുന്നു”—

ഈ രണ്ടുലേഖനങ്ങളും വായിക്കാനുള്ള ഭാഗ്യം എനിക്കുണ്ടായിട്ടില്ല. വല്ലവരുടെയും കൈയ്യിൽ അവയുടെ കോപ്പിയുണ്ടാവുമോ എന്നും സംശയമാണു്. പരബ്രഹ്മവും തീവണ്ടിയും എന്നുള്ള തലവാചകം എനിക്കു് ഇത്രയാണു് പിടിച്ചതു എന്നുപറഞ്ഞറിയിക്കാൻ പ്രയാസം. ആ വിഷയത്തെപ്പറ്റി എന്താണു് പോലും എഴുതുക! അഥവാ—എന്താണു് എഴുതിക്കൂടാത്തതു്! ഓരോവരി വായിക്കുമ്പോഴും വായനക്കാരൻ ചിരിക്കുമെന്നാണു് ശങ്കുണ്ണിയവർകൾ പറയുന്നതു്. അച്ഛനോടുള്ള സ്നേഹത്തിന്റെ ശക്തിയിൽ അദ്ദേഹത്തിന്റെ വിമൎശനപാടവം അനിമിഷത്തേക്കു ഒന്നു അടങ്ങിപ്പോയോ എന്നു ഞാൻ ആദ്യം സംശയിച്ചുവെങ്കിലും, അങ്ങിനെ തുളുമ്പുന്ന ഫലിതമില്ലെങ്കിൽ അത്തരമൊരു തലവാചകം ഒരു ലേഖനത്തിന്നുകൊടുക്കുവാൻ അവകാശമില്ല, ധൈര്യവും വരില്ല എന്നാണു പിന്നീടു തോന്നിയതു്. ശ്രീ മൂക്കോത്തു കുമാരൻ ഉപയോഗിക്കാറുള്ള തലവാചകങ്ങളിൽ എന്നെ വളരെ ആകൎഷിച്ചവയായി പലതുംഉണ്ടു്. “ഒരു വാക്കുപോയ പോക്കു” “ഹരിയെക്കൊന്നവെടി” “അളിയന്റെസാരി” “കുതിരമഹായോഗം” “സപ-ലേ” “ഗറഗസ” “വിഷുക്കണി”—എന്നിങ്ങനെ ചില തലവാചകങ്ങൾ കണ്ടാൽ അതൊന്നു വായിക്കണമെല്ലൊ എന്നുതോന്നിപ്പോകാറുണ്ടു്. എന്നാൽ “പരബ്രഹ്മവും തീവണ്ടിയും” ആ തലവാചകങ്ങളുടെതലക്കെട്ടായി ഉപയോഗിക്കാൻമാത്രം സ്വാരസ്യമുള്ള

തായിത്തോന്നിയതുകൊണ്ടാണ്, ഈ ലേഖത്തിന്നു ആ പേരുതന്നെ വിളിച്ചതു്. ഒരു വനിതാമാസികക്കാർ ലേഖനത്തിനാവശ്യപ്പെട്ടപ്പോൾ അദ്ദേഹം "ലോലാക്ഷിമാർ" എന്നുതന്നെയായിരുന്നു വിഷയത്തിന്നു പേരുവിളിച്ചതു്. അതിരിക്കട്ടെ. നമുക്കു റാവുസാഹേബ് പറയുന്നതു എന്താണെന്നു ശ്രദ്ധിക്കാം.

"ഗദ്യത്തിൽമാത്രമല്ല നേരംപോക്കുപറയാൻ മാസ്റ്റർക്കു സാമർത്ഥ്യം. പദ്യത്തിലും അദ്ദേഹത്തിന്നതു സുഗമമായിരുന്നു. മാടായിഗോപാലൻ വളരെ മുമ്പു പറഞ്ഞ ഒരു കഥ പറയാം. ഗോപാലനും മാസ്റ്ററും ചെറുപ്പത്തിൽ താണക്ലാസ്സിൽ ഒന്നായി പഠിക്കുമ്പഴ് ആ സ്കൂളിൽ ഉണ്ടായിരുന്ന ഒരു മാസ്റ്റർ പെട്ടെന്നു മരിക്കുകയുണ്ടായി. അതിനെ പ്രമാണിച്ചു ഒരു "സാധുവാദ്ധ്യാർ" ഒരു ചരമശ്ലോകം ഉണ്ടാക്കിയതു ക്ലാസ്സിൽ വെച്ചു വായിക്കുകയുണ്ടായി. ഇങ്ങിനെയോമറ്റോ ആണ് ശ്ലോകം: വളരെക്കാലമായതുകൊണ്ടു എനിക്കു ശരിക്കു ഓർമ്മതോന്നുന്നില്ല. കൂടാതെ ഓർമ്മക്കേടു കൊണ്ടു ഗോപാലനും ആ ശ്ലോകം കുറെയൊക്കെ അലങ്കോലപ്പെടുത്തിയിരിക്കാൻ തരമുണ്ടു്.

"കാലാരിയും കൃഷ്ണനുമെന്തുചെയ്യും
കാലൻ നശിപ്പിച്ചു മറഞ്ഞുപോയാൽ
കാലാനനൻ കല്പന മാറുവാനാ-
കാലാരികാലക്കു നിവൃത്തിയുണ്ടോ"

ഇതു കേട്ടതും മാസ്റ്റർ: "നിവൃത്തിയില്ലെങ്കിൽ"—

"നാലാസ്യനെക്കൊന്നിവനേയെടുപ്പാൻ
പോരിനെടൊ! ബാലകരഞ്ചുപത്താൾ"

എന്നു ഉത്തരാർദ്ധം മാറ്റി ചൊല്ലി ഗോപാലന്റെ കൈയും പിടിച്ചു ക്ലാസ്സിൽ നിന്നു് എഴുന്നേറ്റതിൽ കാണിച്ച രസികത്വവും, കവിത്വവും കണ്ടു സന്തോഷിച്ചു സരസ്വതീദേവി ആ ബാലകുമാരനെ പിടിച്ചു ചുംബിച്ചതിൽ എനിക്കു അത്ഭുതമില്ല. വൃത്തഗന്ധം ലേശമില്ലാത്ത ആ പ്രായത്തിൽ മാസ്റ്റർ കാണിച്ച കവിതാവാസന വളർത്തിയിരുന്നുവെങ്കിൽ ഇന്നു "കുമാരനും കുമാരനാശാനും" എന്നല്ല രണ്ടു മഹാകവികൾ ഉണ്ടായിരുന്നിരിക്കുക. അങ്ങിനെയൊരബദ്ധം വന്നു പോകാഞ്ഞതു നന്നായെന്നാണ് എന്റെ അഭിപ്രായം. അല്ലെങ്കിൽ മാസ്റ്ററുടെ ലളിതകോമള മലയാളഗദ്യം വായിച്ചു കോലായി മുതൽ അടുക്കളവരെ ചിരിക്കാൻ മലയാളികൾക്കു ഭാഗ്യമുണ്ടാകുമായിരുന്നോ?

മാടായി ഗോപാലനു ഒരിക്കൽ മാസ്റ്ററുടെ കൈയിൽ നിന്നു കിട്ടിയ ഒരു് അടി കൊണ്ടു് മരിക്കുന്നതു വരെ ഊരഉളുക്കു് മാറുകയില്ലയെന്നു ഗോപാലൻതന്നെ എന്നോടുപറഞ്ഞതാണ്. സംഭവം എന്റെ മുമ്പിൽവെച്ചു നടന്നതാണ്. ഒരു ദിവസം രാവിലെ കാവുതിയൻ (ക്ഷുരകൻ) കുഞ്ഞിരാമൻ മാസ്റ്ററുടെ താടി എടുക്കുകയായിരുന്നു. പകുതിയാവുമ്പഴക്കു് ഗോപാലൻ കയറിവന്നു. തന്റെ സഹജമായ നേരംപോക്കോടുകൂടി ഗോപാലൻ കാവുതിയനോടു്:

"എടൊ. അത്രമതി. അവ്ടെ നിത്തിക്കള." എന്നു പറഞ്ഞു.

അപ്പോൾ മാസ്റ്റർ കുഞ്ഞിരാമനോടു്:

"അവൻ പറഞ്ഞതു ശരിയാണ്. ഇവിടെ അവന്റെ നടപ്പാണ്. നീ വേഗം മാപ്പു ചോദിച്ചോളു."

ഇതുകേട്ടു പൊട്ടിച്ചിരിച്ചു കാവുതിയൻ മാസ്റ്ററുടെ മുഖത്തു മുറിവേല്പിക്കാതെ

*ഒരു രസകരമായ ഐതിഹ്യം.

(എൻ. കുമാരനാശാൻ.)

മഹത്തുക്കളായ പൂർവ്വന്മാരെക്കുറിച്ചുള്ള, വിശ്വസനീയങ്ങളുമായുള്ള ജീവചരിത്രങ്ങളുടെ ദാരിദ്ര്യം ഹിന്ദുക്കളുടെ ഇടയിൽ സഹജമാണല്ലോ. അതുകൊണ്ടു അത്യുത്തമങ്ങളായ കാവ്യങ്ങളുടെയും അത്യുൽക്കൃഷ്ടങ്ങളായ ശാസ്ത്രങ്ങളുടെയും കർത്താക്കന്മാരായ മഹാപുരുഷന്മാരെക്കുറിച്ചു അറിയുന്നതിനു പ്രകൃത്യാ ഉണ്ടാകുന്ന ഔത്സുക്യത്തെ നാം ക്ഷുദ്രങ്ങളായ വല്ല ഐതിഹ്യങ്ങളെയും കൊണ്ടാണല്ലോ ഒരു വിധം നിവർത്തിപ്പിച്ചു വരുന്നതു്.

ഹിന്ദുതർക്കശാസ്ത്രത്തിന്റെ ആദികർത്താക്കന്മാരായ ഗൗതമനും കണാദനും മഹർഷിമാരായിരുന്നു. അവരെക്കുറിച്ചു അധികമായിട്ടോ അല്പമായിട്ടോ അറിവുകൾ നമുക്കു പുരാണേതിഹാസാദികളിൽ നിന്നു് സിദ്ധിക്കുന്നുണ്ടു്. ഇവർ ഉണ്ടാക്കിയ സൂത്രങ്ങളെയും വ്യാഖ്യാനങ്ങളേയും ഇപ്പോൾ പ്രാചീന തർക്കശാസ്ത്രം എന്നു വിളിച്ചുവരുന്നു.

നവീനതർക്കശാസ്ത്രത്തിന്റെ മൂലം "ചിന്താമണി" എന്നു പ്രസിദ്ധമായ ഒരു ഗ്രന്ഥമാകുന്നു. സൂത്രപ്രായമായ അതിന്നു പണ്ഡിതാഗ്രേസരനായ രഘുനാഥശിരോമണി 'ദീധിതി' എന്നു് സംക്ഷിപ്തമായ ഒരു വ്യാഖ്യാനം എഴുതുകയും ജഗദീശഭട്ടാചാര്യരും ഗഹനാശയനായ ഗദാധരഭട്ടാചാര്യരും 'ദീധിതിക്കു' വിസ്തൃതതരങ്ങളായ വ്യാഖ്യാനങ്ങൾ രചിക്കയും ചെയ്തു. ഇവയാകുന്നു 'നവീനതർക്കശാസ്ത്രം' എന്നു പറയപ്പെടുന്നതു്. ഇതിന്റെ മൂലമായ "ചിന്താമണി"യുടെ കർത്താവു് 'ഗംഗേശോപാദ്ധ്യായൻ' എന്നു പ്രസിദ്ധനായ ഒരു മഹാനുഭാവനായിരുന്നു. അദ്ദേഹത്തെക്കുറിച്ചാകുന്നു ഈ ഐതിഹ്യത്തിൽ നിന്നു നാം വല്ലതും അറിയുവാൻ പോകുന്നതു്.

ഗംഗേശോപാദ്ധ്യായന്റെ ജന്മഭൂമി വംഗദേശത്തിൽ പ്രസിദ്ധമായ 'നവദ്വീപം' എന്ന ഒരു ഗ്രാമമായിരുന്നു. അതു് കൽക്കട്ടായിൽ പത്തുപന്ത്രണ്ടു മയിലിന്നു തെക്കു് ഗംഗാതീരത്തിലുള്ള അതിമനോഹരവും പുരാതനവും ആയ ഒരു ജനപദമാകുന്നു. അതിനെ ഇപ്പോൾ "നദിയാ" എന്നു വിളിച്ചു വരുന്നു. വംഗദേശം ന്യായശാസ്ത്രപാഠത്തിന്നു പണ്ടുപണ്ടേ പ്രസിദ്ധി

* മഹാകവി 1078-ൽ എഴുതിയതു്. ഒരു പഴയ നോട്ടുബുക്കിൽ നിന്നും പ്രസാധകൻ പകർത്തി അയച്ചുതന്നതാണു്.

...ക്ഷൗരം പൂർത്തിയാക്കിയതു അവന്റെ ഗുരുകാരണവന്മാരുടെ കടാക്ഷം കൊണ്ടായിരിക്കണം.

ഇങ്ങിനെയെഴുതിയാൽ ഒടുങ്ങുകയില്ല. ക്ഷമയും സൌകര്യവും ഇല്ലാത്തതുകൊണ്ടു അധികം എഴുതാൻ സാധിക്കുന്നില്ല. വയസ്സും ആയില്ലേ? എഴുതാൻ ആശയവേഗത്തിന്നനുസരിച്ചു കൈ നടക്കുന്നില്ല."

യെ സമ്പാദിച്ചിട്ടുള്ള സ്ഥലമാന്നല്ലോ. എന്നാൽ അനശ്വരമായ ആ പ്രസിദ്ധിക്കു ഹേതുവായിട്ടുള്ളതു് "നവദ്വീപം" ആകുന്നു.

ഗംഗേശോപാധ്യായന്നു മുമ്പും അവിടം മഹാന്മാരായ താൎക്കിക പണ്ഡിതന്മാരാൽ അലംകൃതമായിരുന്നു. അദ്ദേഹത്തിന്റെ കാലത്തിലും പിൽക്കാലത്തിലും അനേകം പണ്ഡിതന്മാർ അവിടെയുണ്ടായിരുന്നു. രഘുനാഥൻ, ജഗദീശൻ, ഗദാധരൻ മുതലായ അദ്ദേഹത്തിന്റെ അനുയായികളും അവിടെത്തന്നെ ജനിച്ചുവളൎന്നവരായിരുന്നു. ഇപ്പോഴും ഗ്രന്ഥനിൎമ്മാതാക്കൾ, ന്യായശാസ്ത്രത്തിനു അദ്വിതീയന്മാരായ അധ്യാപകന്മാർ മുതലായവർ അവിടെയാണു കാണപ്പെടുന്നതു്. വിശിഷ്യ ഉത്തരഇൻഡ്യയിൽ വൈഷ്ണവമതത്തിന്റെ പ്രതിഷ്ഠാപകനും ഗോസ്വാമി ബ്രാഹ്മണരാലും തന്മതാനുയായികളായ അന്യന്മാരാലും വിഷ്ണ്വംശഭൂതനെന്നു സമ്മതിക്കപ്പെടുന്നവനും ആയ ശ്രീകൃഷ്ണചൈതന്യൻ എന്ന മഹാത്മാവു് അവതരിച്ചതും അവിടെയായിരുന്നു.

ഗംഗേശോപാധ്യായൻ വിദ്യാഭ്യാസം ചെയ്തതും വളൎന്നതും മാതുലന്റെ ഗൃഹത്തിൽ ആയിരുന്നു. അദ്ദേഹത്തിന്റെ മാതാപിതാക്കന്മാരാരെന്നും ഏതുകാലത്താണു ഇവർ ജീവിച്ചിരുന്നതെന്നും ഈ ഐതിഹ്യത്തിൽ നിന്നു അറിയുന്നില്ല. ഇദ്ദേഹം ബാല്യത്തിൽ ബുദ്ധിഹീനനായിരുന്നുപോൽ. കുശാഗ്രബുദ്ധികളായ താൎക്കികന്മാരിൽ അഗ്രഗണ്യനായ ഇദ്ദേഹം ബാല്യത്തിൽ ഒരു മുറാളനായിരുന്നു എന്നുള്ളതാണു് ഈ ഐതിഹ്യത്തിൽ രസജനകമായിരിക്കുന്നതു്. സ്വമാതുലൻ അക്കാലത്തു് 'നവദ്വീപ'ത്തിൽ ഉണ്ടായിരുന്ന പണ്ഡിതന്മാരിൽ വെച്ചു് അതിപ്രസിദ്ധനായിരുന്നു. വളരെദൂരദേശങ്ങളിൽനിന്നും വിദ്യാൎത്ഥികൾ അപ്പോഴത്തെ സമ്പ്രദായം അനുസരിച്ചു് ആ ഭട്ടാചാര്യരുടെ ചതുഷ്പാഠിയിൽ വന്നു ശാസ്ത്രപാഠങ്ങൾ ചെയ്തുകൊണ്ടിരിക്കപതിവായിരുന്നു. ഗംഗേശന്റെ ചാപല്യങ്ങൾ എല്ലാം അവൎക്കു വളരെ നേരംപോക്കുള്ളതായിരുന്നു. അക്ഷരങ്ങളെ അഭ്യസിക്കുന്നതുതന്നെ ഗംഗേശന്നു ഭാരമായിത്തോന്നിയിരുന്നു. രണ്ടക്ഷരങ്ങളെ ചേൎത്തുവെച്ചു ഒരു നാമമോ ക്രിയയോ തെറ്റുകൂടാതെ എഴുതുന്നതു് അവന്നു ഒരു വലിയ അത്ഭുതകൎമ്മവും, തന്നെക്കൊണ്ടുകഴിയാത്തതും ആയിരുന്നു. ഗംഗേശന്നു ഭക്ഷണ വിഷയത്തിൽ ഉള്ള ആസക്തി മറ്റുള്ളവരെയെല്ലാം അതിശയിച്ചിരുന്നു. തന്റെ ബുദ്ധിനൈപുണ്യംകൊണ്ടു് ആരുടെയും പ്രീതി സമ്പാദിച്ചിരുന്നില്ല. ഇപ്രകാരമുള്ള ഒരു ബാലനു യഥേഷ്ടം ഭക്ഷണം ലഭിക്കുവാൻ പ്രയാസമായിരിക്കുമല്ലൊ. രണ്ടുമൂന്നാളുകൾക്കു ധാരാളം മതിയാകുന്ന ആഹാരസാധനം ഗംഗേശൻ ഒരു പ്രയാസവും കൂടാതെ ഒരു പ്രാവശ്യം ശാപ്പിടും. അത്രയും ലഭിച്ചില്ലെങ്കിൽ അയാൾക്കു പ്രയാസമാണു്.

പണ്ഡിതനായ അമ്മാവൻ മരുമകന്റെ പഠിപ്പിലുള്ള വൈമുഖ്യത്തെക്കണ്ടു പലപ്പോഴും അവനെ കഠിനമായി ദണ്ഡിക്കുകയും അവൻ അത്രമന്ദനായിപ്പോയതിനെക്കുറിച്ചു വ്യസനിക്കുകയുംചെയ്തു. അമ്മാവിഅമ്മയ്ക്കും അവന്റെമേൽ സവിശേഷമായ പ്രതിപത്തിക്കു മതിയായ കാരണം യാതൊന്നും ഇല്ലായിരുന്നു. അതുകൊണ്ടു് അവരും അവന്നു ദിവസേന വല്ലതും ഭക്ഷണംകൊടുക്കുമെന്നല്ലാതെ വേറെ യാതൊരുവാത്സല്യവും അവന്റെമേൽ കാ

ണിച്ചിരുന്നില്ല. സഹാധ്യായികൾക്കു അവൻ ഒരു നേരംപോക്കുകാരനായിരുന്നു എന്നു മുമ്പു പറഞ്ഞുവല്ലോ. അവരുടെ കയ്യിൽനിന്നു മിഠായിമേടിക്കാൻ ഒരു കാശു കിട്ടിയാൽ അന്നു ഗംഗേശൻ ആടാത്ത കൂത്തില്ലായിരുന്നു.

ഒരുദിവസം പണ്ഡിതനായ അമ്മാവൻ മരുമകനോടിപ്രകാരം പറഞ്ഞു—"എന്റെ ഗംഗാ, കഷ്ടം! നിനക്കു ബുദ്ധിയില്ലല്ലോ! വിദ്വാന്മാരുടെ വംശത്തിൽ ജനിച്ച നീ ഇത്ര മുറാളനായിപ്പോയല്ലോ!

മരുമകൻ—അമ്മാവാ, എനിക്കു അമ്മാവിഅമ്മ നല്ലവണ്ണം ചോറുതരുന്നില്ല. അമ്മാവൻ ശട്ടംകെട്ടിയാൽ വെടിപ്പായി എനിക്കു ശാപ്പാടുകിട്ടും. പിന്നൊരുബുദ്ധിമുട്ടുമില്ല. പഠിക്കുന്നതു എനിക്കു വളരെ ബുദ്ധിമുട്ടാണു്. അമ്മാവൻ ഈ കാൎയ്യത്തിൽ എന്നെ ഉപദ്രവിക്കരുതു്.

അമ്മാവൻ—എടാ, ഉദരംഭരീ, നിനക്കു ഇങ്ങനെതരുന്നതുതന്നെയാണുദോഷം.

ഇത്രയും ദ്വേഷ്യപ്പെട്ടു പറഞ്ഞിട്ടു അമ്മാവൻ ചതുഷ്പാഠിവിട്ടു വീട്ടിലേക്കുപോയി അന്നുരാത്രി അദ്ദേഹത്തിനു ഒരു ആമന്ത്രണം ഉണ്ടായി. അതിനുപോയാൽ അദ്ദേഹം പിറെറദിവസം കുറേപ്പുലൎന്നേ വീട്ടിൽ വരികയുള്ളു. കോപത്തോടുകൂടി അമ്മാവൻ ഇറങ്ങിപ്പോയതിനെകണ്ടു് ഭാഗിനേയൻ കുറേ അന്ധാളിച്ചു. അമ്മാവൻഇന്നെനിക്കു ചോറുതരണ്ടാ എന്നുചട്ടംകെട്ടിയേക്കുമോ, എന്നാൽ അബദ്ധമായി, ഹാ! എന്റെ ഗ്രഹചാരം! എന്നെല്ലാം വ്യാകുലപ്പെട്ടുകൊണ്ടുനില്ക്കുന്ന ഗംഗേശനെ സഹാധ്യായികൾ "എടോ, ഗംഗാ ഇന്നു നിനക്കു ചോറുപൂജ്യംതന്നെ നീ എന്തുചെയ്യും" എന്നുപറഞ്ഞു വ്യസനിപ്പിച്ചു.

അപ്പോൾ അവരുടെ മുമ്പിൽകൂടി വേടന്മാർ ഒരു ശവം എടുത്തുകൊണ്ടുപോകുന്നതു് അവരുടെ എല്ലാവരുടെയും ദൃഷ്ടിക്കുവിഷയമായി. ഏതാനും ക്ഷണങ്ങൾക്കുള്ളിൽ ആ വേടന്മാർ തിരിയെ വരുന്നതിനെയും അവർ എല്ലാവരുംകണ്ടു. ബങ്കാളിൽ ചണ്ഡാലന്മാൎക്കു തങ്ങളുടെ മൃതശരീരങ്ങളെ ദഹിപ്പിക്കാനോ കുഴിച്ചിടുവാനോ പാടില്ലായിരുന്നു. ദേശാചാരപ്രകാരം അവ, വെറും നിലത്തിൽ കിടന്നു് കാട്ടുമൃഗങ്ങളോ പക്ഷികളോ ഭക്ഷിച്ചു ലോപിച്ചുപോകണം. അതുകൊണ്ടു് ആ വേടന്റെ കറുത്തു തടിച്ചു നീണ്ടു ഭയാനകമായിരുന്ന ആ ശവം വെറും നഗ്നമായിട്ടു അടുത്തുള്ള ഒരു കാട്ടിൽ അങ്ങനെതന്നെ കിടക്കുകയായിരുന്നു. ശവങ്ങൾ കിടക്കുന്ന ദിക്കിൽ പിശാചങ്ങളുടെ അധിവാസം ഉണ്ടെന്നുള്ള വിശ്വാസം അവിടെയും സാധാരണമാണു്. അതുകൊണ്ടു് ആ ശവക്കാട്ടിനുസമീപം പേടിയുള്ളവർ ആരും പകൽതന്നെയും പോവുക പതിവില്ലായിരുന്നു.

ആ കാട്ടിൽ അപ്പോൾ ആൎക്കെങ്കിലും പോയി മടങ്ങിവരുന്നതിനു ധൈൎയ്യമുണ്ടോ എന്നു് ആ വിദ്യാൎത്ഥികൾ തമ്മിൽ ചോദ്യം തുടങ്ങി. ആരും അതിനെ സമ്മതിച്ചു പറഞ്ഞില്ല. അപ്പോൾ ഗംഗേശൻ എന്തെങ്കിലും പ്രതിഫലം കിട്ടുന്നപക്ഷം പോകാമെന്നു സമ്മതിക്കയും പോകയാണെങ്കിൽ വയറുനിറയെ പലഹാരം വാങ്ങിക്കൊടുക്കാമെന്നു അവർ വാഗ്ദാനം ചെയ്കയും ചെയ്തു. അന്നത്തെ അത്താഴം പൂജ്യമാണെന്നു സംശയിച്ചിരിക്കുന്ന ഗംഗേശനു വയറുനിറയെ പലഹാരം കിട്ടാൻപോകുന്നു എന്നു കേട്ടാൽ അവന്റെഹൃദയത്തിൽ ഉണ്ടാകുന്ന ആഹ്ലാദം എന്തായിരിക്കും? അവൻ അവരോടു പിന്നെയും ഉറ

പ്പുചോദിച്ചു. അവർ തീർച്ചയായും പലഹാരം വാങ്ങിക്കൊടുക്കാമെന്നു ശപഥംചെയ്തു. കൂടാതെ വിദ്യാർത്ഥികൾ ഇതിനൊരടയാളംകൂടി വേണമെന്നാവശ്യപ്പെട്ടു. "ഒരുപാത്രത്തിൽ കലക്കിയനൂറും (ചുണ്ണാമ്പു്) മറെറാരുപാത്രത്തിൽ മഷിയും കൊണ്ടുപോയി ശവത്തിന്റെ മുതുകിൽവെള്ളപൂശി അടുത്തദിവസം കാലത്തു് അവൎക്കു ദൂരെനിന്നു കാണത്തക്കവണ്ണം ഗംഗേശൻ അത്രവലുതായിട്ടു അതിൽ അവന്റെ പേരെഴുതണമെന്നും അല്ലാത്തപക്ഷം പലഹാരത്തിന്റെ നഷ്ടത്തിന്നു് അവനെ ഉപദ്രവിക്കുമെന്നും" അവർ പറഞ്ഞു. പ്രലോഭിതനായ ഗംഗേശൻ നൂറും മഷിയും സമ്പാദിച്ചുകൊണ്ടു് ഉടനേ കാട്ടിലേക്കു പോയി.

നേരം സന്ധ്യയായി, കുറുക്കന്മാരുടെയും കൂമന്മാരുടെയും ഘോഷണങ്ങൾ ഗ്രാമോപാന്തങ്ങളിൽ കേട്ടുതുടങ്ങി. കൃഷ്ണപക്ഷമായിരുന്നതുകൊണ്ടു് ഇരുട്ടു ഭയങ്കരമാകുംവണ്ണം ദിഗന്തങ്ങളിൽവ്യാപിച്ചു. ഗംഗേശൻ ശവക്കാട്ടിൽ എത്തി. കുറുക്കന്മാരുടെയും മററും ചില സൂചനകൾ കൊണ്ടു ശവം കിടക്കുന്നസ്ഥലം അവൻ മനസ്സിലാക്കി. കല്ലുകളും മരക്കട്ടകളും പെറുക്കിയെറിഞ്ഞും അട്ടഹസിച്ചും അവൻ ആ ജന്തുക്കളെ അകററി. ശവം മലൎന്നു കിടക്കയായിരുന്നു. മുതുകിൽ എഴുതുന്നതിനായി അവവൻ അതിനെ പണിപ്പെട്ടു് അധോമുഖമായിട്ടു മറിക്കയും കലക്കിയ നൂറിനെ എടുത്തു വെള്ളയടിച്ചു തുടങ്ങുകയും ചെയ്തു. വെള്ളപുരണ്ടു ദിക്കുകളെ നനവുകൊണ്ടല്ലാതെ അറിവാൻ മാൎഗ്ഗമില്ലായിരുന്നു. മുതുകുമുഴുവൻ വെള്ള പൂശിക്കഴിഞ്ഞു എന്നവൻ വിശ്വസിക്കയും ശവത്തിന്മേൽ നിന്നു താഴത്തിറങ്ങി മഷിയെടുക്കുന്നതിനായിട്ടു തപ്പിനോക്കുകയും ചെയ്തു. കഷ്ടം! മഷി അതിനുമുമ്പിൽ തന്നെ തട്ടിമറിഞ്ഞുപോയി. ശവത്തെ മറിച്ചിട്ടപ്പോഴോ കുറുക്കന്മാരെ ഓടിച്ചപ്പോഴോ ആയിരിക്കാം. മഷിയില്ലാത്തവെറും പാത്രം കയ്യിൽ തട്ടിയപ്പോൾ അവന്റെ ഹൃദയം ഇടിഞ്ഞുപോയി. അവന്റെ ആശ ഭഗ്നയായിപ്പോയി. കാട്ടിൽ വ്യാപിച്ചിരുന്ന അന്ധകാരത്തിന്റെ സ്വരൂപം അപ്പോൾ അവന്നു മനസ്സിലായി. തിരിയെ മഷിക്കായിട്ടു വീട്ടിൽ പോയിരുന്നുവെങ്കിൽ കൂരിരുട്ടുകൊണ്ടു ഏകായമാനമായിരുന്ന ആ വനമാൎഗ്ഗത്തിൽ അവൻ വല്ല മുൾപ്പടപ്പുകളിലോ കുണ്ടുകളിലോ വീണു കുടുങ്ങിപ്പോകുമായിരുന്നു. ഗംഗേശന്റെ ഹൃദയം വാസ്തവത്തിൽ തടുക്കാൻ വഹിയാത്ത വ്യസനത്താൽ ആക്രാന്തമായി. അമ്മാവൻ അതികഠിനമായി തല്ലുമ്പോൾപോലും മരുഭൂമിപോലെ വറണ്ടുകൊണ്ടിരുന്ന അവന്റെ കണ്ണുകൾ രണ്ടും ഇപ്പോൾ അശ്രുധാരകളാൽ നിറയപ്പെട്ടു. രാത്രി അധികമായി. ഉത്സാഹത്തിന്റെ ബലത്താൽ ഒരു വിധം അമൎന്നിരുന്ന ജഠരാഗ്നി അവന്റെ ഉദരത്തെ ഭസ്മമാക്കത്തുടങ്ങി. ഈ പ്രാണസങ്കടത്തെ ഗംഗേശന്നു സഹിക്കുവാൻ ശക്തിയില്ല. അവന്റെ കണ്ഠം വിറച്ചു. ഉച്ചത്തിൽ കരഞ്ഞു.

"അയ്യോ എന്റെ കാളീ, ഹാ കാളീ, ഭദ്രകാളീ!!!" ഇല്ല, എന്റെ കാളിയിവിടെയുണ്ടു്. ഹാ! കാളി എവിടെ?" എന്നിങ്ങനെ അവൻ ശവത്തിന്മേൽ ഇരുന്നുകൊണ്ടു് ഗതിയില്ലാതെ നിലവിളിച്ചു.

"കാളി" എന്ന പദത്തിൻ ബംഗാളിഭാഷയിൽ സാധാരമായി "മഷി"യെന്നാണൎത്ഥം. നേരം പാതിരാവായി ഗംഗേശ

ൻെറ നിലവിളിനിന്നില്ല. ദീർഘമായ ആ ആർത്തനിനാദം അടുത്ത ഗ്രാമങ്ങളിൽ ഉണൎന്നിരുന്ന വല്ലപ്രാകൃതന്മാരുടെയും ഹൃദയത്തിൽ അതു് പിശാചങ്ങളുടെ നിലവിളിയാണെന്നു സംശയംജനിപ്പിക്കാതിരുന്നിരിക്കയില്ല. ആശ്ചര്യം! അപ്പോൾ "ഗംഗേശാ, കരയരുതു്. ഞാൻ വരുന്നു." എന്നൊരു ശബ്ദം കേട്ടു. ഗംഗ ഒന്നു ഞെട്ടി. നാലുദിക്കും നോക്കി. ആശ്ചര്യകരമായ ഒരു പ്രകാശം ശ്മശാനത്തിൽ കണ്ടു. അവിടം ശവം ദഹിപ്പിക്കുന്നിടമല്ലായിരുന്നതുകൊണ്ടു് അതു് ആ അഗ്നിയുടെ പ്രകാശമാണെന്നു വിചാരിപ്പാൻ തരമില്ല. ചുറ്റുംഅന്ധകാരമയമായിരുന്നതുകൊണ്ടു്നിലാവെളിച്ചമായിരിപ്പാനും തരമില്ല. ഗംഗേശൻ അല്ലാതെ മറ്റു വല്ലവരുമായിരുന്നെങ്കിൽ അപ്പോൾ കഥകഴിയുമായിരുന്നു. ആകസ്മികമായികേട്ട ആ മധുരശബ്ദം ഗംഗേശൻ പരിചയിച്ചിട്ടുള്ള ആരുടേയും സ്വരത്തോടു സാമ്യമുള്ളതല്ലായിരുന്നു എങ്കിലും തന്നെ സഹായിക്കുന്നതിനായി ആരെങ്കിലും അടുത്തു വരികയാണെന്നുതന്നെ തോന്നുകയാൽ ഗംഗേശൻ "ആരാണതു് ഹാ, എനിക്കു കാളിയില്ലല്ലോ"എന്നു ദീനസ്വരത്തിൽ പറഞ്ഞു. "ഇല്ല, നീ പരിഭ്രമിക്കേണ്ട, നിന്റെ കാളിയിതാ" എന്നു പിന്നെയും വ്യക്തമായി ഒരു സംഭാഷണംകേട്ടു. ഗംഗേശൻ സന്തോഷത്തോടുകൂടി മഷിയിരുന്നപാത്രത്തിൽ തപ്പിനോക്കി. മഷിയില്ല. കുണ്ഠിതപ്പെട്ടു പിന്നയും പറഞ്ഞു—ഉടൻ 'ഉണ്ടു്" ഇതാ നോക്കൂ" എന്നു പറഞ്ഞുകൊണ്ടു് പ്രകാശമധ്യത്തിൽ നീലാകൃതിയായ ഒരു ദിവ്യസ്ത്രീവിഗ്രഹം കാണപ്പെട്ടു. അവയവങ്ങൾ എല്ലാം ദിവ്യാഭരണങ്ങളാൽ ഭൂഷിതങ്ങളും ബാഹുക്കൾ ദിവ്യായുധങ്ങളാൽ അലംകൃതങ്ങളും ആയിരുന്നു. അസാധാരണമായ ആ സംഭവം മന്ദനായഗംഗേശനപോലും ആശ്ചര്യത്തെ ജനിപ്പിക്കത്തക്കതായിരുന്നു. എങ്കിലും അവന്റെ പ്രകൃതത്തെഉപേക്ഷിക്കുന്നതിനു അവൻ അശക്തനാകയാൽ ഒരിക്കൽക്കൂടിമഷിപ്പാത്രത്തെ പരിശോധിച്ചിട്ടു "ഛെ, നിങ്ങൾ അസത്യം പറയുന്നു. കാളിയിതിൽ എവിടെ?" എന്നു സംഭ്രമത്തോടുകൂടിപ്പറഞ്ഞു. അപ്പോൾ ആ ദിവ്യമൂർത്തി "ഉണ്ണീ ഞാൻ കാളിയാണു്. നിന്നിൽ ഞാൻ അത്യന്തം പ്രസാദിച്ചിരിക്കുന്നു. നിനക്കു് എന്തു് ഇഷ്ടം ഞാൻ ചെയ്യണം. പറയുക"എന്നു പറഞ്ഞുകൊണ്ടു കാരുണ്യപരവശയായി അവന്റെശിരസ്സിൽ തലോടി. ഗംഗേശന്റെ അന്തർഹിതമായിരുന്ന ബോധത്തിനു അത്ഭുതപൂർവ്വമായ പ്രഭാതം അടുത്തു. ആ നിരുപാധികകൃപാനിധിയായ ദേവി, ലോകത്തിന്റെ മാതാവും വംഗഭൂമിയുടെ കുലദൈവതവുമായ ദുർഗ്ഗാദേവിയാണെന്നുതന്നെ അവനുതോന്നി. അവൻ ദണ്ഡനമസ്കാരം ചെയ്തു.

"അമ്മേ എനിക്കിതിൽ നിറച്ചു കാളി വേണം,, എന്നു പറഞ്ഞു പാത്രമെടുത്തു കാണിച്ചു.

ദുർഗ്ഗ:—"ഉണ്ണീ നീ, അതിനെ ഉപേക്ഷിക്കുക. ആശവത്തെ ഉപേക്ഷിച്ചു നീ എഴുനേൽക്കുക. കഷ്ടം! ഭക്ഷണലോഭത്താൽ നീ, ഈബീഭത്സ വ്യാപാരം ചെയ്തുവല്ലോ. നീ, നാളെ നിന്റെ മാതുലനെക്കാൾ പ്രസിദ്ധനായ വിദ്വാനായിത്തീരും. ഭക്ഷണത്തിന്നിനക്കു കുറവു വരില്ല."

പിന്നെയും ദേവി അവന്റെ ശിരസ്സിൽ തലോടി. അപ്പോൾ ഗംഗേശന്റെ ബോധം പൂർവ്വാധികം പ്രബോധിച്ചു. അവൻപിന്നെയും ദേവിയുടെ പാദാരവിന്ദത്തിൽവീണു.

ഗംഗേ:—ഹാ! ജഗന്മാതാവേ! എനിക്കു വിദ്യയില്ലല്ലോ. ഞാൻ പിന്നെ എങ്ങനെയാണു് മാതുലനെക്കാൾ വിദ്വാനായിത്തീരുന്നതു്?

ദക്ഷ:—ഉണ്ണീ, നീ വ്യസനിക്കേണ്ട. നീ നിന്റെ മാതുലന്റെ ഗ്രന്ഥങ്ങൾ എടുത്തു ഒരു പ്രാവശ്യം നോക്കുക. അവയുടെ സമസ്തതത്വങ്ങളും ഉടനെ നിനക്കു നിസ്സന്ദേഹമായി തോന്നുകയും നിന്റെ ബുദ്ധിയിൽ അവ ഒരിക്കലും മറന്നുപോകാതെ സദാ പ്രകാശിക്കയും ചെയ്യും.

മൂന്നാമതും ദേവി അനുഗ്രഹസൂചകമായി അവനെ തലോടി. ഏതാനും ക്ഷണം ഗംഗേശൻ യാതൊന്നും അറിഞ്ഞില്ല. തിരിയെ ബോധംവന്നപ്പോൾഅവൻ, ദൃഢമായിപ്പൂട്ടിയിരുന്നതും അകത്തുഇരുട്ടുനിറഞ്ഞിരുന്നതുമായ തന്റെ മാതുലന്റെ ഗ്രന്ഥങ്ങൾ ഇരിക്കുന്ന മുറിയുടെ മദ്ധ്യത്തിൽ ഇരിക്കുന്നതായും ശ്മശാനമദ്ധ്യത്തിൽ കണ്ട പ്രകാശം നിരാലംബമായി അതിൽ വ്യാപിച്ചിരിക്കുന്നതായും കണ്ടെത്തപ്പെട്ടു. അതു് ദേവിയുടെ അനുഗ്രഹവൈഭവമാണെന്നു അവൻ മനസ്സിലാക്കുകയും ഭഗവതിയുടെ ആജ്ഞയെ ബഹുമാനിച്ചു ഗ്രന്ഥങ്ങളെ അഴിച്ചുനോക്കുകയും ചെയ്തു. ഗംഗേശൻ പ്രധാന ഗ്രന്ഥങ്ങൾ മിക്കതും വായിച്ചുകഴിഞ്ഞു. പ്രഭാതസൂചകങ്ങളായ പക്ഷികളുടെ ശബ്ദങ്ങൾ വെളിയിൽ കേട്ടു. ഗ്രന്ഥങ്ങളെ ഗംഗേശൻ മടക്കി കെട്ടിവച്ചു. അവൻ പുറത്തിറങ്ങി. വാതിൽ യഥാപൂർവം പൂട്ടിയിരിക്കുന്നതായിക്കണ്ടു. രാത്രിയിലെ കഥയെല്ലാം ഗംഗേശന്റെ ബുദ്ധിയിൽ ഒരു സ്വപ്നം പോലെമങ്ങുകയും അത്ഭുതകരമാകുംവണ്ണം അവനു സിദ്ധിച്ച പാണ്ഡിത്യം അത്യന്തം പ്രകാശിക്കുകയും ചെയ്തു.

നേരം നല്ലവണ്ണം വെളുത്തു. വിദ്യാർത്ഥികൾ രാവിലേ വന്നു ഗംഗേശനെ വളഞ്ഞു. ഗംഗേശൻ ഇപ്പോൾ മുമ്പിലത്തെപ്പോലെ കഥയില്ലാത്ത മുരാളനായ ഒരു ബാലനല്ലല്ലോ.

"ഗംഗാ!നീ, ഇന്നലെ ശവത്തിന്മേൽ പേരെഴുതിയില്ലല്ലോ. വാ, പോയി നോക്കീട്ടു വരികതന്നെ. നിനക്കു പലഹാരം മേടിച്ചു തന്നില്ലല്ലോ;, എന്നെല്ലാം അവരിൽ ഓരോരുത്തരും അവനോടുപറകയും ചിലർ അവനെ പിടിച്ചു ഇഴയ്ക്കുകയും ചിലർ ചിരിക്കുകയും ചെയ്തുതുടങ്ങി. ഇവരുടെ ചാപല്യത്തിനു ഗംഗേശനിൽ യാതൊരു വികാരത്തേയും ഉണ്ടാക്കുവാൻ അപ്പോൾ കഴിഞ്ഞില്ല. അവൻ അപ്പോൾ "ശംഗേശോപാദ്ധ്യായൻ"തന്നെ. നിശ്ചലവും ഗംഭീരവുമായ ഒരുനോട്ടവും ലളിതമായ മന്ദസ്മിതവും കൊണ്ടു് അദ്ദേഹത്തിന്റെ മുഖം അത്ഭുതകരമാകുംവണ്ണം എല്ലായ്പ്പോഴുംപ്രകാശിച്ചു. സഹാദ്ധ്യായികളെയെല്ലാം അദ്ദേഹം എങ്ങിനെയെങ്കിലും ഒരുവിധം വിട്ടൊഴിച്ചു. താൻ അത്ര മന്ദനായിരുന്നപ്പോൾ തീരെ നിർദ്ദയമായി ആ നിന്ദ്യകർമ്മത്തിൽ തന്നെ നിയോഗിച്ച ദുഷ്ടസഹായാദ്ധ്യായികളുടെ മേൽ അദ്ദേഹത്തിനു യാതൊരു വിരോധവും തോന്നിയില്ല. അഹത്തിന്റെ അനന്യദുർല്ലഭമായ അഭ്യുദയത്തിന്നു അതും കാരണമായിരുന്നുവല്ലോ.

കുറെ പുലർന്നപ്പോൾ വീട്ടിൽ അമ്മാവൻ വന്നെത്തി. പുതിയ ഉപാദ്ധ്യായൻ അദ്ദേഹത്തെ നമസ്കരിച്ചിട്ടു് അമ്മാവാ, അങ്ങു് ഇന്നു കൊണ്ടുവന്നിട്ടുള്ള പലഹാരം

എനിക്കു ധാരാളം തരണം. ഞാൻ ഇന്നലെ രാത്രി നല്ലവണ്ണം വായിച്ചിട്ടുണ്ടു്". എന്നുപറഞ്ഞു. മാതുലൻ അപ്പോൾ അതിനെ ഗംഗേശന്റെ ഭ്രാന്തുകളുടെ കൂട്ടത്തിലേ ഗണിച്ചുള്ളു. എങ്കിലും അവനു പലഹാരം കൊടുത്തതിൽ കുറച്ചില്ല. ക്രമേണ ഊണുകാലമായി. മാതുലനായ ഭട്ടാചാൎയ്യർ കുളിയും ആഹ്നികവും എല്ലാം കഴിഞ്ഞു ഉണ്ണാൻ ഇരുന്നു. അസാധാരണമായി അന്നു ഗംഗേശനും ഊണിന്നു ഒരുമിച്ചുതന്നെ ചേൎന്നിരുന്നു. ഭട്ടാചാൎയ്യർ ഒന്നു തുറിച്ചു നോക്കി. നമ്മുടെ പുതിയ ഉപാധ്യായൻ ഒട്ടും സങ്കോചിച്ചില്ല. അമ്മാവിയമ്മ അവനും വിളമ്പി. കൂട്ടാനിൽ മത്സ്യത്തിന്റെ മുള്ളുകൾ കുറെ അധികമായിരുന്നു. ബംഗാളബ്രാഹ്മണർ മത്സ്യം കൂട്ടാതെ ഉണ്ണുക പതിവില്ല. മുള്ളുകളെ നോക്കീട്ടു് ചെറിയ ഉപാധ്യായൻ ചിരിച്ചുകൊണ്ടു് —"ഈ അസ്ഥികളെ എല്ലാം അമ്മായി പുണ്യം കിട്ടാനായിക്കൊണ്ടാണോ ഇവിടെ നിക്ഷേപിക്കുന്നതു്". "ഞാൻ കേവലം ജലമയിയായ ഗംഗയല്ല." "ഗംഗേശോപാധ്യായനാണു്." എന്നുപറഞ്ഞു. സയുക്തികമായ ഈ ഫലിതം മാതുലനെ വിസ്മയിപ്പിച്ചു— അദ്ദേഹം ചിരിച്ചുകൊണ്ടു് —"എടോ, ഗോവേ, നീയും ഉപാധ്യായനോ?" എന്നു നിന്ദാഗൎഭമായി ശകാരിച്ചു. അപ്പോൾ സിദ്ധവിദ്യനായ നമ്മുടെ പുതിയ ഉപാധ്യായൻ സംസ്കൃതത്തിൽ:—

"കിമുഗവിഗോത്വമുതാഗവിഗോത്വം,
യദിഗവിഗോത്വം മയിനഹിതത്ത്വം,
അഗവിചഗോത്വംയദിഭവദിഷ്ടം,
ഭവതി ഭവത്യപിസമ്പ്രതിഗോത്വം"

എന്നു് അല്പം മൂഢതന്നായിട്ടു തന്നെ ഉത്തരം പറഞ്ഞു.

പദ്യത്തിന്റെ അൎത്ഥം ഇപ്രകാരമാകുന്നു.

അങ്ങു് എന്നെ ഗോവെന്നുവിളിച്ചുവല്ലോ. എന്നാൽ ഗോത്വം എന്ന ധൎമ്മം ഗോവിലുള്ളതോ, ഗോവല്ലാത്തതിൽ ഉള്ളതോ? ഗോവിലുള്ളതാണെങ്കിൽ എന്നിൽ അതില്ല. അതുകൊണ്ടു ഞാൻ ഗോവല്ല. പക്ഷേ ഗോവല്ലാത്തതിലും ഗോത്വധൎമ്മം അങ്ങു് അംഗീകരിക്കുന്നു എങ്കിൽ ഗോവല്ലാത്ത ഞാൻ എങ്ങനെ ഗോവോ അപ്രകാരം അങ്ങും ഇപ്പോൾ ഒരു ഗോവാകുന്നു.

ഈ പദ്യം ആ വൃദ്ധപണ്ഡിതനെ കണക്കിലധികം വിസ്മയിപ്പിച്ചു. ഇതു് മരുമകന്റെതന്നെ രചനയായിരിക്കുമോ എന്നു ഭട്ടാചാൎയ്യൻ ആദ്യം സംശയിച്ചു. എന്നാൽ, അതു് അത്ഭുതപൂൎവ്വമായ ഒ......അപൂൎണ്ണം

മാന്യവായനക്കാരെ,

"ഓം പൂൎണ്ണമദഃ പൂൎണ്ണമിദം
പൂൎണ്ണാൽ പൂൎണ്ണമുദച്യതേ.
പൂൎണ്ണസ്യ പൂൎണ്ണമാദായ
പൂൎണ്ണമേവാവശിഷ്യതേ

ഓം ശാന്തിഃ ശാന്തിഃ ശാന്തി.

എന്നെഴുതുവാനേ പ്രസാധകനെന്ന നിലയിൽഎനിക്കു തത്ക്കാലം കഴിവുള്ളൂ.

വി. കെ. ശങ്കരൻമുൻഷി
തൃക്കരുവാ

കുഴൽവിളി.

(ഇടയാറന്മുള കെ. എം. വറുഗീസ് ബി. എ; എൽ. ടി.)

(കേക:)

പൊന്നുഷസ്സന്ധ്യയാകു മിടയത്തയ്യൽ, പ്രാചി-
ക്കുന്നിന്റെ പിന്നിൽവന്നു നൽപുല്ലാങ്കുഴലൂതി;

ചോരിപ്പൂങ്കതിർകളാം മേഷങ്ങളെല്ലാം വേഗം
സൂരനാമാലവിട്ടു മേയുവാനങ്ങിങ്ങോടി.

വാനിടപ്പരപ്പിലെ വെണ്മുകിൽ വയൽകളിൽ
സാനന്ദം മേഞ്ഞുമേഞ്ഞു നടന്നു ചിലതെല്ലാം;

ചിലതോ, കുടുങ്ങിപ്പോയ് ചൂരലിൻവള്ളിക്കെട്ടിൽ;
ചിലതോ, വലഞ്ഞുപോയ് ചുട്ടതീമണൽക്കാട്ടിൽ;

അന്നത്തെനേട്ടംമൂലം ചൊടിച്ചിതൊരുക്കൂട്ടം;
ദുർശ്ശാപാകം പാർത്തു മോങ്ങിപ്പോയ് മററുള്ളവ;

വീണ്ടുമക്കുഴൽവിളി—ദിനാന്തമണിനാദം—
കേൾക്കായീ, സന്ധ്യാകാശ ശൈലത്തിൻ തലപ്പിങ്കൽ;

ഏററവും ഭഗ്നരായ യജങ്ങളവിടേക്കു
മാററിയോരാലയ്ക്കുള്ളിൽ നിഭൃതം തിങ്ങിക്കൂടി—

ചെറുകഥ

വഞ്ചന

(ജഗതി എൻ. കെ. ആചാരി)

i

മുകിലൻപട മഴവെള്ളം പോലെ നാട്ടിലിറങ്ങിയപ്പോൾ പതിനാറുതികഞ്ഞ പെണ്ണുങ്ങൾ പത്തായപ്പുരയിൽ ഭജനമിരുന്നു. അങ്ങനെയൊരുദിവസം പാതിരാ കഴിഞ്ഞപ്പോൾ പാച്ചല്ലൂരിനു പടിഞ്ഞാറുള്ള പട്ടാണിപ്പാളയം വെന്തു വെണ്ണീറായി. പണ്ടാരത്തു മാടമ്പി പന്തമെറിഞ്ഞതാണു കാരണമെന്നറിഞ്ഞു് വേണാട്ടുമന്നൻ വിളക്കും വീരശൃംഖലയും മാടമ്പിക്കു കൊടുത്തു. അതുകൊണ്ടാണു് 'മണ്ണും പൊന്നും' പണ്ടാരത്തു വീട്ടുകാർക്കു് നേട്ടം കിട്ടിയതു്.

പണ്ടാരത്തു വീടെന്നു കേട്ടാൽത്തന്നെ നാട്ടാരുടെ നട്ടെല്ലുകൾവളയും. മാടമ്പിയുടെ മകനായ ഉണ്ണി ക്കുറുപ്പിനെ പല തറവാട്ടുകാരും കണ്ണുവെച്ചിരുന്നു. സംബന്ധാലോചനയുമായി ആയിരം പേർ രാവും പകലും വരാറുണ്ടെങ്കിലും 'താഴ്ച്ചയുമായിവേഴ്ച്ച' നടത്താൻ മാടമ്പി മടിച്ചു. ഉണ്ണിക്കുറുപ്പിന്റെ പുടവ വാങ്ങാൻ ചന്തമുള്ള ഒരു തങ്കച്ചി മംഗലത്തു തറവാട്ടിലുണ്ടെന്നു വടക്കേവീട്ടിൽ വല്യമ്മപറഞ്ഞതനുസരിച്ചു് മാടമ്പി മറാപ്പുംകെട്ടി മന്ത്രവടിയുമെടുത്തുകൊണ്ടു് മംഗലത്തേക്കു തിരിച്ചു.

നേരം പത്തുനാഴികയിരുട്ടി. അമ്പിളി, ആമ്പൽക്കുളത്തിനക്കരെയെത്തി. ഒരു തണുത്ത കാററു് പണ്ടാരത്തുപടിക്കൽ നില്ക്കുന്ന പനയുടെ ഓലകളിൽ ഒളിച്ചിരുന്നു പരുപരുത്ത പാട്ടുപാടിത്തുടങ്ങി. ഉണ്ണിക്കുറുപ്പു് തപ്പിത്തടഞ്ഞു പുറംതിണ്ണയിലെത്തി, വടക്കേതിന്റെ കോണിലുള്ള ഒരറയുടെ കതകിനുതട്ടി.

"പാറൂ! വാ, നേരമായി പാങ്ങപ്പാറയിൽ പോകാം." അറയുടെ കതകുതുറന്നു് അടിച്ചുതളിക്കാരി പാറു മുററത്തിറങ്ങി.

"മഞ്ഞല്ല്യോ? നെഞ്ചത്തു വല്ല പഴയതെങ്കിലുമെടുത്തു പുതച്ചോ" ഉണ്ണിക്കുറുപ്പു് പാറുവിന്റെ തോളിൽതൊട്ടുപറഞ്ഞു.

"ഒന്നുംവേണ്ട. തണുക്കിണില്ല. ഉം... പോകാം" പാറു പതുക്കെപ്പറഞ്ഞു. ഉണ്ണിക്കുറുപ്പും പാറുവും പാങ്ങപ്പാറയുടെനേർക്കു നടന്നു. വയ്ക്കോലിനിടയിൽ ഒളിച്ചിരിക്കുന്ന വായാടി ചീവീടിനെ തേടിക്കൊണ്ടിരുന്ന 'ചെമ്പൻ', കുറുപ്പും പാറുവും വലിയ വരമ്പിലിറങ്ങുന്നതുകണ്ടു്, ഒരു മുറുമുറുപ്പോടെ അവരുടെ പുറകേപോയി. പാറുവിന്റെ പ്രാണനാണു് ചെമ്പൻ. പണ്ടാരത്തുവീട്ടിൽനിന്നും ഒരു വിളിപ്പാടകലെയാണു പാങ്ങപ്പാറ. അതിനടുത്തെങ്ങും വീടും കുടിയുമില്ല. കിഴക്കു വെള്ളിപൊട്ടിയപ്പോൾ കുറുപ്പും പാറുവും പാറപ്പുറത്തെത്തി.

"—പത്തുനാളായി പാറയിൽവരാൻ വിളിച്ചില്ല്യോ? ഉം...എന്തിനാ?..."പാറു ചോദിച്ചു. ഉണ്ണിക്കുറുപ്പു മേല്പോട്ടുനോക്കി

"പാറൂ! മണലുവിരിച്ച മാനംകണ്ടോ?" പാറു തന്റയിൽനോക്കി വീണ്ടും ചോദിച്ചു. "ഉം എന്നെ വിളിച്ചതെന്തിനാ?" അതിനുത്തരം പറയാൻ കുറുപ്പിനു കരുത്തില്ലാതായി.

"നീയവിടെയിരുന്നൊന്നു പാട്ട്!" കുറച്ചുകഴിഞ്ഞു കുറുപ്പു പറഞ്ഞു. പാറു പാറമേൽ പടിഞ്ഞിരുന്നു. പാഴൂർക്കാവിൽ കുടമുല്ല പൂത്തെന്നു ഒരു കൊച്ചുകാററവരെയറിയിച്ചു. പട്ടുനിന്ന പവിഴാമല്ലിയുടെ കൊമ്പത്തിരുന്നൊരു രാപ്പാടി ചിറകടിച്ചു. പാറുവിനെന്തൊക്കെയോ തോന്നി. അവൾ താനറിയാതെ പാടാൻതുടങ്ങി.

"ഒന്നാനാംകുന്നിന്മേൽ ഓരടിക്കുന്നിന്മേൽ
ഓരായിരംകിളി കൂടണച്ചു.
കൂട്ടിന്നിളംകിളി താമരപൈങ്കിളി
താനിരുന്നാടുന്ന പൊന്നോ...ലാ.

"നീ തല പാറയിൽവെക്കാതെ പാറൂ" കുറുപ്പു പറഞ്ഞു. അവളുടെ തല താങ്ങി മടിയിൽവെച്ചു. വെള്ളിപൂശിയ മാനം പാടെ ഒന്നു കറുത്തു.......അങ്ങനെ പാറയിൽകിടന്നു പാറുവൊന്നു മയങ്ങി........

നേരം വെളുത്തപ്പോൾ ചെമ്പനുണന്നൊന്നു മോങ്ങി. ചിതറിക്കിടന്ന തലമുടി വാരിക്കെട്ടിക്കൊണ്ട് പാറു പുലമ്പി. "തലയും മേലും നോവുണു.—"
"പേടിക്കാതെ പാറൂ ഒന്നുംവരത്തില്ല" കുറുപ്പ് ഉണർവുകൊടുത്തു.

"ചെമ്പാ! വാ!" പാറുവും ചെമ്പനും പാടത്തിലേക്കും, കുറുപ്പു കളരിയിലേക്കും നടന്നു.

ii

അമ്പലത്താറാട്ടിന്റെ തലേന്നാൾ മംഗലത്തു കാരണവർ മഞ്ചലിൽക്കേറി പണ്ടാരത്തു പടിക്കലെത്തി. മണ്ണും മുതലും കുന്നിച്ച് മാനംനേടിയ ഒന്നാണ് മംഗലത്തു തറവാട്ട്. വടക്കോട്ടു ദർശനമുള്ള ചാമുണ്ഡികോവിലും, ലക്ഷണമൊത്ത പൂവാലിപ്പശുവും മംഗലത്തെ മഹിമകളാണ്. മാടമ്പിയെക്കണ്ടു മകളുടെ സംബന്ധക്കാര്യമുറപ്പിക്കാനുള്ള പുറപ്പാടായിരുന്നു അത്. മാടമ്പി, മംഗലത്തു കാരണവരുടെ മാനത്തിനൂനം പററാതെ മാറാപ്പുകെട്ടി എതിരേററ് അകത്തളത്തിൽ കൊണ്ടിരുത്തി.

"കിട്ടുവേ! പിടിമൊന്തയിൽ വെള്ളംകൊണ്ടു വെച്ചിട്ട്, നല്ല തൂവനിലവെട്ടി തൂക്കുവിളക്കിന് താഴെയിടെടാ" മാടമ്പി വേലക്കാരനോടു കല്പിച്ചു. നേന്ത്രക്കായുപ്പേരിയും, ആനക്കാലൻ പപ്പടവും മററും ഊണിനുണർവു വരുത്തി. മംഗലത്തുകാരണവർ ചെല്ലം തുറന്നു മുറുക്കി. ഉണ്ണിക്കുറുപ്പിനു ആയിരം പറ നിലവും, ആറാനയും കൊടുക്കാമെന്ന് കാരണവരേററു. ഉണ്ണിക്കുറുപ്പിന്റെ ഉള്ളൊന്നിളകിത്തുള്ളി. മംഗലത്തു മങ്ക കുടിയിരിക്കുമ്പോൾ പണ്ടാരത്തു വീട്ടിനു പത്തിരട്ടി മേന്മയുണ്ടാകുമെന്ന് വടക്കെ കെട്ടിൽ വല്യമ്മ ചിരിച്ചുകൊണ്ടു പറഞ്ഞു. മാടമ്പി മഞ്ചൽക്കാക്ക് അവലും പഴവും നല്കി. മംഗലത്തു കാരണവർ മുററത്തിറങ്ങി, പണ്ടാരത്തു വീട്ടിന്റെ തട്ടും നിരയും ഉറപ്പുള്ളതാണോ എന്നറിവാൻ വേണ്ടി ഉള്ളുവളഞ്ഞൊന്നു നോക്കി.

"ഇനിയിങ്ങോട്ടെന്നു വരും?" ഉണ്ണിക്കുറുപ്പ് ഉപചാരത്തോടെ ചോദിച്ചു.

"പെണ്ണു പണ്ടാരത്തു കുട യേറുമ്പോൾ വരാം" മംഗലത്തുകാരണവർ മഞ്ചലിൽ കേറി. ഒച്ചപ്പാടോടെ മഞ്ചൽ മറഞ്ഞ

ച്ചോൾ മാടമ്പി ആറാട്ടു നിരത്തിലുംപോയി.

അന്തിമുടിഞ്ഞു് ആറുനാഴികയിരുട്ടി. പടിപ്പുരയിൽ പതിഞ്ഞ ഒച്ചയിലൊരു കരച്ചിൽ. കുറുപ്പു ചൂരലുമെടുത്തുകൊണ്ടു തടത്തിലെത്തി.

“അല്ല!പാറുവോ?” നീ കരയുന്നതെന്തിനു്?” അവൾ പൊട്ടിക്കരഞ്ഞു. അടുത്തു നിന്ന ചെമ്പന്റെ അകം നീറി. അവൻ നീളത്തിലൊന്നു മോങ്ങി. കുറുപ്പു് പാറുവിന്റെ തലയിൽ കൈവച്ചു.

“പിന്നെ...ഇന്നു് പാങ്ങപ്പാറയിൽ പോകണ്ടേ?” പാറു പതുക്കെ ചോദിച്ചു.

“ഇനി ഒക്കൂല്ലെടി പാറൂ! ഞാൻ മംഗലത്തു മങ്കയെ മാലയിടാൻ പോണു.”

“എനിക്കു മുണ്ടുതരാമെന്നു് പറഞ്ഞതോ?” അവൾ തൊണ്ടവിറയലോടെ ചോദിച്ചു.

“അതിനൊക്കമോടീ? ഞാനന്നു കളിപറഞ്ഞതല്ല്യോ” കുറുപ്പു ക്രൂരമായിപറഞ്ഞു. പാറുവിന്റെ നെഞ്ചിടിപ്പു നിന്നു. പേപിടിച്ചവളെപോലെ അവൾ കിഴക്കോട്ടോടി. ചെമ്പനും പുറകേയോടി.

* * * * *

മംഗലത്തു മങ്ക മഞ്ഞനീരിൽ കുളിച്ചു് വലതുകാൽവച്ചു് പണ്ടാരത്തു വീട്ടിൽകയറിയിട്ടു് മുപ്പതുനാളായി. മുപ്പത്തൊന്നാം നാളിൽ പടിപ്പുരവാതുക്കൽ പതറിയ ഒരൊച്ച കേട്ടു. മാടമ്പി പൂമുഖത്തു വന്നു നിന്നു.

“ആരെടി ചിരുതയോ?”

“ഞാൻ തന്നെ തമ്പുരാനെ!”

“നീ വന്നകാര്യം?”

പുണ്യം ചെയ്ത തമ്പുരാൻ അടിയന്റെ മുഖത്തു കരിതേച്ചില്ല്യോ?” ചിരുതക്കിഴവി കരഞ്ഞുകൊണ്ടു പറഞ്ഞു.

“എന്തെടീ” മാടമ്പിയുടെ മട്ടുമാറി. “തമ്പുരാന്റെ കൊച്ചു് എന്റെ പാറുവിനെ ചതിച്ചു....”

ഈ കരച്ചിലും പറച്ചിലും കേട്ടു് കാര്യമറിവാനായി, വടക്കെ കെട്ടിൽ വല്യമ്മ മുലക്കച്ചയും മുറുക്കി മുററത്തു വന്നു.

“ആരു്? ചിരുതക്കിളവിയോ? നിനക്കു് ചാക്കാല യില്ല്യോടി?”

വല്യമ്മ കുശലം ചൊല്ലി.

പാതിരാതോറും പാങ്ങപ്പാറയിൽ കുറുപ്പും പാറുവും പോകാറുണ്ടെന്നുള്ളകഥ, ചിരുത കണ്ണുനീരോടെ പറഞ്ഞു.

അരിശംകൊണ്ടു വല്യമ്മ ഇളകി.

“ഛീ! പോടി, പെരുമപെററ തറവാട്ടിനു പേരുദ്ദോഷ്യംവരുത്താതെ. നിന്റെ പാറുപ്പെണ്ണിനു വല്ല പറയനും കാണും”

ചിരുതയുടെ ഇടനെഞ്ചു തവിട്ടുപൊടിയായി. മാടമ്പിയുടെ മീശ വിറച്ചു—ടാ കിട്ടുവേ! ഈ പേക്കോലത്തിനെ വെട്ടി വലിയ വരമ്പിൽ പുതയ്ക്കടാ” മാടമ്പി അലറി.

ചിരുത തപ്പിത്തടഞ്ഞോടി. ചെമ്പൻ അത്യുച്ചത്തിൽ ഒന്നു കുരച്ചുകൊണ്ടു്, മുററത്തിറങ്ങിയ കിട്ടുവിന്റെ കാലിൽ പിടികൂടി.

iii

കാളിയൂട്ടുകഴിഞ്ഞു പണ്ടാരത്തു പടിക്കൽനിന്നുമാളുകൾ ഒഴുങ്ങിത്തുടങ്ങി. മംഗലത്തു കാരണവരെ വലിയവ മ്പുവരെകൊണ്ടാക്കാൻ മരുമകനായ ഉണ്ണിക്കുറുപ്പുതന്നെ ഒരുമ്പെട്ടു. വലിയവരമ്പിൽകിടന്നു ക്രൂക്കുവലിക്കുന്ന മഞ്ചൽക്കാരെ തട്ടിയുണർത്തിയിട്ടു കുറുപ്പു്, കാരണവരുടെ കാലിൽ തൊട്ടുതൊഴുതു യാത്രയാക്കി. ഉണ്ണിക്കുറുപ്പു് പടിക്കലേക്കു നടന്നു. പണ്ടാരത്തു

പടിക്കൽനിന്നും ഒരുവിളിപ്പാടകലെയെത്തിയപ്പോൾ എന്തോ ഒന്നനങ്ങുന്നതുകണ്ടു കുറുപ്പു തിരിഞ്ഞുനോക്കി. വയറുന്തിയ ഒരു പെൺകോലം!

"നീയാരു്?"

"ഞാൻതന്നെ പാ...റൂ..." "നിനക്കെന്തുവേണം?" കുറുപ്പു ചൂട്ടുതെളിച്ചു.

"എനിക്കൊന്നും വേണ്ടാ...എന്റെ വയററിക്കിടക്കണെ കൊച്ചിനെ..." പാറുവിന്റെ തൊണ്ട വരണ്ടു.

"വന്നതനുഭവിക്കണം പാറൂ" കുറുപ്പു് ക്രൂററു പറഞ്ഞു.

"ഒന്നും വരത്തില്ലന്നല്യോ പറഞ്ഞതു്" പാറു കരഞ്ഞു.

"കരയാതെ! നാളെ പത്തുപറ നെല്ലു തരാം."

"എനിക്കെന്തിനു നെല്ലു്?"

"എന്നാൽ പത്തുപണം തരാം."

"എനിക്കെന്തിനു പണം?"

"നീ നാടുവിട്ടുപോ."

"എന്നെച്ചതിച്ചില്യോ?"

"നല്ല കുലത്തിൽ പിറക്കാത്ത പെണ്ണുങ്ങൾക്കിങ്ങിനെയൊക്കെപ്പററുമെടീ" പാറു കുറുപ്പിന്റെ കാല്ക്കൽ വീണു. കുറുപ്പിന്റെ കണ്ണു് കയ്യിലിരുന്ന ചൂട്ടിനേപ്പോലെ മിനങ്ങി.

"നീ ചത്താലെ നാട്ടിനു നന്മവരൂ" ഒരു പുറംതിരിവു തിരിഞ്ഞു് ചുവടുവച്ചു കുറുപ്പു ആഞ്ഞൊന്നടിച്ചു പാറു പ്രാണവേദനയോടെ വയററിൽ കൈവച്ചുകൊണ്ടു വാവിട്ടു നിലവിളിച്ചു. അകലെ പാങ്ങപ്പാറയിൽനിന്നും ഒരു പട്ടിയുടെ മോങ്ങൽ ആകാശത്തിലലഞ്ഞു. ചൂട്ടു കൈതക്കാട്ടിലെറിഞ്ഞിട്ടു കുറുപ്പു് നടവരമ്പിൽക്കൂടി അമ്പുപോലെ പാഞ്ഞു.

കാളിയൂട്ടു കഴിഞ്ഞ നാലാംദിവസം കിഴക്കു വെള്ളിപൂശിയപ്പോൾ പണ്ടാരത്തു മാടമ്പിപാടത്തിലിറങ്ങി വേലക്കാർ താളം പിടിക്കാതിരിക്കാൻ ഒരോലക്കീറിട്ടു് മാടമ്പിവരമ്പിലിരുന്നു. ഒട്ടിട കഴിഞ്ഞപ്പോൾ പാട്ടക്കാരൻ കേളു ഓടിക്കിതച്ചുകൊണ്ടു് മാടമ്പിയുടെ മുമ്പിലെത്തി. "ദാ! പാങ്ങപ്പാറയിൽ പാറുപ്പെണ്ണും പട്ടിയും ചത്തുകിടക്കണു—!"

മാടമ്പിയുടെ മെയ്യ് വിയർത്തൊന്നു വിളറി. ആ ഓലക്കീറിൽതന്നെ തല ചാച്ചു.

ആണ്ടുകൾ പലതുകഴിഞ്ഞു. ഇന്നു പണ്ടാരത്തു വീടിരുന്ന സ്ഥലം പാഴ്മണ്ണായിക്കിടക്കുകയാണു്. വയലുകളെല്ലാം വിണ്ടുകേറിത്തരിശായി. മങ്കലത്തു മങ്കയുടെ വഴിയിൽ അവകാശികളില്ല. ഇന്നും പാതിരാകഴിഞ്ഞാൽ ആരും പാങ്ങപ്പാറവഴി നടക്കാറില്ല. പാഴൂർച്ചന്തയിൽ നിന്നും കാളവാങ്ങി തിരിച്ചുവരുന്നവർ പാതിരായ്ക്കു് പാങ്ങപ്പാറയിൽ വരുമ്പോൾ ഒരു പട്ടിമോങ്ങുന്നതു കേൾക്കാറുണ്ടു്. നല്ല നിലാവു കാലത്തു മുടിചിതറിയ ഒരു പെൺകോലം പാറപ്പുറത്തു മുട്ടുകുത്തിയിരുന്നിങ്ങനെപാടും

ഒന്നാംകുന്നിന്മേൽ ഓരടിക്കുന്നിന്മേൽ
ഓരായിരംകിളി കൂടണച്ചു
കൂട്ടിന്നിളംകിളി താമരപ്പൈങ്കിളി
താനിരുന്നാടുന്ന പൊന്നോ...ലാ

കൃഷിക്കാരുടെ പാട്ട്.

(പി. കഞ്ഞിരാമൻനായർ.)

പട്ടിണിപ്പട്ടടയിട്ടു പൊരിച്ചാലും
വിത്തെടുത്തുണ്ണുകയില്ലഞങ്ങൾ.
പ്രാണനും പ്രാണനായ് പൂർവികർ നേടിയ
മാനം പണയത്തിലാക്കിവെയ്ക്കാൻ,
പൈദാഹമേററു വശംകെട്ടുവീഴ്കിലും
സോദരരക്തനീർ ധാരചിന്താൻ.
പഞ്ചമറിയാത്ത തന്നയൽനാടിൻെറ
പത്തായംകുത്തിക്കവർന്നുപോകാൻ
ഉണ്ണാനിരിയ്ക്കുമപരഭൃഖണ്ഡത്തിൻ
കിണ്ണത്തിൽപ്പൂഴി നിറച്ചുവെയ്ക്കാൻ,
കാർപ്പണ്യകാകോളം കാററിൽത്തളിയ്ക്കുവാ
കൈപ്പടംപൊക്കുകയില്ലഞങ്ങൾ (ൻ

II

മഞ്ഞുമലയും കുമാരിയുംകാക്കുമീ
മണ്ണിൽവിളഞ്ഞുവരുന്നവിത്ത്;
മംഗളത്താരാട്ടു പാടിയുറക്കുന്ന
ഗംഗയലകൾ നനയ്ക്കും വിത്ത്;
കാലംപതിരുകൊഴിച്ച പരീക്ഷതൻ
കാററുംവെയിലുമേറ്റേററവിത്ത്;
ഉപ്പുപിടിപ്പു പടനിലമൊക്കെയും
വച്ചുപിടിപ്പിയ്ക്കാൻ പോന്നവിത്ത്;
കർമ്മപ്രപഞ്ചത്തെത്തഴ്പ്പിപ്പാൻ; ഭാരത
കർഷകൻവാരി വിതച്ചവിത്ത്;
ഭാവിതലമുറയ്ക്കില്ലംനിറയ്ക്കേണ്ടും
ഭാരതസംസ്കാരമെന്നവിത്ത്;
പട്ടിണിപ്പട്ടടയിട്ടു പൊരിച്ചാലും,
വിത്തെടുത്തുണ്ണുകയില്ലഞങ്ങൾ!

അന്തിയുഷസ്സുകൾ കിങ്ങിണി ചാർത്തിയ്ക്കു
യക്കനും ചന്ദ്രനും സാക്ഷിനിൽക്കെ!
കാലപ്പെരുമാൾതൻ കർഷകസന്ദേശം
കാററും മുകിലും പരത്തിപ്പോകെ
അമ്മിഞ്ഞനൽകുവാൻവിത്തേ;നിൻപൂവുട
ലമ്മ;മടിയിലെടുത്തുവച്ചു!

III

പച്ചത്തേച്ചൊന്നുമിനുത്തുപത്തുതൊരി-
പ്പട്ടൊളിപ്പുമുഖംകണ്ടെങ്കിലേ
ഉത്തമസേവനസ്നേഹാലെരിയുമീ
കൈത്തിരിച്ചാർത്തുതെളിഞ്ഞെങ്കിലെ.
ആ നീലലോലക്കലൊരാമരംഗത്തി-
ലാനന്ദപ്പൈങ്കിളിപാട്ടുപാട്ടു
വെന്നീരിൽമുങ്ങിക്കുളിച്ചു കരംപററും
കണ്ണുകൾവിണ്ണിലുയരുംപോലെ
വൃത്തിസംപ്രാപ്തിയ്ക്കുപത്തനംവിട്ടതാം-
പുത്രനെയോർത്തമ്മ മാഴ്കുംപോലെ
പൽക്കൊടിനാരിന്മേൽ പൊന്മണി കോ
ർത്തിട്ടു
നൽകുമപ്പാണിയെ നണ്ണീനിന്നെ!
കേടററകൈകളിൽ വാരിയെടുത്തിതാ
പാടത്തുമണ്ണിൽവലിച്ചെറിഞ്ഞു!
ഗ്രീഷ്മവ്രതത്തിനാൽ വേർത്തുനെററിയി-
ലൂഷ്മളവീർപ്പുകളമ്മവയ്ക്കു
വിണ്ണവർതാരകക്കണ്ണിനാൽ കണ്ടല്ലോ
മണ്ണിലുറങ്ങിക്കിടക്കും നാകം

പുരോഗമനസാഹിത്യം.

(എം. ഭാസ്കരൻ)

ജീവിതംതന്നെ ചലനാത്മകമാണ്. ഈ ഭൂമിയോടൊപ്പം സകല ചരാചരങ്ങളും ചലിച്ചുകൊണ്ടിരിക്കുന്നുവെന്നു ശാസ്ത്രീയമായ പരീക്ഷണങ്ങൾ ഒന്നും കൂടാതെ തന്നെ മനസ്സിലാക്കാൻ കഴിയും. യാന്ത്രികമായ ഒരു പുരോഗതി ഇന്നു നാം കാണുന്നു. ഇന്നലെ നാം കണ്ടതെല്ലാം ഇന്നു പഴയതായി. നാളത്തേക്കു ആവശ്യമുള്ളവ നിർമ്മിച്ചു കഴിയുമ്പോഴേക്കും അവ ഉപയോഗശൂന്യമാണെന്നു അനുഭവപ്പെടുന്നു. ജ്വരവേഗത്തിലുള്ള ഈ പുരോഗതിക്കനുസരണമായി അറിഞ്ഞുകൊണ്ടോ അറിയാതെയോ നാം മാറിക്കൊണ്ടിരിക്കുന്നു. മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കുന്ന ഈ അവസ്ഥയെ ഉപകാരപ്രദമായ വിധത്തിൽ തിരിച്ചുവിടുന്നതിനു പുരോഗമനസാഹിത്യകാരന്മാർ ആത്മാർത്ഥമായി പ്രവർത്തിക്കുന്നു. പുരോഗമനസാഹിത്യകാരനെന്നു മുദ്രയടിക്കപ്പെടാത്ത മററാരും ആ വഴിക്കു ശ്രമിക്കുന്നില്ലെന്നു ഇവിടെ വിവക്ഷയില്ല. വഴിയരികിൽ നിന്നുകൊണ്ടു നാം പിന്നിട്ടുവന്ന മാർഗ്ഗത്തെ തിരിഞ്ഞുനോക്കി ആനന്ദംകൊള്ളാൻ പുരോഗമനസാഹിത്യം അനുവദിക്കുന്നില്ല. തൻെറ നില സുസ്ഥിരമാക്കിയിട്ടു് ശാന്തനായി നിന്നുകൊണ്ടു, മററാരുടേയും ചുമടുതാങ്ങിയാകാതെ നിന്നുകൊണ്ടു് ചുററുപാടുമുള്ള പ്രകൃതിസൌന്ദര്യത്തെ നോക്കികാണാൻ അവൻ ആഗ്രഹിക്കുന്നു.

ഇതു മായാലോകമാണെന്നും ഇതെല്ലാം കല്പിതമാണെന്നും അടിമത്തം യജമാനത്തമാണെന്നും അവൻ വിശ്വസിക്കുന്നില്ല.

പുരോഗമനസാഹിത്യം എന്നു കേൾക്കുമ്പോൾ ചിലർ പരിഭ്രമിക്കുന്നു. പുരോഗമനസാഹിത്യം കമ്മ്യൂണിസ്ററുസാഹിത്യമാണെന്നു ഒരു കൂട്ടർ വിശ്വസിക്കുന്നു. കമ്മ്യൂണിസ്റ്റിനോടു അനുഭാവമുള്ളവരോ കമ്മ്യൂണിസ്ററുകളായ സാഹിത്യകാരന്മാരോ ഈ വകുപ്പിൽ ഉൾപ്പെട്ടതുകൊണ്ടായിരിക്കാം അങ്ങനെ അഭിപ്രായമുണ്ടായതു്. ചൂഷണമെന്നും, പട്ടിണിയെന്നും, കൊടുംപിശാചെന്നും, അധികാരമെന്നും ഉള്ള കുറെ മുദ്രയടിച്ച വാക്കുകൾ ഇതിൽ ധാരാളമായി സ്ഥലം പിടിച്ചു കാണുന്നു, അതുകൊണ്ടുമാവാം. സാഹിത്യം പ്രചരണസ്വഭാവത്തോടുകൂടിയതാണെന്നു ഏതു സാഹിത്യം പരിശോധിച്ചു നോക്കിയാലും കാണാൻകഴിയും. അല്ലാതെയുള്ള സാഹിത്യം സാഹിത്യവുമല്ലല്ലോ. ആ വിധത്തിൽ നോക്കുമ്പോൾ സോഷ്യലിസത്തേയോ കമ്മ്യൂണിസത്തേയോ ആധാരമാക്കിയുള്ള ഒരു നില ചിലർ സ്വീകരിച്ചിരിക്കുന്നതും സാധുവാണെന്നു തോന്നുന്നു. എന്നാൽ കമ്മ്യൂണിസ്ററുസിദ്ധാന്തങ്ങളിലുൾപ്പെടുന്ന വിപ്ലവപ്രവർത്തനങ്ങൾ ഇതിൽ ഉൾപ്പെടുന്നില്ലാ. നമ്മുടെ അവശതകളേയും പരാധീനതകളേയും പരിഹരിക്കാൻ ഉതകുന്ന ഒരു ആദർശം സ്വീകരിച്ചിരിക്കുന്നതിൽ പരിഭ്രമിച്ചിട്ടു അവകാശമില്ല.

നമ്പ്യാരുടേയും വെണ്മണിയുടേയും സാഹിത്യം കണ്ടുതെളിഞ്ഞ കണ്ണുകൾക്കു് പുരോഗമനസാഹിത്യം അറിയാമെന്നും ഇനിയൊന്നും ചെയ്യേണ്ടതായിട്ടില്ലെന്നും പറഞ്ഞു നടക്കുന്ന ചില സാഹിത്യ ഗുരുക്കന്മാർ നമ്മുടെയിടയിലുണ്ടു്. അവർ വാല്മീകിമുതൽ തന്നോളമുള്ള സാഹിത്യത്തെ സ്വന്തം അളവുകോൽകൊണ്ടു് അളന്നുനോക്കുന്നു. സംതൃപ്തരായ അവർ തങ്ങളുടെ കുറികോലും കക്ഷത്തുവച്ചുകൊണ്ടു നടക്കുന്നു. എന്നാൽ പുരോഗമന സാഹിത്യകാരൻ അതുകൊണ്ടു സംതൃപ്തനാകുന്നില്ല. താൻ കണ്ട സാഹിത്യത്തിൽ മഹനീയമായ ഒരു ശക്തിയുള്ളതിനെ അവൻ കാണുന്നു. താൻ അനുനിമിഷം കണ്ടും അനുഭവിച്ചും കൊണ്ടിരിക്കുന്ന കൊടുംയാതനകൾക്കെതിരായി ആ മഹാശക്തിയെ ഇളക്കിവിട്ടു ലോകത്തെയും തന്നെയും രക്ഷിക്കാനുള്ള ആകാംക്ഷയിൽ അവൻ വെമ്പൽ കാണിക്കുന്നു. പുരോഗമനസാഹിത്യകാരന്മാർക്കു ഇക്കാരണത്താൽ, നിന്നിടത്തുതന്നെ ഉറച്ചു നില്ക്കാൻ കഴിയുന്നില്ല. ഈ സാരമായ വ്യത്യാസമാണു ഇവർതങ്ങളിലുള്ളതു്. പുരോഗമന സാഹിത്യം സ്വീകരിക്കുന്ന മാർഗ്ഗം ഏതെല്ലാമാണോ ആ എല്ലാ ഉപാധികളും നമ്മുടെ പഴയ സാഹിത്യത്തിലും കാണാൻ കഴിയും എന്നു് ചിലർ പറയുന്നു. ചില ഉദാഹരണവും അവർ കാണിക്കുന്നു.

* * * *

കാവ്യങ്ങളുടെ കലാസൗന്ദര്യത്തിൽ മാത്രം മുങ്ങിക്കിടക്കുന്ന ചില ചെറുമത്സ്യങ്ങളെ കലാസൗന്ദര്യത്തിന്റെ അഗാധതയിൽ നാം എന്നല്ല ആരും കാണുന്നില്ല. അതിനെ കൈകാര്യം ചെയ്യുന്നതിനും കഴിയുന്നില്ല. പുരോഗമനസാഹിത്യപ്രസ്ഥാനക്കാർ യഥാർത്ഥപ്രസ്ഥാനം എന്നൊക്കെ പറഞ്ഞുകൊണ്ടു് വെറും അശ്ലീലമായ സാഹിത്യവ്യവസായം ചെയ്യുന്നുവെന്നു ചിലർ പറയുന്നു. മൃഗീയമായ ലൈംഗികാസക്തിയുടെ ശമനത്തിനുവേണ്ടിയല്ല കാമത്തിന്റെ കമനീയതയിൽ കരിതേയ്ക്കുവാനാണു റീയലിസം ശ്രമിക്കുന്നതു്. ഒളിച്ചുവെച്ചാൽ ഏതും കാമ്യമാകുമല്ലോ. പഴയ കാവ്യങ്ങളാണെങ്കിൽ കുമാരസംഭവം എട്ടാം സർഗ്ഗവും അംബരീഷചരിതത്തിലെ വന്ദനശ്ലോകവും ഏതു ചന്തയിൽ ചെലവഴിക്കേണ്ട തലച്ചുമടാണെന്നു ആലോചിക്കേണ്ടതാണു്. ശാശ്വതസാഹിത്യക്കാർ അവയ്ക്കും ഇല്ലാത്ത അർത്ഥവാദങ്ങൾ കല്പിച്ചേക്കാം. ആർഷസംസ്കാരത്തിന്റെ വിജയവൈജയന്തികയായ ശാകുന്തളം തുടങ്ങിയുള്ളവ നമ്മുടെ മുമ്പിൽ വെന്നിക്കൊടി പറത്തുന്ന കാര്യവും ഞാൻ വിസ്മരിക്കുന്നില്ല.

ചണ്ഡാലഭിക്ഷുകി പുരോഗമനപ്രസ്ഥാനത്തിൽ ഉൾപ്പെടുന്നോ എന്നു ചോദിച്ചാൽ തീർച്ചയായും ആയിരുന്നു എന്നു ഉത്തരം പറയും. ശ്രീ ചിത്തിരതിരുനാൾ മഹാരാജാവുതിരുമനസ്സുകൊണ്ടു ക്ഷേത്രപ്രവേശനം എന്നു കല്പിച്ചരുളിയോ അന്നുമുതൽ തന്റെ പുരോഗമനച്ചിറകുകൾ ഒതുക്കിക്കൊണ്ടും തികഞ്ഞ കലാസൗന്ദര്യം പൊഴിച്ചുകൊണ്ടും അതു നമ്മുടെ മുമ്പിൽ നിലകൊള്ളുന്നു. ചണ്ഡാലഭിക്ഷുകിയുടെ കാലം കടന്നു നാം വളരെ മുമ്പോട്ടുപോയി. നമ്മുടെ മഹാകവികൾ ഉത്ബോധജനകങ്ങളായ ഈ രീതിയെ അനുകരിച്ചു സാഹിത്യസേവചെയ്താൽ തീർച്ചയായും അനതിദൂരത്തിൽ കാണുന്ന ആ ദിവ്യരൂപം നമുക്കു കരഗതമാകും. ഇല്ലെങ്കിൽതന്നെ

യും ഒരു ചരടിൽ നമുക്കു കോർത്തുനിർത്താൻ കഴിയും.

ഒരുതരം നാടകങ്ങളും നോവലുകളും ഇന്നു ധാരാളമായി പുറത്തുവരുന്നു. അവ ഓരോന്നും പരിശോധിച്ചാൽ ഒരുവക പ്രേതകഥകളാണെന്നു പറയാം. (പ്രേമത്തെയാണു പ്രേതമെന്നു വിവക്ഷിക്കുന്നതു്) യുവതീയുവാക്കന്മാരെ അവ ഭയങ്കരമായി ആക്രമിക്കുന്നതു കാണാം. പതിനാറും പതിനേഴും വയസ്സായ ഈ പ്രേതാവേശകാർ ആദർശപ്രേമവും ചുമന്നുകൊണ്ടു നെടുവീർപ്പിലും ഭാവനയിലും ഉറക്കംതൂങ്ങിക്കഴിയുന്നു. ഇങ്ങനെ അലസതയിലേക്കും അധോഗതിയിലേക്കും ലോകത്തെ നയിക്കുന്ന ഇക്കൂട്ടർ വല്ല രാജ്യമീമാംസയേയോ സാമ്പത്തികശാസ്ത്രത്തേയോ അടിസ്ഥാനമാക്കിക്കൊണ്ടു സാഹിത്യസേവനം ചെയ്തിരുന്നുവെങ്കിൽ അതു എത്ര ഉപകാരപ്രദമാകുമായിരുന്നു. ഈ പ്രസ്ഥാനക്കാരുടെ കൈയിൽനിന്നും നാം രക്ഷപ്പെടേണ്ടിയിരിക്കുന്നു. അതിനു പുരോഗമനസാഹിത്യമല്ലാതെ മററാശ്രയമില്ല.

എന്താണു നമ്മുടെ പരാധീനത? ഈ പരാധീനതയ്ക്കു കാരണമെന്താണു്? അതിനെ അകററുന്നതിനുള്ള വഴിയും അതിനുള്ള തടസ്സങ്ങളും സൂക്ഷ്മമായി കണ്ടുപിടിക്കണം. അതിനു ബാധകമായി നില്ക്കുന്ന സകല ശക്തികളേയും ഊക്കോടെ തട്ടിമറിക്കുന്നതിനുള്ള ഒരു ജീവൽസാഹിത്യത്തിലൂടേ പ്രവഹിക്കണം. അങ്ങനെ ഇന്നത്തെ ലോകം ദുരിതങ്ങളിൽനിന്നും മോചനം നേടട്ടെ. ത്യാഗസമ്പന്നന്മാരായ നേതാക്കളോടൊപ്പം നമ്മുടെ സാഹിത്യലോകവും പ്രവർത്തിക്കട്ടെ. അതല്ലാതെ സ്വർഗ്ഗരാജ്യം വരേണമേ എന്നു പ്രാർത്ഥിക്കുന്നതുകൊണ്ടു യാതൊരു ഫലവുമില്ല.

കുഷ്ഠരോഗികൾ ഭയപ്പെടേണ്ട

തീരാവ്യാധിയെന്നു തീർച്ചപ്പെടുത്തിവരുന്ന എത്ര പഴകിയ കുഷ്ഠരോഗവും രക്തദുഷ്യംമൂലമുള്ള സർവവിധ ത്വക്‌രോഗങ്ങളും ക്ലിപ്തകാലാവധിക്കകം പൂർണ്ണമായും ചികിത്സിച്ചു സുഖപ്പെടുത്തുന്നതാണു്. കൂടുതൽവിവരങ്ങൾക്കു സ്റ്റാമ്പുസഹിതം എഴുതിച്ചോദിക്കുക.

പി. കെ. നാണുവൈദ്യൻ

എസ്. എൻ. വി. ആയുർവേദഫാർമസി, ചങ്ങനാശ്ശേരി.

വനസ്മരണകൾ

(കെ. സി.)

സാഹിത്യരസികനും സഹൃദയശിരോമണിയുമായ മി: കെ. പി. ശങ്കരമേനോൻ വനസ്മരണകളെ വൎണ്ണിച്ചു് "പ്രഭാത"ത്തിൽ എഴുതിയിരുന്ന ലേഖനം ഞാൻ ഇയ്യിടെയാണു് വായിച്ചതു്. എന്റെ എഴുത്തിനോടു എങ്ങിനേയോ ഒരു പ്രഥമപ്രണയം അദ്ദേഹത്തിനുണ്ടായിപ്പോയി എന്നല്ലാതെ മറ്റൊന്നും പറയുവാൻ തോന്നുന്നില്ലാ. ഞാൻ വനസ്മരണകൾ എഴുതിത്തുടങ്ങിയ പ്രാരംഭഘട്ടത്തിൽ ഇന്നത്തെ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു എന്നെ ഉള്ളഴിഞ്ഞനുഗ്രഹിക്കുകയുണ്ടായി. ആ അനുഗ്രഹം വ്യൎത്ഥമായിട്ടില്ലെന്നാണു് മി: മേനോന്റെ അഭിപ്രായമെങ്കിൽ അതിൽപരം ഒരു ബഹുമതി എനിക്കു വേറെ ലഭിക്കേണ്ടതായിട്ടില്ലാ.

വിദേശപൎയ്യടനത്തിനായി നമ്മുടെ നാട്ടിൽവന്നു് ജീവാൎപ്പണംചെയ്ത റവ: ഓസ്മാസ്റ്റൺഎന്ന ആംഗ്ലേയവൈദികന്റെ ശോകാത്മകമായ അന്ത്യചരിതം ഞാൻ നിങ്ങളോടു പറഞ്ഞു. മറ്റൊരു ആംഗ്ലേയസാഹസികനായ മി: ഡാസന്റെ കഥയാണു് ഈ ലക്കത്തിൽ പ്രതിപാദിക്കാനുദ്ദേശിക്കുന്നതു്. പത്തിരുപത്തുകൊല്ലങ്ങൾക്കുമുമ്പു് പാലക്കാട്ടുള്ള ചേന്നാട്ടു നായർവനങ്ങളിൽനിന്നും യന്ത്രസഹായത്തോടുകൂടി തടികൾ വെട്ടിമുറിച്ചു് നീക്കംചെയ്തിരുന്ന കാലത്തു് ആവക ജോലികളുടെ മേലന്വേഷണം വഹിച്ചിരുന്ന ഫാറസ്റ്റ്എൻജനീയർ ആയിരുന്നു മി: ഡാസൺ. സൎവ്വകലാശാലാബിരുദം നേടിയതിനുശേഷം മോരും മുതിരയുംപോലെ പൊരുത്തമില്ലാത്ത ജീവിതായോധനമാൎഗ്ഗങ്ങൾ മാറിമാറി അവലംബിച്ചു് പരാജയം വരിക്കുന്ന സ്വഭാവക്കാരനായിരുന്നില്ല അദ്ദേഹം. വാസനയ്ക്കനുരൂപമായ പഠിപ്പു്, പഠിപ്പിനനുകൂലമായ പ്രവൃത്തി ഇതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. വനാന്തരത്തിലെ പ്രകൃതിസുന്ദരമായ കാഴ്ചകൾ കണ്ടാനന്ദിക്കുവാനുള്ള മോഹവും ജന്മസിദ്ധമായ്കേരിച്ച ശാസ്ത്രാന്വേഷണതൃഷ്ണയും ആയിരുന്നു മി: ഡാസനെ വനംഡിപ്പാൎട്ടുമെന്റിൽ പ്രവേശിപ്പിക്കുവാൻ പ്രേരിപ്പിച്ച പ്രധാന ഹേതുക്കൾ.

ഈ അവസരത്തിൽ ചേന്നാട്ടു നായർ വനങ്ങളെ സംബന്ധിച്ചു് രണ്ടുവാക്കു പറയുന്നതു് അസംഗതമായി വരികയില്ലല്ലോ. മലബാറിൽ പണ്ടു് ചേന്നാട്ടു എന്നു പേരോടുകൂടിയ ഒരു പ്രബലനായർപ്രഭുകുടുംബം ഉണ്ടായിരുന്നു. ആ കുടുംബം അന്യംനിന്നു് അവകാശികൾ ആരുമില്ലാതവശേഷിച്ചപ്പോൾ അതിലെ സകല സ്വത്തുക്കളും നിയമപ്രകാരം ബ്രിട്ടീഷുഗവൎമ്മെന്റിൽ ലയിച്ചു. അക്കൂട്ടത്തിൽ വന്നുചേൎന്ന വനവിഭാഗങ്ങൾആണു് ഇന്നും പാലക്കാട്ടു ഡിസ്ത്രിക്കിൽ "ചേന്നാട്ടുനായർവനം" എന്നറിയപ്പെടുന്നതു്. ഇത്തരം എത്രഎത്ര പ്രഭുകുടുംബങ്ങൾ ലയിച്ചുചേൎന്നതാണു് ഇന്നത്തെ ബ്രിട്ടീഷ് സാമ്രാജ്യമെന്നാരറിഞ്ഞു?

ഒലവക്കോട്ടറെയിൽവേ ജംഗ്ഷനിൽനിന്നും ഏകദേശം ഏട്ടുമൈൽ അകലെ ആയി "ഡോണി" എന്നൊരു പ്രദേശമുണ്ടു്. അവിടംമുതലാണു് റിസർവ്വവനങ്ങൾ ആരംഭിക്കുന്നതു്. ഒലവക്കോട്ടുനിന്നും ഡോണിവരെയുള്ള പബ്ലിക്കുനിരത്തു് ഇന്നത്തെപ്പോലെ അന്നും കാർപ്പോകത്തക്കവിധം ഉറപ്പും, വീതിയും ഉള്ള ഒന്നായിരുന്നു. ഡോണിൽനിന്നും ഒരുവണ്ടിപ്പാത വനത്തിനുള്ളിൽക്കൂടി സാപ്പ എന്ന മലനാട്ടിലേയ്ക്കു പോകുന്നുണ്ടു്. തടികൾ അടിക്കുവാൻ ഉപയോഗപ്പെടുത്തിയിരുന്ന പോത്തുവണ്ടികളുടെ ഗതാഗതസൌകര്യത്തെ ഉദ്ദേശിച്ചായിരുന്നു പ്രസ്തുത വണ്ടിപ്പാത നിർമ്മിക്കപ്പെട്ടിരുന്നതെങ്കിലും അതിനെ വണ്ടിയുടേയും പോത്തിന്റെയും ആയുസ്സ് പരീക്ഷിപ്പാനുള്ള ഒരു പരിശോധനസ്ഥലമായിട്ടുകൂടി ജനങ്ങൾ ഉപയോഗപ്പെടുത്തിയിരുന്നു. വനത്തിനകത്തുകൂടിയുള്ള വണ്ടിപ്പാതകളുടെ നില ഇന്നും വ്യത്യസ്ഥമല്ല. കുണ്ടും കുഴിയുമായി വളഞ്ഞൊടിഞ്ഞുകിടന്നിരുന്ന ആ വണ്ടിത്തടത്തിൽക്കൂടിയുള്ള മി: ഡാസന്റെ മോട്ടോർസൈക്കിൾസഞ്ചാരം അക്കാലത്തു് ആരെയും അത്ഭുതപ്പെടുത്തിയിരുന്നു. അതു് അദ്ദേഹത്തിന്റെ ധീരകൃത്യങ്ങളിൽ ഒന്നായി പരിഗണിക്കപ്പെട്ടു. ചേന്നാട്ടു നായർവനം മിക്കവാറും പച്ചക്കാടുകൾ ആണു്. നാംകു്, കോംകു തുടങ്ങിയ ആകാശചുംബികളായ വൻതരുക്കളുടെ തികവു്, കടുവ, കരടി, കാട്ടാന മുതലായ വന്യമൃഗങ്ങളുടെ മദം കഴുകൻ കരിഞ്ചാത്തി മുതലായ ക്ഷുദ്രജന്തുക്കളുടെ ജീവലാംസ എന്നുവേണ്ട മരണഭയം വളർത്തുന്ന അന്തരിക്ഷസൃഷ്ടി ചേന്നാട്ടു നായർവനത്തിന്റെ ഒരു പ്രത്യേകത ആയിരുന്നു. സമുദ്രനിരപ്പിൽനിന്നും ൨൦൦൦-അടി ഉയരമുള്ള ആ "പച്ചക്കാട്ടു" (even green forest) വനത്തിന്റെ എല്ലാഭാഗങ്ങളും കണ്ടുപിടിച്ചു ഭൂപടത്തിൽ വരുത്തുവാൻ സവ്വെ ഇൻഡ്യാപാർട്ടിക്കുപോലും സാദ്ധ്യമായിരുന്നില്ല. ഇവിടെയുള്ള "ലാസ്റ്റ്‌വാലി" (Lost valley) എന്നസ്ഥലം ഒററ മലയായിട്ടാണു് സവ്വെ ഇൻഡ്യാപടത്തിൽ കാണിച്ചിരിക്കുന്നതു്. അന്നു് ആ സ്ഥലം മനുഷ്യപ്രാപ്യമായിരുന്നില്ല. ഇന്നാകട്ടെ ജനങ്ങൾക്കു ധൈര്യവും, പർവ്വതാരോഹണപ്രതിപത്തിയും വർദ്ധിച്ചുവന്നതോടുകൂടി "ലാസ്റ്റ്‌വാലി" ഒററമല അല്ലെന്നും ഒരേ പൊക്കത്തിൽഉള്ള രണ്ടുമലകൾക്കൂടിച്ചേന്നതാണെന്നും രണ്ടിനുംമദ്ധ്യേ നോക്കെത്താത്ത താഴ്ചയിൽ ഒരു അത്ഭുതതടാകം ഉണ്ടെന്നും കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു. വിശേഷപ്പെട്ട ഈ ഭൂവിഭാഗത്തിന്റെ പ്രകൃതിവിലാസം കണ്ടാനന്ദിക്കയല്ലാതെ എഴുതി രസിപ്പിക്കുവാനസാദ്ധ്യം. ഇത്തരം കണ്ടുപിടിക്കപ്പെടാത്ത അത്ഭുതസ്ഥലങ്ങൾ ഇന്നും നമ്മുടെ വനങ്ങളിൽ നമുക്കു അപ്രാപ്യമായി അവശേഷിക്കുന്നുണ്ടു്. അതുകൾഒക്കെ കണ്ടുപിടിക്കാനൊരു മോഹം നമുക്കുണ്ടാവുന്നതിനു് ഇനിയും എത്രലോകമഹായുദ്ധങ്ങൾക്കൂടി കഴിയേണ്ടതായിട്ടുണ്ടെന്നു് ആക്കറിയാം?

അതങ്ങിനെ നിൽക്കട്ടെ, നമുക്കു മി. ഡാസന്റെകഥ തുടരാം. ഒരുദിവസം രാവിലെ ഒരശുഭമുഹൂർത്തത്തിൽ മി: ഡാസൻ തന്റെ മോട്ടോർസൈക്കിളിൽ സാപ്പ എന്ന സ്ഥലത്തേയ്ക്കു തിരിച്ചു. ഉച്ചഭക്ഷണത്തിനുള്ള വിഭവങ്ങൾക്കൂടി ഒരു പെട്ടിയിലാക്കി അദ്ദേഹം സൈക്കിളിൽ കൊണ്ടുപോയിരുന്നു. വഴിമദ്ധ്യേ അദ്ദേഹത്തിന്റെ സൈക്കിൾ ഒരു പാമ്പിൻകുഞ്ഞിന്റെ പുറത്തുകയറി അതിന്റെ പ്രാണ

ഹാനിവരുത്തി. വായുവേഗതയുള്ള വാഹനങ്ങളിൽ സഞ്ചരിക്കുന്ന വലിയ ആളുകൾക്ക് അതൊരു അസാധാരണ സംഭവമല്ലല്ലോ. മി: ഡാസൺ പരിശോധിക്കേണ്ട സ്ഥലങ്ങളും, ജോലികളും പരിശോധിച്ചതിനുശേഷം ഉച്ചയോടുകൂടി സാപ്പ്യയിലുള്ള ഒരു ഗാർഡ്സ്റ്റേഷനിൽ കയറി ആഹാരം കഴിച്ചു വിശ്രമിച്ചു. വയ്യുന്നേരം ൪-മണിയോടുകൂടി തിരിച്ചുള്ള യാത്രതുടന്നു. മോട്ടാർസൈക്കിൾ ഇരപ്പിച്ചുകൊണ്ടു് ഒരു കൊടുംവളവു കഴിഞ്ഞുള്ള കയററം കയറിയപ്പോൾ പാതയ്ക്കു കുറുകെ ഒരു വലിയ മൂർഖൻ മാർഗ്ഗതടസ്സംവരുത്തിക്കൊണ്ടു കിടക്കുന്നതായി കണ്ടു. മി: ഡാസൺ സ്വല്പംആലോചിച്ചു. സൈക്കിളിൽനിന്നും ഇറങ്ങുന്നതു് കൂടുതൽ ആപൽക്കരമാണെന്നുതോന്നി. ആ വിപന്നം അതിനകം അവന്റെ തല ഉയർത്തിപ്പിടിച്ചുകഴിഞ്ഞു. നിഷ്ക്കണ്ടകനായ ഒരു കരിഞ്ചാത്തിയെയാണു് മി: ഡാസൺ അപ്പോൾ സമീപിച്ചുകഴിഞ്ഞതു്. ഉപലിംഗത്തോടുകൂടിയ അവന്റെ ഉപലക്ഷണരഹസ്യം ഗ്രഹിച്ച മി: ഡാസൺ വരുന്നതു വരട്ടെ എന്നുറച്ചുകൊണ്ടു സൈക്കിൾ അതിവേഗം കരിഞ്ചാത്തിയുടെ പുറത്തുകൂടിതന്നെ വിട്ടു. അവൻ പ്രതിയോഗിയുടെ തുടയിൽ ഒരു കടി ഏല്പിച്ചതും സൈക്കിൾചക്രത്തിൽ കുടുങ്ങി രണ്ടുമൂന്നുകഷണങ്ങളായി പരിച്ഛേദിക്കപ്പെട്ടതും ഒരേനിമിഷത്തിൽ കഴിഞ്ഞുകൂടി. പെട്ടെന്നു മി: ഡാസൺ സൈക്കിൾനിർത്തി താഴെ ഇറങ്ങി പാക്കററിൽനിന്നും പേനക്കത്തിഎടുത്തു തന്റെ തുടയിൽ കടിയേററഭാഗം തണ്ണീർമത്തയുടെ മോടു ചുഴന്നെടുക്കുന്നതുപോലെ തുരന്നെടുത്തു. കയ്യിലുണ്ടായിരുന്ന തീപ്പെട്ടിയുടെ കോലുകളിൽ ഒന്നുരണ്ടെണ്ണം ഒഴിച്ചു് ശേഷമുള്ളവ ആ മാംസദ്വാരത്തിൽഇട്ടു തീകൊളുത്തി. അതുംപോരെന്നു തോന്നി കൈലേസെടുത്തു വലിച്ചുകീറി പെട്രോളിൽമുക്കി കോളുവായിൽ തിരുകിക്കയററി അതും കത്തിച്ചു. അതിനുശേഷം പെട്ടിതുറന്നു ഒരു നാഫ്കിൻ (ആഹാരസമയം കയ്യും മുഖവും തുടയ്ക്കാനുള്ള ഒരുതരം തോർത്തു്) എടുത്തു കരിഞ്ഞ തുടയ്ക്കുമുകളിൽ ബലമായി ഒരു കെട്ടുകെട്ടി. ഇത്രയുംകഴിഞ്ഞു് അദ്ദേഹം ചുററുപാടും കണ്ണുകൾഓടിച്ചപ്പോൾ ദുർവ്വിപാകത്തിനടിമപ്പെട്ട ആ കാക്കോടകൻ മൂന്നുകഷണങ്ങളായി കിടന്നു പിടയ്ക്കുന്നുണ്ടായിരുന്നു. അകാരണമായി തന്റെ പുത്രനെ ഹനിച്ചവനോടു പകരംവീട്ടിയ കരിഞ്ചാത്തിയുടെ പ്രവൃത്തി നീതീകരിക്കപ്പെടാവുന്നതേഉള്ളൂ. കരിഞ്ചാത്തിയുടെ മാംസപിണ്ഡങ്ങൾ ഒരു കമ്പിൽകോർത്തെടുത്തു പെട്ടിക്കുള്ളിലാക്കി അതുമായി മി. ഡാസൻ വീണ്ടും സൈക്കിൾയാത്രതുടന്നു. അന്നു സന്ധ്യയോടുകൂടി അദ്ദേഹം ഒലവക്കോട്ടു സാമില്ലിൽ (തടിഅറുപ്പുശാല) ചെന്നുചേർന്നു. അവിടെ ഉണ്ടായിരുന്ന തന്റെ കീഴുദ്യോഗസ്ഥന്മാരായ അസിസ്റ്റൻറു് ഇൻജിനീയരേയും റെയിഞ്ചരേയും വിവരങ്ങൾ ഗ്രഹിപ്പിച്ചു. മി. ഡാസൻ തന്നെയാണു് അവരോടു സംസാരിക്കുന്നതെന്നു് അവർക്കു നിശ്ചയംവന്നിരുന്നതിനാൽ അദ്ദേഹത്തെ കടിച്ചതു കരിഞ്ചാത്തി ആയിരുന്നിരിക്കയില്ലെന്നു അവർ തീരുമാനിച്ചു. മി. ഡാസനു് അപ്പോഴേക്കും സ്വല്പം ക്ഷീണവും മാന്ദ്യവും ബാധിച്ചതായി കണ്ടതിനാൽ അവർ എല്ലാവരുമായി ഒരു കാറിൽ ചിററൂരിലുള്ള പ്രസിദ്ധ വിഷഹാരിനമ്പൂതിരിയുടെ ഇല്ലത്തേക്കു പുറപ്പെട്ടു. സൈക്കിളിൽനിന്നും അഴിച്ചെടുത്ത പെട്ടിയും മി. ഡാസന്റെ നിർദ്ദേശപ്രകാരം കാ

റിൽക്കൂടെ കൊണ്ടുപോയി. നമ്പൂതിരി മി: ഡാസൻെറ തുടയിലെ കെട്ടഴിച്ചു സൂക്ഷ്മ പരിശോധനനടത്തി. അവിടെ മുഴക്കെ വെന്തുകരിഞ്ഞു കരിവാളിച്ചിരുന്നു. അപ്പോൾ മി: ഡാസനു ചെറിയ ഒരുമോഹാലസ്യം ബാധിച്ചു എങ്കിലും അദ്ദേഹത്തിൻെറ ശരീരത്തിൽ അശേഷം വിഷംകലന്നിട്ടില്ലെന്നു വിഷഹാരി അഭിപ്രായപ്പെട്ടു. ചില പ്രഥമശുശ്രൂഷകൾക്കു ശേഷം മി: ഡാസൻെറ തളച്ച്യയ്ക്കും ക്ഷീണത്തിനും അല്പം ഭേദമുണ്ടായി. കടിച്ചതു കരിഞ്ചൊാത്തിയാണോ അല്ലയോ എന്നുള്ള വാദം വീണ്ടും തുടന്നു. ആയിരുന്നു എന്നു മി: ഡാസൻ ഉദ്ഗാഢമായ വിശ്വാസത്തോടുകൂടി ഉദീരണംചെയ്തു. എന്നിട്ടും വിഷഹാരിക്കും മററും അശേഷം വിശ്വാസംവന്നില്ല. അവസാനം മി: ഡാസൻ പെട്ടിതുറപ്പിച്ച് അതിലുണ്ടായിരുന്ന കരിഞ്ചൊാത്തിയുടെ മൃതശരീരക്കഷണങ്ങൾ വെളിയിൽ എടുപ്പിച്ചു. എട്ടരഅടി നീളം പത്തിഞ്ചു ചുററുവണ്ണമുണ്ടായിരുന്ന ആ മാംസപിണ്ഡങ്ങൾ കരിഞ്ചൊാത്തിയുടേതുതന്നെ ആയിരുന്നു. ഭയവും അത്ഭുതവുംകൊണ്ട് എല്ലാവരും അല്പനേരം മൂകരായിരുന്നുപോയി. വിധിബലം കൊണ്ടുമാത്രമാണു മി: ഡാസൺ രക്ഷപ്പെട്ടതെന്നു വിഷഹാരി സമത്ഥിച്ചു. കരിഞ്ചൊാത്തിയുടെ വിഷജ്വാലപരത്തുന്ന ഉച്ഛ്വാസം ഏററാൽപോലും പ്രാണികൾക്കു മരണംസംഭവിക്കുന്നതാണ്. ആനിലയ്ക്ക് അതിൻെറ ദംശനം ഏററിട്ടുപോലും മി: ഡാസൻരക്ഷപ്രാപിച്ചതു വിധിബലമല്ലെന്ന് ആക്കുപറയാം? എങ്കിലും കരിഞ്ചൊാത്തിയെ കണ്ടനിമിഷംമുതൽ അദ്ദേഹം അനുവത്തിച്ച ബുദ്ധിപ്രയോഗങ്ങളും ധീരപ്രവൃത്തികളുമാണ് അദ്ദേഹത്തിൻെറ ആയുസ്സിനെ രക്ഷിച്ചതെന്നുള്ള പരമാത്ഥം വിഗണിക്കാവുന്നതോ വിസ്മരിക്കാവുന്നതോ അല്ല. മേലുദ്ധരിച്ചിരിക്കുന്ന രണ്ടുവിധവിചാരഗതികളേയും വായനക്കാരുടെ മുമ്പിൽ ആവിഷ്കരിച്ചുകൊണ്ട് അവരുടെ നിഷ്പ്പാനിരൂപണത്തിനായി മി: ഡാസൻെറ ദുഃഖപയ്യവസായിത്വയ അനന്തരജീവിതസംഭവത്തെ അടുത്തലക്കത്തിൽ ഞാൻ അറിയിച്ചുകൊള്ളാം.

ദി ക്രൌൺ ബേക്കറി,

ലക്ഷ്മിനട, കൊല്ലം.

(ബ്രാഞ്ച്—ക്ലാക്ക് ടൗവ്വർ ജംഗ്ഷൻ)

എല്ലാത്തരം കേക്കുകൾ, റൊട്ടികൾ, ബിസ്കററുകൾ, ഫാൻസി സ്വീററുകൾ, ശീതളപാനീയങ്ങൾ, സിറപ്പുകൾ, ഐസ്ക്രീൻ ഇവ എപ്പോഴും തയ്യാർ. ഏററവും പഴക്കവും പൊതുജനസമ്മതവും സിദ്ധിച്ചിട്ടുള്ളതും, നിങ്ങളുടെ ഏവരുടേയും സഹകരണത്താൽ അഭിവൃദ്ധിപ്പെട്ടുവരുന്നതുമായ ഏക സ്ഥാപനം. ടീ പാർട്ടികൾ പരിഷ്കൃതമായരീതിയിൽ ഉത്തരവാദിത്വത്തോടുകൂടി നടത്തിക്കൊടുക്കുന്നതാണ്. പരീക്ഷണാർത്ഥം ഞങ്ങളുടെ സ്ററാളുകൾ സന്ദർശിച്ചു സംതൃപ്തരാകുവിൻ!

പ്രൊപ്രൈററർ പി. കെ. രാഘവൻ.

ഏഴനേററാലും

(ഈ. ഏ. കാർളോസ്)

(നരനായിങ്ങനെ)

ഏഴനേററാലുമെൻ ഹൃദയമാനന്ദ-
പ്പുഴയിൽ മുക്കുംവാർ കുഴലാളേ!
കനകരശ്മികൾ വിതറി വാനിൽ വ-
ന്നഭയമായ് പ്രിയേ, ദിനകരൻ
പികസംഗീതത്തിൽ പുളകമാന്നാ
വനകല്ലോലിനിയൊഴുകുന്നു.
മുകുളജാലം നിൻകവിളിലേ മുത്തു-
മണികൾ ചൂടിനിന്നുലയുന്നു.
കരയുന്നു കാകൻ, പികസംഗീതത്തിൻ-
തിരയിളക്കത്തിൽ തരമെന്യേ.
ഇരുളിൻ ഖണ്ഡങ്ങൾ ഗുഹതൻഗർഭത്തിൽ
തെരുതെരെപ്പോയി മറയുന്നു.
ഇടിയും മിന്നലുമൊട്ടുവിൽഹർഷത്തിൻ
നെടുമഴയ്ക്കുള്ള മുറവിളി
കരിമുകിലിനെ തഴുകിനില്ക്കുന്നു
മഴവില്ലോമനേ, മുകിൽവേണീ;
കലുഷമാക്കായ്ക്ക കവിതാലാസ്യങ്ങ-
ളൊളിവിൽനില്ക്കും തുമിഴികളെ.
വിളറിമാറുമീച്ചപലതാരകൾ;
കിളികളക്കഥ മൊഴിയുന്നു.
മുഴുമതിപോലും ചിരിമതിയാക്കി
യൊഴിയുംവാനിടം, കടൽച്ചൊൽവൂ.
കലുഷമാക്കായ്ക്ക കവിതാലാസ്യങ്ങ-
ളൊളിവിൽനില്ക്കും തുമിഴികളെ.
ഏഴനേററാലുമെൻ ഹൃദയമാനന്ദ-
പ്പുഴയിൽമുക്കുംവാർ കുഴലാളേ!

ചന്ദ്രോദയം

വ്രണമേഹം, പ്രമേഹം, അസ്ഥിസ്രാവം, രക്തസ്രാവം, മൂത്രാതിസാരം, ശുക്ലമേഹം, ശുക്ലസ്രാവം, ശുക്ലക്ഷയം, ധാതുക്ഷയം, ശരീരശോഷം, തലച്ചുററൽ, വയററുകത്തൽ, വിളർച്ച മുതലായ വസ്തിദോഷങ്ങളെ നിശ്ശേഷം ഇല്ലായ്മചെയ്തു ആയുസ്സിനു ദൈർഘ്യവും ശരീരത്തിനു ആരോഗ്യവും ജീവിതത്തിനു നവമായ ഉന്മേഷവും പ്രദാനം ചെയ്യുന്നതിനു ഏററവും ഫലവത്തായ ഒരു ആയുർവേദൗഷധം.

റാത്തൽ ൧—കക ത്ര—൫.

പി. കെ. എൻ. വൈദ്യൻ

ശ്രീചിത്രാ ആയുർവേദഫാർമസി, ആശ്രാമം—കൊല്ലം.

യുദ്ധവും ഇന്ത്യയും

സ്ത്രീകളുടെ ആക്സിലിയറികോറിൻെറ പുതിയ മാസിക.

സ്ത്രീകളുടെ ആക്സിലിയറികോറിൻെറ ഔദ്യോഗികമാസികയുടെ ആദ്യലക്കം ഈ മാസത്തിൽ പുറപ്പെടുന്നു. കോറിൻെറ വൎദ്ധിച്ചുവരുന്ന പ്രാധാന്യത്തെ ശക്തിപ്പെടുത്തുകയാണു ഈ പ്രസിദ്ധീകരണം. ഈ സംഘടനയുടെ ഡയറക്ടറായ കാർലൈൽ പ്രഭ്വിയുടെ ഒരു പ്രത്യേക ആമുഖസന്ദേശം മാസികയിലുണ്ടു്. ഇപ്പോഴത്തെ യുദ്ധത്തിൽ കോറിൻെറ പ്രവൎത്തനം, യുദ്ധാരംഭകാലത്തു കോറിലെ ഓരോ അംഗത്തിനും ഇന്ത്യൻകാൎയ്യങ്ങളിൽ നിർവഹിക്കാവുന്നപങ്കു് ഇവയാണു് സന്ദേശത്തിലെ പ്രധാനവിഷയങ്ങൾ. യുദ്ധസേവനശാഖകൾ മൂന്നും കോറിൻെറ പ്രവൎത്തനത്തെ അഭിനന്ദിച്ചിട്ടുണ്ടെന്നും ഒരു യുദ്ധകാലാവശ്യംമാത്രമല്ല കോർ സാധിക്കുന്നതെന്നും ഭാവിഭാരതത്തിൽ കോറിൻെറ പ്രവൎത്തനത്തിനാണു താൻ പ്രാധാന്യംകാണുന്നതെന്നും പ്രഭ്വി സന്ദേശത്തിൽ പ്രസ്താവിച്ചിരിക്കുന്നു. കോറിലെ അംഗങ്ങൾക്കു ലഭിച്ചിരിക്കുന്ന പരിശീലനവും പരിചയവും, യുദ്ധാനന്തരം ഇന്ത്യയുടെ സേവനത്തിനായി അവർ വിനിയോഗിക്കുമെന്നു ഡയറക്ടർ പ്രതീക്ഷിക്കുന്നു.

ഈ മാസികയ്ക്കു ഇരുപതു പുറമുണ്ടു്. കവർ വിചിത്രമായിരിക്കുന്നു ഗദ്യമായ ഒരു പ്രസിദ്ധീകരണം. ആദ്യലക്കത്തിൽ ചെറുകഥകളും വിജ്ഞാനപ്രദങ്ങളായ ലേഖനങ്ങളും, കുടുംബഭരണം മുതലായ വിഷയങ്ങളെ സംബന്ധിച്ചുള്ള കുറിപ്പുകളും കാണാം.

ഗൂൎക്കാ വി. സി. ഓ.

"അതു എൻെറ ജീവിതത്തിലെ ഏററവും സൗഭാഗ്യകരമായ നിമിഷമായിരുന്നു." പത്താമത്തു ഗൂൎക്കാറൈഫിൾസിലെ സുബേദാർ മഹഷർലംബായും അദ്ദേഹത്തിൻെറ പ്ലാററൂണംകൂടി യുവിനു വടക്കുപടിഞ്ഞാറുവച്ചു നടത്തിയ സംഘട്ടനത്തിൽ രണ്ടു ആഫീസർമാരും ഏതാനും എൻ സി ഓ മാരും ഉൾപ്പെടെ 30 ജാപ്പുകളെ കൊന്നൊടുക്കുകയുണ്ടായി. ജാപ്പുകൾ തെക്കോട്ടു പിൻതിരിയുന്നതിനെ തടയുവാനുള്ള ഉദ്യമമായിരുന്നു ഇതു്. ഒരു പാലത്തിനു സമീപം മറഞ്ഞുനിന്നുകൊണ്ടാണു ഇതു സാധിച്ചതു്. കുറെ നേരത്തേക്കു ആരേയും കാണുകയുണ്ടായില്ല. സന്ധ്യയോടുകൂടിപാലത്തിൻെറ അങ്ങേത്തലയ്ക്കു 3 ജാപ്പുകൾ പ്രത്യക്ഷമായി. പക്ഷെ അവരെ വെടിവച്ചില്ല. ഈ മൂന്നുപേരെ ഉദ്ദേശിച്ചു എന്തെങ്കിലും ചെയ്തു ഉദ്ദേശം അപകടത്തിലാക്കരുതെന്നു് അദ്ദേഹം നിശ്ചയിച്ചു. അല്പം കൂടി കഴിഞ്ഞപ്പോൾ രണ്ടു ആഫീസറന്മാരുടെ നേതൃത്വത്തിൽ ഒരു ജാപ്പ്സംഘംവന്നെത്തി. "അതു എൻെറ ജീവിതത്തിലെ ഏററവും സൗഭാഗ്യകരമായ നിമിഷമായിരുന്നു" എന്നു ഗൂൎക്കാ വി സി ഓ പ്രസ്താവിച്ചു. തെല്ലിട കഴിഞ്ഞശേഷം സുബേദാർവെടിവച്ചു. അദ്ദേഹത്തിൻെറ സഹചരന്മാർ, തോക്കുകളും തീക്കുടുക്കകളുമായി ശത്രുക്കളെ പിന്തുടൎന്നു ജാപ്പുകളിൽ 3-ൽ ഒരംശത്തിലധികം പേർ ചത്തുവീണു. ബാക്കിയുള്ളവർ നാനാവശത്തേയ്ക്കും ഓടി.

പുസ്തകാഭിപ്രായം

പ്രഭാതകിരണം

കർത്താവു് പെരുന്ന കെ. എൻ. നായർ
എസ്സ്. ആർ. പ്രസ്സ് തിരുവനന്തപുരം.
വില 8 ണ.

പലപ്പോഴായി പല പത്രങ്ങളിലായി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പന്ത്രണ്ടു ഖണ്ഡകവിതകൾ പ്രഭാതകിരണത്തിലുണ്ടു്. സഹൃദയലോകത്തിനു് സുപരിചിതനാണു് ഗ്രന്ഥകർത്താവു്. യുവാവായ കവി, തൻെറ ഹൃദയത്തിൽ വികസിച്ച കുസുമങ്ങളെ നൈസർഗ്ഗികമായ വർണ്ണങ്ങളിൽ ചിത്രീകരിച്ചിരിക്കുന്നതു ഇതിൽ കാണാം. സരളതയും ലളിതഭാവും ഇതിലെ പ്രത്യേകതയാണു്. കവിയുടെ ആശയങ്ങൾ ഒരു നിഴലിൻെറ വ്യത്യാസവുംകൂടാതെതന്നെ വായനക്കാരനു് വ്യക്തമാകുന്നതാണു്. എന്നാൽ നിരാശയുടെ ഒരു നിശ്വാസം, ലോകത്തിലെല്ലാററിനോടും ഒരു പരിഭവം, പരിതഃസ്ഥിതികളിൽ ഒരതൃപ്തി എന്നിവയാണു് ഈ കവിതകളിൽ കൂടുതൽ പ്രതിബിംബിക്കുന്നതു്. ഇന്നത്തെക്കവികൾ വളരെ വളരെ വായിക്കയും പഠിക്കയും മനസ്സിലാക്കുകയും ചിന്തിക്കയും കുറേക്കൂടി അറിഞ്ഞുകൊണ്ടു് സ്വപ്നലോകത്തിൽ വിഹരിക്കയുംവേണം. എന്നാൽ തങ്ങൾ ജീവിക്കുന്നതു ഭൂമിയിലെ ഉണങ്ങിയ മണ്ണിലാണെന്നു മറക്കയും അരുതു്. അപ്രാപ്യമെന്നു കരുതുന്നവ മനുഷ്യൻെറ കഴിവുകൾ വിയപ്പിച്ചാൽ ക്ഷിപ്രലബ്ധമായിത്തീരുമെന്നു് കവി ഓർത്തിരുന്നാൽകൊള്ളാം.

ഇതിലെ ചിലഖണ്ഡകവിതകൾ, ഇന്നത്തെ ആംഗലേയകവിതകളെ അതിശയിക്കുന്നുണ്ടു് എന്നു് യാതൊരു സന്ദേഹവും കൂടാതെ പറയാവുന്നതാണു്.

ഇതിൽ മി: എൻ. കൃഷ്ണപിള്ള എം. ഏ. യുടെ അതിസരസമായ ഒരു അവതാരികയുണ്ടു്. എം. പി.

ഒരു തിരുത്തു്

കഴിഞ്ഞലക്കത്തിൽ മഹാകവി പള്ളത്തു എഴുതിയിരുന്ന ചില പ്രയോഗങ്ങളിലെ പ്രമാദങ്ങൾഎന്ന ലേഖനത്തിൽ ആധ്യക്ഷം എന്നല്ലാതെ അധ്യക്ഷം എന്നു എഴുതുന്നതു് അരോചകമാണു് എന്നു തെററായി അച്ചടിച്ചു പോയിട്ടുണ്ടു്. ആധ്യക്ഷ്യം എന്നാണു് വേണ്ടതു്. സ. പ.

The Service Economy
and Satisfaction

Insist on

"Bhupathi" Black lead Pencils, Colour Pencils, Copying Pencils, Colour Art Crayons & Colour Chalks,

Apply to:—

**The Bhupathi Pencil Factory,
QUILON,**

സൺ ബ്രാൻഡ്
ഷാർക്ക് ലിവർ ഓയിൽ

വിററാമിൻ ലേശവും നശിക്കാതെ ഏററവും നിഷ്കർഷയോടെ ഓയിൽ എടുത്തു ശാസ്ത്രീയമായി ശുദ്ധീകരിക്കപ്പെട്ടതു്. ഒരിക്കൽ വാങ്ങി ഉപയോഗിച്ചുനോക്കുന്നവർക്കു് ഞങ്ങളുടെ "ഷാർക്ക് ലിവർ ഓയിലി"ന്റെ സർവ്വോത്തരമായ മേന്മ അനുഭവപ്പെടുന്നതാണു്.

പാപ്പുലർ ഇൻഡസ്ട്രീസ്, കൊല്ലം.

License No. 101. Dated 9—8—1926.

THE SAHODARI.

(A POPULAR MONTHLY JOURNAL.)

അമരപീയൂഷം

(The Best Nervine Tonic.)

സ്ഥിരമായ ആരോഗ്യത്തെയും ആയുർദൈർഘ്യത്തെയും ആഗ്രഹിക്കുന്നവർ ഞങ്ങളുടെ അമരപീയൂഷം വാങ്ങി സേവിക്കുക. അകാല ജരാനരകളുടെയും ജനനേന്ദ്രിയസംബന്ധമായ സകലവിധ കേടുപാടുകളേയും പോക്കി, ശരീരത്തിന് നവീനമായ തേജസ്സും, ഓജസ്സും പ്രദാനംചെയ്തു് ഐഹികപാരത്രികസുഖങ്ങളെ അനുഭവിപ്പിച്ചു് മനുഷ്യനെ യഥാർത്ഥ മനുഷ്യനാക്കിത്തീർക്കുന്ന ദിവ്യൗഷധം.

അമരപീയൂഷം 24 ഔ. കുപ്പി 1-ക്കു വില 3 രൂ 8 ണ.

N. B. ഇവിടെ രോഗികളെ നേരിട്ടു പരിശോധിച്ചു് ഔഷധം നിശ്ചയിച്ചു കൊടുക്കുന്നതു കൂടാതെ, സകലവിധ ആയുർവേദ ഔഷധങ്ങളും മിതമായ വിലയ്ക്കു കൊടുക്കപ്പെടും. അഗതികളായ രോഗികളെ ധർമ്മമായി ചികിത്സിക്കുന്നതാണു്. കൂടുതൽ വിവരം അറിയണമെന്നുള്ളവർ രണ്ടണാ സ്റ്റാമ്പുസഹിതം മലയാളത്തിലോ, ഇംഗ്ലീഷിലോ, തമിഴിലോ ഉള്ള ക്യാററ്ലാഗിനു് ആവശ്യപ്പെടുക.

മാനേജിംഗ് പ്രൊപ്രൈറ്റർ,

എം. പി. കൃഷ്ണൻവൈദ്യർ,

ശ്രീകൃഷ്ണവിലാസം ആയുർവേദ ഫാർമസി &

ഗ്രാൻറ് ഇൻ എയിഡ് വൈദ്യശാല,

കൊല്ലം.

ബ്രാഞ്ച്:—പുത്തൻചന്ത,
തിരുവനന്തപുരം.

Printed and published by P. R. Narayanan at the Sri Rama Vlias Press, Quilon.